

# നമ്പ്യാർ പിന്നെയും മുന്നിൽ നില്ക്കുന്നു



പി. ശ്രീധരൻ

കേരള പ്രസ് അക്കാദമി

# നമ്പ്യാർ പിന്നെയും
# മുമ്പിൽ നില്ക്കുന്നു

# നമ്പ്യാർ പിന്നെയും മുമ്പിൽ നില്ക്കുന്നു

പി. ശ്രീധരൻ

കേരള പ്രസ്സ് അക്കാദമി
കൊച്ചി 682 030

# Nambiar Pinneyum Munpil Nilkkunnu

Malayalam

**Biography of V. Karunakaran Nambiar**
**by P. Sreedharan**

First Published : February 1999

Cover : P.V. Krishnan

Type set and Printed at Kerala State Audio-Visual And Reprographic Centre, Ernakulam. Phone : 392340

© Author

Published by the Kerala Press Academy
Kakkanadu, Kochi-682 030

Price : Rs.60/-

# സമർപ്പണം

മൂത്ത സഹോദരിയെപ്പോലെ ഞാൻ
സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന
ശ്രീമതി സുഭദ്രാമ്മ കരുണാകരൻ നമ്പ്യാർക്ക്

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | |
| | മുഖവുര | |
| | പ്രസ്താവന | |
| അദ്ധ്യായം 1 | ഒരു യാത്രയുടെ അന്ത്യം | 1 |
| അദ്ധ്യായം 2 | പത്രലോകത്തിലേക്ക് | 5 |
| അദ്ധ്യായം 3 | മുഖപ്രസംഗങ്ങൾ | 19 |
| അദ്ധ്യായം 4 | വാഗർത്ഥവിസ്മയം | 31 |
| അദ്ധ്യായം 5 | ഫലിതമുദ്രകൾ | 43 |
| അദ്ധ്യായം 6 | സാഹിത്യ അക്കാദമിയിൽ | 49 |
| അദ്ധ്യായം 7 | എഴുത്തുകാരൻ, വിമർശകൻ | 55 |
| അദ്ധ്യായം 8 | പരിഷത്തും നമ്പ്യാരും | 65 |
| അദ്ധ്യായം 9 | രണ്ട് സ്മാരകങ്ങൾ | 69 |
| | അനുബന്ധം | 73 |



ഡി. [illegible]

(1924 - 1981)

[illegible]

1 [illegible] 26 [illegible]

[illegible] 27 [illegible]

# പ്രസ്താവന

ഈ പുസ്തകം അച്ചടിച്ചിറങ്ങുന്നതിനു മുമ്പേ ഞാൻ കേരള പ്രസ് അക്കാദമിയിൽ നിന്നു വിരമിക്കുന്നു. ആറുവർഷക്കാലം അക്കാദമിയുടെ ചെയർമാനായും അതിനു മുമ്പ് നാലുവർഷം ഡയറക്ടറായും സേവനമനുഷ്ഠിച്ച എനിക്ക് ഏറെ ചാരിതാർത്ഥ്യം നൽകുന്ന സംഗതികളിലൊന്ന് പത്രപ്രവർത്തനത്തെ കുറിച്ചും പ്രഗത്ഭരായ പത്രപ്രവർത്തകരെ കുറിച്ചും ഏതാനും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു എന്നതാണ്. ആ പരമ്പരയിലെ ഏറ്റവും അവസാനത്തെ ഗ്രന്ഥമാണ് പി. ശ്രീധരൻ എഴുതിയ വി. കരുണാകരൻ നമ്പ്യാരുടെ ജീവചരിത്രം.

സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടേയും എ. കെ പിള്ളയുടേയും ജീവചരിത്രങ്ങൾ – സമരസാഹസ കഥകൾ – അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ രണ്ടുപേരും കഴിഞ്ഞനൂറ്റാണ്ടിൽ ജനിക്കുകയും ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ അപകടകരമായി ജീവിക്കുകയും വരുന്ന തലമുറക്കു ആ ധീരതയുടെ അഗ്നിപകർന്നു നൽകുകയും ചെയ്തവരാണ്. അതുകൊണ്ടുതന്നെ മലയാള പത്രപ്രവർത്തനത്തിലെ എക്കാലത്തേയും ലെജൻറുകളാണ് അവർ. അവരുടെതുപോലുള്ള ജീവിതമോ അനുഭവമോ കരുണാകരൻ നമ്പ്യാർക്കു അവകാശപ്പെടാനില്ല.

നമ്പ്യാർ പത്രപ്രവർത്തനത്തിന്റെ ഹരിശ്രീ കുറിക്കുന്നതു സ്വാതന്ത്ര്യപ്രാപ്തിക്കു തൊട്ടുമുമ്പാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലെത്തി പത്രപ്രവർത്തനം തൊഴിലും ദൗത്യവുമായി സ്വീകരിച്ച നമ്പ്യാർ കക്ഷിരാഷ്ട്രീയത്തിനുപരി പത്രപ്രവർത്തനത്തെ പ്രതിഷ്ഠിച്ച വ്യക്തിയാണ്. അഗാധമായ പാണ്ഡിത്യവും അനുഭവസമ്പത്തും വാഗ്ധോരണിയും ഭാഷയിലെ പ്രയോഗ ചാതുരിയും നമ്പ്യാരെ എല്ലാവർക്കും ആദരണീയനായ പത്രപ്രവർത്തകനാക്കി മാറ്റി.

കേരള പ്രസ് അക്കാദമിക്കു കരുണാകരൻ നമ്പ്യാരുമായി പ്രത്യേകമായൊരു മമതാബന്ധത്തിനു കാരണമുണ്ട്. അക്കാദമി പത്രപ്രവർത്തകർക്കായി നൽകിവരുന്ന പുരസ്കാരങ്ങളിൽ ആദ്യത്തേത് കരുണാകരൻ നമ്പ്യാരുടെ പേരിലുള്ളതാണ്. എക്സ്പ്രസ്സിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകർ സമാഹരിച്ചു നൽകിയ പണത്തിന്റെ പലിശകൊണ്ടാണതു നൽകിവരുന്നത്.

അവതാരികയിൽ വി.ടി. ഇന്ദുചൂഡൻ സൂചിപ്പിച്ച പോലെ ഇത് കരുണാകരൻ നമ്പ്യാരുടെ ജീവിതചരിത്രമല്ല. പത്രപ്രവർത്തകനും എഴുത്തുകാരനും വാഗ്മിയുമായ കരുണാകരൻ നമ്പ്യാരെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരനായ പി. ശ്രീധരൻ ചെയ്യുന്നത്. ഒന്നര പതിറ്റാണ്ടിലേറെ കരുണാകരൻ നമ്പ്യാരുടെ സഹപ്രവർത്തകനായിരുന്ന ശ്രീധരൻ എന്റെയും സുഹൃത്താണ്, സഹപ്രവർത്തകനായിരുന്നു.

ജീവചരിത്രമെന്ന നിലയിൽ ഈ ഗ്രന്ഥത്തിനു പോരായ്മകളുണ്ടാകുമെങ്കിലും നമ്പ്യാരിലെ പത്രപ്രവർത്തകന്റെയും വാഗ്മിയുടെയും സഹൃദയന്റെയും മിഴിവുറ്റ ചിത്രം ഈ ഗ്രന്ഥത്തിലുണ്ടെന്നാണ് എന്റെ വിശ്വാസം.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികളെടുത്ത അക്കാദമി സെക്രട്ടറി വേണുവിനോടും ഇതിന്റെ പ്രൂഫ് വായിച്ച അക്കാദമിയിലെ തന്നെ ഉണ്ണികൃഷ്ണനോടും അക്കാദമിയുടെ കടപ്പാട് രേഖപ്പെടുത്തുന്നു.

28-1-'99

**വി.പി.രാമചന്ദ്രൻ**
**ചെയർമാൻ**

# അവതാരിക

എനിക്ക് എൺപതു വയസ്സായി. ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും പഴയ തലമുതിർന്ന ഒരു പത്രപ്രവർത്തകൻ എന്നനിലയിലും കരുണാകരൻ നമ്പ്യാരെയും അതിലധികം ഗ്രന്ഥകർത്താവായ ശ്രീധരനെയും അടുത്തു പരിചയമുള്ള ആൾ എന്നനിലയിലുമാവാം എന്നോട് ഈ പുസ്തകം അവതരിപ്പിക്കാൻ പറഞ്ഞത്. 1943 ൽ 23 -ാം വയസ്സിൽ ഞാൻ ദേശാഭിമാനിയുടെ ഉപപത്രാധിപരായി ചേർന്നു. 1946 ൽ മുഖ്യപത്രാധിപരായി. 1964 ൽ ആണ് ഞാൻ ഈ സ്ഥാനം രാജിവെച്ചത്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്നകാലത്ത് പത്രപ്രവർത്തനം കാലിലും കയ്യിലും ചങ്ങലകെട്ടിജീവിക്കുന്ന ഒരുപ്രക്രിയയായിരുന്നു. പത്രങ്ങളെ നിയന്ത്രിക്കുന്ന അന്നത്തെ നിയമങ്ങളെ പത്രമാരണ നിയമം എന്നാണ് വിളിച്ചിരുന്നത്. പത്രം തുടങ്ങാൻ ലൈസൻസു വേണം. ലൈസൻസ് അനുവദിക്കുന്നത് പോലീസിന്റെ അന്വേഷണം കഴിഞ്ഞ് അവരുടെ ശുപാർശ പ്രകാരമായിരുന്നു. ചിലപ്പോൾ തുടക്കത്തിൽ തന്നെ വലിയ ജാമ്യ സംഖ്യകെട്ടി വെയ്ക്കാൻ പറയും. ഭരണകർത്താക്കൾക്ക് ഇഷ്ടമല്ലാത്തകാര്യങ്ങൾ എഴുതിയാൽ പിന്നേയും ജാമ്യസംഖ്യ കെട്ടിവെയ്ക്കാൻ പറയും. ചിലപ്പോൾ പത്രാധിപരെയും ഉപപത്രാധിപന്മാരെയും അറസ്റ്റു ചെയ്യും. നിസ്സാരമായ കാര്യങ്ങൾക്ക് പത്രം നിരോധിക്കാനും ബ്രിട്ടീഷ് ഗവൺമെൻറ് മടിച്ചിരുന്നില്ല.

സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഭരണഘടന നടപ്പിൽ വന്നപ്പോൾ താത്വികമായി പത്രസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടുവെങ്കിലും പ്രയോഗത്തിൽ പത്രങ്ങൾ അനുഭവിച്ചിരുന്ന അസ്വാതന്ത്ര്യം തുടരുകയാണ് ചെയ്തത് എന്ന് കരുണാകരൻ നമ്പ്യാർ അദ്ദേഹത്തിന്റെ "ചിന്തകൾ സ്പന്ദനങ്ങൾ" എന്ന പുസ്തകത്തിൽ എഴുതിയിട്ടുള്ള ''നാലാമത്തെ സ്തംഭം'' എന്ന ലേഖനത്തിൽ പറഞ്ഞിട്ടുള്ളത് വളരെ ശരിയാണ്. ഫലപ്രദമായി മറ്റാർക്കും വെല്ലുവിളിക്കാൻ കഴിയാതെ ഒരു രാഷ്ട്രീയ പാർട്ടി - ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്-അധികാരം കുത്തകയാക്കി വെച്ചിരുന്ന ഒരു കാലഘട്ടത്തിൽ ഭരണഘടനയിലെ സ്വാതന്ത്ര്യങ്ങൾ പലതും നാമമാത്രമായി അവശേഷിക്കുകയാണ് ചെയ്തത്. കരുണാകരൻ നമ്പ്യാർ പല കടിഞ്ഞാണുകളെപ്പറ്റിയും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇന്ത്യയിൽ പത്രക്കടലാസ് ഇറക്കുമതി ചെയ്യണം. അതിന്, ഇന്ത്യാ ഗവണ്മെൻറാണ് ഇറക്കുമതി

[illegible]

ലൈസൻസ് തരേണ്ടത്. ഭരിക്കുന്ന കക്ഷിയുടെ അപ്രീതി സമ്പാദിച്ചാൽ പിലപ്പോൾ അച്ചടിക്കാനുള്ള കടലാസ് കിട്ടിയെന്നു വരില്ല. ചിലപ്പോൾ വൈകികിട്ടിയെന്നു വരാം. വാർത്താവിതരണം ഈ കാലഘട്ടത്തിൽ മുഖ്യമായും പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയാണ് നടത്തിയിരുന്നത്. ഇന്ത്യാ ഗവണ്മെൻറ് സാമ്പത്തികമായി സഹായിക്കുന്ന ഒരു ഏജൻസിയായതിനാൽ ഇവർ ഭരണകക്ഷിയുടെ താളത്തിനൊത്തു തുള്ളിയാൽ അദ്ഭുതപ്പെടേണ്ടതില്ലല്ലോ. പത്രങ്ങൾ തന്നെ നടക്കണമെന്നുണ്ടെങ്കിൽ പരസ്യങ്ങൾ കിട്ടണം. ഇവയിൽ ഗണ്യമായ ഓഹരി തരേണ്ടത് സർക്കാരാണ്. ഇപ്രകാരം പരോക്ഷമായി പത്രങ്ങളെ കടിഞ്ഞാൺ അണിയിച്ച് നിയന്ത്രിക്കുന്ന ഘടകങ്ങളെപ്പറ്റിയെല്ലാം കരുണാകരൻ നമ്പ്യാർ ചൂണ്ടിക്കാണിക്കുന്നു.

രണ്ടു പ്രാവശ്യം ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ പ്രത്യക്ഷമായിത്തന്നെ പത്രങ്ങളുടെ മേൽ പല കർശനമായ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. 1962ൽ ഇന്ത്യാ -ചൈന യുദ്ധകാലത്താണ് ആദ്യത്തെ അടിയന്തരാവസ്ഥ. യുദ്ധസംബന്ധമായ കാര്യങ്ങളെപ്പറ്റി വിതമായ വിമർശനങ്ങൾ അടങ്ങിയ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയതിന് ഒന്നിൽച്ചിലാനം കൊല്ലം, പത്രാധിപരായ എന്നെ തടവിലിൽ വെയ്ക്കുകയുണ്ടായി. സെൻസർഷിപ്പും അന്നുണ്ടായിരുന്നു. രണ്ടാമത്തെ അടിയന്തരാവസ്ഥ 1975 ജൂൺ 25ന് പ്രഖ്യാപിച്ചപ്പോൾ പത്രങ്ങൾക്ക് ഭീകരമായ ഒരു അന്തരീക്ഷത്തിലാണ് ജീവിക്കേണ്ടിവന്നത്.

കരുണാകരൻ നമ്പ്യാരും അദ്ദേഹത്തിന്റെ തലമുറയിലെ പലരും പത്രപ്രവർത്തകന്മാരായിരുന്നു എന്നു പറയുമ്പോൾ വായനക്കാർ അത് ഒരു തരം തൊഴിൽ എന്ന നിലയിൽ കാണരുതേ എന്ന് അപേക്ഷിക്കാനാണ് ഞാൻ മേൽപ്പറഞ്ഞ പശ്ചാത്തലം എഴുതി ചേർത്തത്. ആ കാലത്ത് പത്രക്കാരനായാൽ ഒരു മനുഷ്യന് എന്തും സംഭവിക്കാം. ചിലപ്പോൾ വൈകുന്നേരം വീട്ടിൽ തിരിച്ചെത്തിയെന്നു വരില്ല. ഭരണ യന്ത്രത്തിന്റെയും ഭരണകക്ഷിയുടേയും ചങ്ങലകൾക്കു പുറമേ നിക്ഷിപ്ത താല്പര്യക്കാരുടെ ചങ്ങലകൾ ആക്രമങ്ങൾ വേറെയും നേരിടേണ്ടതുണ്ട്. ഒരു കൊലക്കേസ് റിപ്പോർട്ട് ചെയ്യുമ്പോൾ കുറ്റം ചെയ്തവൻ പ്രബലനാണെങ്കിൽ നിങ്ങളെ പലതരത്തിലും ഉപദ്രവിക്കാൻ അയാൾക്ക് കഴിയും. അങ്ങനെയുള്ള സംഭവങ്ങൾ ധാരാളമായി ഉണ്ടായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ജുഡീഷ്യറിപോലും ഒരു തരം അടിമത്തം അനുഭവിച്ചിരുന്നതായി കരുണാകരൻ നമ്പ്യാർ എഴുതിയിട്ടുള്ളത് സത്യമാണ്. സർക്കാർ ഭാഗത്തുനിന്ന് എന്തു കേസു

[illegible]

കൊണ്ടു വന്നാലും പ്രതിഭാഗത്തിന്റെ ന്യായങ്ങൾ നിരത്താതെ വിധി പറയുന്ന ഒരു സമ്പ്രദായം ഇന്ത്യയിലെ കോടതികളിൽ കാൽനൂറ്റാണ്ടു മുമ്പു വരെ ഉണ്ടായിരുന്നു. ഇതിനെയെല്ലാം അഭിമുഖീകരിച്ചുകൊണ്ട് പത്രപ്രവർത്തനം നടത്തിയിരുന്നത് സാമ്പത്തികമായ എന്തെങ്കിലും നേട്ടത്തിനായിരുന്നു എന്നു പറയാൻ വയ്യ. ആ കാലത്ത് പത്രപ്രവർത്തകർക്ക് വേജ് ബോർഡ് പ്രകാരമുള്ള ശമ്പളമോ ജീവിക്കാൻ പോലുമുള്ള ശമ്പളമോ കിട്ടിയിരുന്നില്ല.

കരുണാകരൻ നമ്പ്യാർ അമ്പതുകളുടെ ആദ്യത്തിൽ കോഴിക്കോട്ട് - 'പൗരശക്തിയിൽ' പ്രവർത്തിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ ഞാൻ അറിയും. പക്ഷെ അടുത്തു പരിചയപ്പെട്ടത് തൃശൂർ എക്സ്പ്രസ്സിൽ വന്നതിനു ശേഷമാണ്. കൂടുതൽ അടുത്തു പരിചയപ്പെട്ടത് ഞാൻ കലാമണ്ഡലം സെക്രട്ടറിയായിരിക്കുമ്പോൾ അദ്ദേഹം ഭരണസമിതി അംഗമായിരുന്ന കാലത്താണ്. മനുഷ്യന്റെ ആകൃതിയും പ്രകൃതിയും തമ്മിൽ വ്യത്യാസമുണ്ടെന്ന് അദ്ദേഹത്തെ പരിചയപ്പെട്ടതിനുശേഷമാണ് എനിക്കു മനസ്സിലായത്. കുടവയറും ധിക്കാരസൂചകമായ മുഖഭാവവും ഞെളിഞ്ഞുള്ള ആ നടത്തവും കണ്ടപ്പോൾ ഞാനാദ്യം വിചാരിച്ചത് ആൾ ഒരു ഭീകരനാണെന്നാണ്- പ്രസംഗശൈലി കണ്ടപ്പോൾ എനിക്ക് കൂടുതൽ ഭയം തോന്നി. കയ്യും കലാശവും കാണിച്ച് മണിക്കൂറിൽ ഇരുനൂറു കിലോമീറ്റർ വേഗമുള്ള പ്രസംഗത്തിൽ സെമികോളനോ കോമയോ ഒന്നുമില്ല. തുടങ്ങി അവസാനിക്കുന്നതുവരെ ഒരേ ഒഴുക്കാണ്. വാക്കുകളുടെ ഈ പ്രവാഹം എവിടെനിന്നു വരുന്നു എന്ന് ഞാൻ പലപ്പോഴും അദ്ഭുതപ്പെട്ടിട്ടുണ്ട്.

ഒരു കോൺഗ്രസ് സോഷ്യലിസ്റ്റ് ആയിട്ടായിരുന്നു നമ്പ്യാർ പൊതുരംഗത്ത് പ്രവേശിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ബുദ്ധിയും ഭാവനയും രാഷ്ട്രീയരംഗത്തോ പത്രപ്രവർത്തനരംഗത്തോ മാത്രം ഒതുങ്ങിനിന്നില്ല. കലാസാഹിത്യരംഗങ്ങളിലും അദ്ദേഹം പ്രവേശിക്കുകയുണ്ടായി. ഉത്തമനായ ഒരു ഗവേഷണ വിദ്യാർത്ഥിയുടെ ചൈതന്യത്തോടുകൂടി നമ്പ്യാർ ഈ രംഗത്തുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്തു എന്നത് അദ്ഭുതം തന്നെ.

'കോട്ടയത്തു തമ്പുരാൻ ഒരു ഭിന്നാഭിപ്രായക്കുറിപ്പ്' എന്ന അദ്ദേഹത്തിന്റെ ഉപന്യാസം ഈ ഗവേഷണ സാമർത്ഥ്യത്തെ സൂചിപ്പിക്കുന്നു. ആട്ടക്കഥകൾ എഴുതിയ കോട്ടയത്തുതമ്പുരാനും ബ്രിട്ടീഷുകാരോട് പടപൊരുതിയ സാക്ഷാൽ പഴശ്ശിരാജാവും ഒരേ ആളാണോ എന്ന പ്രശ്ന

ത്തെപ്പറ്റിയുള്ളതാണ് ഈ ഉപന്യാസം. ഒരു ഗവേഷണ പ്രബന്ധം എഴുതുമ്പോൾ പ്രസ്തുത വിഷയത്തെപ്പറ്റി മുൻകാലത്തെഴുതിയ പണ്ഡിതന്മാരുടെ കൃതികൾ ഏറെക്കുറെ വായിച്ചിരിക്കണം. അത്ഭുതം എന്നുപറയട്ടെ, മേൽപറഞ്ഞ പ്രബന്ധത്തിൽ ഇതു സംബന്ധിച്ചുള്ള എല്ലാ സാഹിത്യങ്ങളും അദ്ദേഹം ഉദ്ധരിച്ചിട്ടുള്ളതായികാണാം.

കരുണാകരൻ നമ്പ്യാരുടെ ഈ ലഘു ജീവചരിത്രം എഴുതിയ ശ്രീധരൻ പ്രസ്തുത ഗ്രന്ഥം എഴുതാൻ അർഹനായ വ്യക്തിയാണ്. നമ്പ്യാരുടെ കൂടെ നീണ്ടപതിനാറുവർഷം ശ്രീധരൻ പ്രവർത്തിച്ചിട്ടുണ്ട്. വെറും പത്രപ്രവർത്തനരംഗത്തുമാത്രമല്ല, നമ്പ്യാർ പ്രവേശിച്ച മിക്ക രംഗങ്ങളിലും എത്തിനോക്കുകയെങ്കിലും ചെയ്തിട്ടുള്ള ആളാണ് ശ്രീധരൻ. ശ്രീധരന്റെ ശൈലി ഒരുപ്രത്യേകതരം ശൈലിയാണ്. എക്സ്പ്രസ് പത്രംതന്നെ ഒരു പ്രത്യേകശൈലിവളർത്തി കൊണ്ടുവന്നിട്ടുണ്ട്. ദേശാഭിമാനി പത്രാധിപസമിതിയുടെ ചെയർമാൻ ഇ. എം. എസ്സായിരുന്നു. സമിതിയുടെ ഒരുയോഗത്തിൽ ഇ.എം.എസ്. എക്സ്പ്രസ് പത്രത്തിന്റെ തലക്കെട്ടുകളുടെ സവിശേഷതയെപറ്റി അക്കാലത്ത് വാഴ്ത്തിപറഞ്ഞത് ഞാനോർക്കുന്നു. സാമാന്യക്കാർക്ക് മനസ്സിലാവുന്നതരത്തിൽ ചെറിയ നാടൻ പ്രയോഗങ്ങൾ ആണ് എക്സ്പ്രസ്സിന്റെ തലക്കെട്ടുകൾ. നമുക്ക് ഈ ശൈലി എന്തുകൊണ്ട് സ്വീകരിച്ചുകൂടാ എന്നദ്ദേഹം ചോദിച്ചത് ഞാനോർക്കുന്നു. ഈ ശൈലി ശ്രീധരന്റെ പുസ്തകത്തിലും സ്വീകരിച്ചിട്ടുള്ളത് ആകർഷണീയമാണ്. അവസാനത്തെ സംഭവം തൊട്ട് ആരംഭിക്കുന്ന ശൈലീവിശേഷം. പുസ്തകത്തിലെ ഒരധ്യായം മുഴുവനും നമ്പ്യാരുടെ ഫലിതങ്ങൾ കൊണ്ട് നിറച്ചിരിക്കുന്നു. ഇതിൽ പലതും വായിച്ച് ഞാൻ പൊട്ടിച്ചിരിച്ചു. ഈ പുസ്തകത്തെ ഒരു ജീവചരിത്രം എന്ന് വിശേഷിപ്പിക്കാമോ? ഉത്തമനായുള്ള ഒരു വ്യക്തിയെപ്പറ്റിയുള്ള പഠനമാണ് ഈ ഗ്രന്ഥം എന്നുപറയുകയായിരിക്കും ഉചിതം.

വള്ളത്തോൾ ഹൗസ്
ചെറുതുരുത്തി — വി.ടി.ഇന്ദുചൂഡൻ
17 ജനുവരി 1999

# മുഖവുര

ഇതു കരുണാകരൻ നമ്പ്യാരുടെ ലഘു ജീവചരിത്രം. സ്മര്യ പുരുഷന്റെ ബാല്യകൗമാര യൗവനങ്ങളിലൂടെ കടന്ന് കർമ്മ മണ്ഡലത്തിൽ പ്രവേശിച്ച് ജീവിതത്തിനു യവനിക വീഴുന്നതുവരെയുള്ള വിവരണമായിട്ടല്ല എഴുത്തിന്റെ രീതി. അങ്ങനെയൊരുരീതി അവലംബിക്കാതിരിക്കാൻ കാരണം എന്റെ കഥാകഥനസാമർത്ഥ്യക്കുറവുതന്നെ.

എങ്കിലും ഇതു വായിച്ചുകഴിയുമ്പോൾ മലയാള പത്രപ്രവർത്തന - സാഹിത്യ-സാംസ്ക്കാരിക മണ്ഡലത്തിൽ നിറഞ്ഞുനിന്നിരുന്ന കരുണാകരൻ നമ്പ്യാരെ കുറിച്ചൊരു ഏകദേശ ചിത്രം വായനക്കാർക്ക് കിട്ടുമെന്നാണ് എന്റെ വിശ്വാസം. ഞാൻ അവതരിപ്പിച്ചതിലും കൂടുതൽ ദീപ്തമായ നമ്പ്യാരുടെ ചിത്രം മനസ്സിൽ സൂക്ഷിക്കുന്ന അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും കേരളത്തിലേറെയുണ്ട്. എന്റെ കൈക്കുറ്റപ്പാടുകൾ അവർ പൊറുക്കുമാറാകണം എന്നപേക്ഷ.

ഞാൻ നേരിട്ടും, മറ്റുള്ളവർ വഴിയും അറിയാൻ കഴിഞ്ഞ കരുണാകരൻ നമ്പ്യാരാണ് ഇതിലുള്ളത്. ഒന്നര പന്തീരാണ്ടുകാലത്തെ അതിഗാഢമായ ബന്ധം ഞങ്ങൾ തമ്മിലുണ്ടായിരുന്നു. എലിയറ്റിന്റെ ഭാഷയിൽ പറഞ്ഞാൽ "നക്ഷത്രങ്ങളേക്കാൾ വിദൂരവും നയനങ്ങളേക്കാൾ സമീപസ്ഥവു" മായിരുന്നു ആ ബന്ധം. ആ ബന്ധമാണ് പ്രസ് അക്കാദമി കനിഞ്ഞു നൽകിയ ഈ ദൗത്യം ഏറ്റെടുക്കാൻ എനിക്കു ധൈര്യം തന്നത്. എന്നെ ഈ ചുമതല ഏല്പിച്ച അക്കാദമി ചെയർമാൻ വി. പി രാമചന്ദ്രനോടുള്ള കൃതജ്ഞത വാക്കുകളിൽ ഒതുങ്ങുന്നതല്ല. അതുകൊണ്ട് ഒരക്ഷരം മിണ്ടുന്നില്ല.

ഈ ഗ്രന്ഥരചനയിൽ നേരിട്ടും പരോക്ഷമായും എന്നെ സഹായിച്ചവർ നിരവധിയാണ്. എന്റെയും കരുണാകരൻ നമ്പ്യാരുടെയും സുഹൃത്തുക്കളായ ഡോ: സുകുമാർ അഴീക്കോട്, പി.ഗോവിന്ദപിള്ള, പവനൻ, എ.ആർ.ജോൺ, എം.ആർ. നായർ, എം.പി. വീരേന്ദ്രകുമാർ, ടി.വി.അച്യുത വാരിയർ, ഡോ. കെ.കെ. രാഹുലൻ, പുതൂർ ഉണ്ണികൃഷ്ണൻ, ഒ.പി. ജോസഫ്, ഒ.വി.ദാമോദരൻ, വി.എ.എ. അസീസ്, ഐ.എം. വേലായുധൻ മാസ്റ്റർ, പി.എൻ. വിജയകുമാർ തുടങ്ങിയവർ അവരിൽ ചിലർ

മാത്രമാണ്. അവരോടൊന്നും നന്ദി പറഞ്ഞുകൂടാ. നമ്പ്യാരുടെ മൂത്തമകനും കഥാകൃത്തും പത്രപ്രവർത്തകനുമാണ് കെ. രഘുനാഥൻ. ഒരുപാടു സമയം രഘു എനിക്കു വേണ്ടി ചെലവഴിച്ചിട്ടുണ്ട്. വിലപ്പെട്ട രേഖകൾ തന്നിട്ടുണ്ട്. അതിനൊക്കെ നന്ദി പറഞ്ഞാൽ രഘുവും സമ്മതിക്കില്ല. ഇതിന്റെ കയ്യെഴുത്തുപ്രതി വായിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത എന്റെ ആത്മസുഹൃത്തുക്കളായ എൻ.എൻ. സത്യവ്രതൻ, കെ.എം. റോയി,പി. രാജൻ എന്നിവരോട് നന്ദി പറഞ്ഞാൽ "പോടോ തന്റെയൊരു നന്ദി " എന്നേ അവർ പറയൂ.

പുസ്തകത്തിന്റെ അവതാരിക എഴുതിയിട്ടുള്ളത് വി.ടി. ഇന്ദുചൂഡനാണ്. കേരളത്തിന്റെ രാഷ്ട്രീയ-സാഹിത്യ-സാംസ്കാരിക-പത്രപ്രവർത്തന രംഗത്ത് അഞ്ചുവ്യാഴവട്ടം പുലർന്ന അദ്ദേഹം എന്റെ ആചാര്യനോ സുഹൃത്തോ അല്ല. അതിനപ്പുറമുള്ള ആരോ ആണ്. അദ്ദേഹത്തിനു നന്ദി പറഞ്ഞാൽ "വേണ്ട കുട്ടീ, അതൊന്നും എന്നോടു വേണ്ടാ" എന്നേ അദ്ദേഹവും പറയൂ. എനിക്കു വേണ്ടത്ര പരിചയമില്ലാത്തൊരാളാണ് പ്രസ് അക്കാദമി സെക്രട്ടറി വേണു. ഊർജ്ജസ്വലനായ ആ ചെറുപ്പക്കാരന്റെ നിരന്തരമായ നിർബ്ബന്ധവും പ്രേരണയും ഇല്ലായിരുന്നെങ്കിൽ ഈ പുസ്തകം ഇപ്പോൾ തയ്യാറാകുമായിരുന്നില്ല. അതിനൊരു നന്ദി പറഞ്ഞാൽ വേണു മുഖം തിരിക്കുമെന്ന് എനിക്കറിയാം. എങ്കിലും എല്ലാവർക്കും കൂടിയൊരു കൂട്ടനന്ദി.

"പത്മശ്രീ"
കാട്ടൂർ-680 702

പി. ശ്രീധരൻ

# അദ്ധ്യായം ഒന്ന്

## ഒരുയാത്രയുടെ അന്ത്യം

എവിടെ നിന്നു തുടങ്ങണം? ഒരു നിശ്ചയവും ഇല്ല. അതു കൊണ്ട് തുടക്കം ഇങ്ങനെയാകട്ടെ, ഇവിടെ നിന്ന്, ഒടുക്കത്തിൽ നിന്ന്. 1981 ഫെബ്രുവരി 12. അന്നൊരു വ്യാഴാഴ്ചയായിരുന്നു. തൃശൂർ പാട്ടുരായ്ക്കലുള്ള കാർത്ത്യായനി നഴ്സിങ്ങ് ഹോമിൽ മൂന്നുരാപ്പകലുകളും ഉറക്കമിളച്ച് കാത്തുനിന്നിരുന്ന എണ്ണമറ്റ സുഹൃത്തുക്കളേയും ആരാധകരേയും സഹപ്രവർത്തകരേയും കുടുംബാംഗങ്ങളേയും കണ്ണീരിലാഴ്ത്തിക്കൊണ്ട് വി. കരുണാകരൻ നമ്പ്യാർ അന്ത്യശ്വാസം വലിച്ചു. സമയം ഉച്ചകഴിഞ്ഞ് ഒന്നരമണി. ശരിക്കുമതു മധ്യാഹ്നത്തിനു തൊട്ടുശേഷമുള്ള അസ്തമയമായിരുന്നു. കാൽനൂറ്റാണ്ടിലേറെക്കാലം കേരളത്തിന്റെ പൊതുജീവിതത്തിലും പത്രപ്രവർത്തന സാഹിത്യമണ്ഡലങ്ങളിലും നിറഞ്ഞു നിന്ന എന്ന വിശേഷണത്തിന്റെ പുഷ്പഹാരങ്ങളൊന്നും ഈ മഹാപ്രതിഭയെ വാഴ്ത്താൻ മതിയാകുന്നതല്ല. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് വിളിപ്പെട്ട തൃശൂരിനെ തൽക്ഷണവും തൊട്ടുപിന്നീട് കേരളത്തെ മുഴുവനും നടുക്കിയൊരു തിരോധാനമായിരുന്നു അത്. ഫെബ്രുവരി ഒമ്പതാം തീയതി ഏറെക്കുറെ ഇതേസമയത്ത് ഹൃദ്രോഗബാധയെത്തുടർന്ന് നഴ്സിങ്ങ് ഹോമിൽ പ്രവേശിപ്പിച്ചത് തൃശൂരിനു പുറത്ത് ആരും കാര്യമായി അറിഞ്ഞിരുന്നില്ല. അതൊരു വാർത്തയായിരുന്നുമില്ല. മൃതദേഹം വഹിച്ച ആംബുലൻസ് തിരുവമ്പാടി ക്ഷേത്രത്തിനു മുൻവശമുള്ള എക്സ്പ്രസ്സ് ഓഫീസിലെത്തുമ്പോഴും വലിയൊരു ജനക്കൂട്ടം

അവിടെ കാത്തുനിന്നിരുന്നു. ഓഫീസിനു മുകളിലും പരിസരത്തുള്ള കടകളിലും കറുത്ത കൊടികളുയർന്നു. എന്തു ചെയ്യണമെന്നറിയാതെ അമ്പരന്ന് അവശരായ സ്റ്റാഫംഗങ്ങൾ. നാളെ പത്രമിറക്കണ്ടേ? ദുഃഖത്തിനും അമ്പരപ്പിനുമിടയിൽ ഓരോരുത്തരുടെയും മനസ്സിലുയർന്നത് ഈ ചോദ്യമാണ്. ഒരു പത്രപ്രവർത്തകന് സ്വകാര്യദുഃഖങ്ങൾ പങ്കുവയ്ക്കാനോ അതിൽ ആമഗ്നനായി കണ്ണീരൊഴുക്കാനോ പരിമിതികളുണ്ടെന്ന് മനസ്സിലാക്കിയൊരു ദിവസവും മുഹൂർത്തവുമാണത്. അന്നു വാർത്തകളുടെ ദിവസമായിരുന്നു. കേരളവ്യാപകമായി നടക്കാനിരുന്ന അധ്യാപക സർവ്വീസ് സംഘടനകളുടെ പണിമുടക്ക് മാറ്റി വെച്ചിരിക്കുന്നു. ജനതാ പാർട്ടിക്കു പുതിയ അദ്ധ്യക്ഷനുണ്ടാകുന്നു. അങ്ങനെയങ്ങനെ പലതും. വാർത്തകൾ ശേഖരിക്കേണ്ടവർ അതു ചെയ്തു. കമ്പോസിറ്റർമാർ അവരുടെ പണി നോക്കി. എല്ലാം ഒരു വക "ചെയ്ത്താ"യിരുന്നു. ഒന്നു രണ്ടു പേരുടെ പണി ടെലിഫോൺ അറ്റൻറ് ചെയ്യൽ മാത്രമായി മാറി. മൂന്നു മണിയായപ്പോഴേയ്ക്കും തൃശൂരിലും പ്രാന്തപ്രദേശങ്ങളിലും നമ്പ്യാരുടെ വിയോഗവാർത്ത പരന്നു. എക്സ്പ്രസ്സ് ഓഫീസിലേക്കു ജനപ്രവാഹമായിരുന്നു. ആദ്യമെത്തിയവരിൽ തൃശൂർ രൂപതാ ബിഷപ്പ് ഡോ: ജോസഫ് കുണ്ടുകുളവും വി.എം. സുധീരനുമുണ്ടായിരുന്നു. സൈക്കിൾ ചവിട്ടിയാണ് മഹാകവി വൈലോപ്പിള്ളി ആപ്പീസിലെത്തിയത്. അനുശോചന സന്ദേശവും എഴുതി കൊണ്ടായിരുന്നു വരവ്. കാവ്യാത്മകമായ ആ സന്ദേശത്തിൽ മഹാകവി കുറിച്ചിട്ടു: "കരുത്തനായ കരുണാകരൻ നമ്പ്യാർ ഇത്രവേഗം വിട്ടുപോകുമെന്ന് സ്വപ്നേപി വിചാരിച്ചിരുന്നതല്ല. സാമൂഹ്യ നീതിക്കുവേണ്ടി മുഖം നോക്കാതെ ഊർജസ്വലനായി പ്രസംഗിക്കുന്നതിലും എഴുതുന്നതിലും പ്രവർത്തിക്കുന്നതിലും മുന്നണിപ്പോരാളിയായിരുന്നു നമ്പ്യാർ. നമ്പ്യാരുടെ വ്യക്തിത്വത്തിന്റെ മുദ്രയായിരുന്നു അദ്ദേഹം പത്രാധിപത്യം വഹിച്ച എക്സ്പ്രസ് പത്രത്തിന്റെയും മുഖമുദ്ര. അത് എത്ര വിശിഷ്ടവും വിശാലവുമായിരുന്നു എന്ന് അദ്ദേഹവും ഈ പത്രവുമായി സമ്പർക്കമുണ്ടായിരുന്നവർക്കൊക്കെ അറിയാം. സാഹിത്യസാംസ്കാരിക രംഗത്ത് ഇത്രയും പ്രഗല്ഭനായ ഒരു പ്രവർത്തകനെ അടുത്തകാലത്തൊന്നും മലയാളക്കര കണ്ടിട്ടില്ല. സുഹൃത്തുക്കളോട് എത്രയുമധികം സ്നേഹപൂർവ്വം ഇണങ്ങിച്ചേരുന്ന ഈ മനുഷ്യൻ പ്രസംഗവേദിയിൽ കയറിയാൽ ഉഗ്രനായൊരു വിപ്ലവകാരിയായി പരിണമിക്കുക പതിവാണ്. ആംഗലേയ പ്രഭാഷകനായിരുന്ന ബർക്കിന്റെ പ്രഭാഷണം പോലെ സദസ്യർക്കു അവിസ്മരണീയമായ ഒരനുഭവമായിരുന്നു നമ്പ്യാരുടെ വാഗ്ധോരണി. വള്ളത്തോൾ പറഞ്ഞതുപോലെ "ഇതൊക്കെ നമ്മൾക്കിനി ഓർമ്മകൾ മാത്രം".

മഹാകവി മൃതദേഹത്തിനു മുന്നിൽ നമസ്കരിച്ചു പോകുമ്പോഴേക്കും എല്ലാതലത്തിലും പെട്ട പ്രമുഖ വ്യക്തികളൊക്കെ ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയിരുന്നു. കൂട്ടത്തിൽ കച്ചവടക്കാരും കലാ സാംസ്കാരിക പ്രവർത്തകരും വെറും മനുഷ്യരും എക്സ്പ്രസ്സിന്റെ എണ്ണമറ്റ വായനക്കാരുമുണ്ടായിരുന്നു. സ്ഥിരമായി നമ്പ്യാരുടെ മുടി വെട്ടിയിരുന്ന ഗോപാലന്റെ വിങ്ങിപ്പൊട്ടുന്ന മുഖം ഇപ്പോഴും മനസ്സിലുണ്ട്. അവിടെ എത്തിയവരിൽ പ്രമുഖന്മാരുടെ പേരെണ്ണിപ്പറഞ്ഞാൽ പോലും അതു തന്നെ പേജുകൾ നിറയും.

എക്സ്പ്രസ്സിന്റെ ഉടമസ്ഥനും മാനേജിംഗ് എഡിറ്ററുമായ കെ. ബാലകൃഷ്ണൻ സ്ഥലത്തുണ്ടായിരുന്നില്ല. ഔദ്യോഗികാവശ്യങ്ങൾക്കായി ബോംബെയിൽ പോയിരുന്ന അദ്ദേഹം താമസിച്ചിരുന്ന ഹോട്ടലുമായി ബന്ധപ്പെടാൻ ടെലിഫോണിൽ നടത്തിയ ശ്രമങ്ങൾ വിഫലമായി. അന്ന് എസ്.ടി.ഡി. ഉണ്ടായിരുന്നില്ല. എന്തായാലും നാളേക്കുള്ള പത്രത്തിന്റെ പണികളെല്ലാം നേരത്തെ കഴിച്ചു. ബോംബെക്കുള്ള വിളി നിരന്തരമായി തുടർന്നു കൊണ്ടിരുന്നു. അക്കാദമി സെക്രട്ടറി പവനനും മറ്റു സാഹിത്യനായകന്മാരുമെത്തി. ഏറ്റവും ശ്രദ്ധേയമായൊരു സാന്നിധ്യം കറന്റ് ബുക്ക് ഹൗസ് ഉടമസ്ഥനായ തോമസ് മുണ്ടശ്ശേരിയുടേതായിരുന്നു. തോമസ് പറഞ്ഞു: "നമ്പ്യാർജിയുടെ മൃതദേഹം ഇവിടെയിങ്ങനെ കിടത്തിയാൽ ശരിയാവില്ല. അക്കാദമിയിലേക്കു നീക്കണം". പവനൻ പറഞ്ഞു: "അതിനാണ് ഞാൻ ഇവിടെ വന്നത്". പിന്നെ താമസിച്ചില്ല മൃതദേഹം അക്കാദമിയിലേക്കു നീക്കി. അതൊരു വിലാപയാത്രയായിരുന്നു. ഷൊർണ്ണൂർ റോഡിലൂടെ സഞ്ചരിച്ച് റൗണ്ട് ചുറ്റി വാൻ അക്കാദമിയിലെത്തുമ്പോൾ അവിടെയും ജനങ്ങൾ അക്ഷമരായി കാത്തു നില്ക്കുകയായിരുന്നു. സമയം ഏഴുമണി.

മുൻ മുഖ്യമന്ത്രി സി.അച്യുത മേനോൻ, പ്രതിപക്ഷ നേതാവ് കെ. കരുണാകരൻ, ദേശാഭിമാനി ചീഫ് എഡിറ്റർ പി.ഗോവിന്ദപിള്ള, ഹിന്ദുസ്ഥാൻ ടൈംസിലെ സി.പി. രാമചന്ദ്രൻ, ഫാ.വടക്കൻ - അങ്ങനെ നീളുന്ന പ്രമുഖരുടെനിര അക്കാദമി കവാടത്തിൽ തന്നെയുണ്ടായിരുന്നു. നമ്പ്യാർ തന്നെ അനേകം സംവാദങ്ങൾക്കും ചർച്ചകൾക്കും വേദിയാക്കിയിട്ടുള്ള അക്കാദമിയുടെ കോൺഫറൻസ് ഹാളിലെ കൂറ്റൻ മേശ മേൽ 'അദ്ദേഹ'ത്തെ കിടത്തുമ്പോൾ അക്കാദമി സ്റ്റാഫ് അംഗങ്ങൾ മുഴുവൻ സന്നിഹിതരായിരുന്നു. നമ്പ്യാർ കമ്മിറ്റി അംഗമായിരുന്ന കാലത്ത് നിയമിതരായവരാണ് അവരിൽ ഭൂരിഭാഗവും. അവരിൽ പലരും വിങ്ങിപ്പൊട്ടുകയായിരുന്നു.

വൈകീട്ട് ആറേകാലിനുള്ള ആകാശവാണി വാർത്തയിൽ ആദ്യം പറഞ്ഞത് നമ്പ്യാരുടെ മരണമായിരുന്നു. അതു കേട്ടാണ് കേരളത്തിന്റെ നാനാഭാഗത്തു നിന്നുമുള്ളവർ തൃശൂരിലേക്കു യാത്രതിരിച്ചത്. ബോംബെയിലുള്ള എഡിറ്റർ ബാലകൃഷ്ണൻ എങ്ങനെ ശവസംസ്കാരച്ചടങ്ങിൽ സംബന്ധിക്കും? വിമാനത്തിനുള്ള ടിക്കറ്റ് കിട്ടാൻ ഒരു മാർഗ്ഗവും ഇല്ല. ഇന്നത്തെപ്പോലെ അന്ന് സ്വകാര്യ സർവ്വീസുകളില്ല.

സംസ്ഥാന വ്യവസായ മന്ത്രിയായിരുന്ന പി.സി. ചാക്കോ തൊട്ടടുത്ത രാമനിലയത്തിലുണ്ടെന്ന് അറിഞ്ഞു. കുറച്ചു മുമ്പാണ് അദ്ദേഹം അക്കാദമിയിൽ നിന്നും തിരിച്ചുപോയത്. ഈ ലേഖകന് അദ്ദേഹത്തെ പരിചയമുണ്ടായിരുന്നില്ല. തോമസ് മുണ്ടശ്ശേരിക്ക് അദ്ദേഹത്തെയറിയാം അത്രതന്നെ. ഞങ്ങൾ രണ്ടും കല്പിച്ച് അദ്ദേഹത്തെ കാണാൻ പോയി. മന്ത്രിയുടെ ക്വാട്ടയിൽ ബാലകൃഷ്ണന് ഒരു ടിക്കറ്റ് തരമാക്കുക. ഉടൻ എയർപോർട്ടിലേക്ക് മന്ത്രിയുടെ ലൈറ്റ്നിങ് കോൾ. രണ്ടുമൂന്നുവട്ടം കോൾ വേണ്ടിവന്നു. ഒ.കെ. ഉച്ചക്ക് പന്ത്രണ്ടര മണിക്കുള്ള ഫ്ളൈറ്റിന് ബാലകൃഷ്ണൻ കൊച്ചിയിൽ എത്തുമെന്നുറപ്പായി.

അപ്പോഴേക്കും മണി പത്താകാറായി. ആദരാഞ്ജലികളർപ്പിക്കാനുള്ളവരുടെ വരവ് നിലച്ചിട്ടില്ല. പത്തു മണിക്ക് മൃതദേഹം ചേറൂരുള്ള വീട്ടിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. നഴ്സിങ് ഹോമിൽ നിന്നും നേരെ വീട്ടിൽ കൊണ്ടാക്കിയ ഭാര്യ സുഭദ്രാമ്മയും മക്കളും ബന്ധുക്കളും അവിടെ കാത്തിരിക്കുന്നു.

പിറ്റേ ദിവസം മൂന്നിനാണ് മൂത്തമകൻ രഘു ചിതക്കു തീകൊളുത്തിയത്. ബോംബെയിൽ നിന്നും രണ്ടരമണിക്ക് ബാലകൃഷ്ണനെത്തിയിരുന്നു. അന്നുവരെ തൃശൂരിൽ ഒരു പൊതുപ്രവർത്തകന്- വിശേഷിച്ചും ഒരു പത്രപ്രവർത്തകന്- ഇത്രയേറെ ജനങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചൊരു ചരമ ശുശ്രൂഷ ലഭിച്ചിട്ടില്ല. മാർലോ എഴുതിയ വിക്ടർ ഹ്യൂഗോവിന്റെ ജീവചരിത്രത്തിൽ അദ്ദേഹത്തിന്റെ ശവസംസ്കാരച്ചടങ്ങിനെ കുറിച്ച് ഇങ്ങനെയൊരു വാചകമുണ്ട്." The entire France was there". എക്സ്പ്രസ് ഓഫീസിലും അക്കാദമി ഹാളിലും വസതിയിലുമായി കേരളം മുഴുവനും ഉണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. പക്ഷെ മുഴുവൻ തൃശൂരും അവിടെയുണ്ടായിരുന്നു.

# അദ്ധ്യായം രണ്ട്

## പത്രലോകത്തിലേക്ക്

"To understand a man we should begin with his grandfather " (ഒരാളെ മനസ്സിലാക്കണമെങ്കിൽ അയാളുടെ മുത്തച്ഛനിൽ നിന്നാരംഭിക്കണം.) അങ്ങനെയൊരു ചൊല്ലുണ്ടല്ലോ. കരുണാകരൻ നമ്പ്യാരെ സംബന്ധിച്ചിടത്തോളം അതു മുത്തച്ഛനിൽ നിന്നല്ല,മുത്തമ്മാവനിൽ നിന്നു തുടങ്ങണമെന്നേയുള്ളു. മുത്തമ്മാവൻ എന്നുപറഞ്ഞാൽ അമ്മയുടെ വലിയമ്മാവൻ - വടവിൽ കുമാരൻ ഗുരുക്കൾ. കണ്ണൂർ ജില്ലയിലെ മാവിലായിൽ, വടവിൽ കല്യാണിയമ്മയുടേയും പുതുശ്ശേരി ചാത്തോത്ത് നാരായണൻ നമ്പ്യാരുടേയും മകനായി 1924 ജൂലായ് ഒന്നിനു ജനിച്ച കരുണാകരൻ നമ്പ്യാരെ വളരെ ചെറുപ്പത്തിൽ തന്നെ ആകർഷിച്ചത് മഹാസംസ്കൃതപണ്ഡിതനും അധ്യാപകനുമായ അമ്മാവൻ ഗുരുക്കളാണ്. പഠിക്കലിലും പഠിപ്പിക്കലിലും മാത്രം ഗുരുക്കളുടെ കർമ്മകാണ്ഡം ഒതുങ്ങിനിന്നില്ല. നാട്ടിലും പരിസരപ്രദേശങ്ങളിലും സ്വന്തമായി രണ്ടു മൂന്നു സ്ക്കൂളുകൾ സ്ഥാപിച്ച് തദ്ദേശീയരുടെ, വിശേഷിച്ച് വിദ്യാഭ്യാസ പ്രേമികളുടെ ആദരവ് നേടിയ മഹദ് വ്യക്തിയായിരുന്നു ഗുരുക്കൾ.

മുത്തമ്മാവന്റെ അപദാനങ്ങൾ പറയാൻ തുടങ്ങിയാൽ നമ്പ്യാർ വികാരവിവശനാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഭഗവത് ഗീതയിലെ ചില

ശ്ലോകങ്ങളും നമ്പ്യാർ കേട്ടതും പഠിച്ചതും ഈ അമ്മാവനിൽ നിന്നാണ്. അമ്മാവൻ സൂക്ഷിച്ചിരുന്ന സൗന്ദര്യലഹരിയാണ് ഏറെക്കാലം തന്റെ കൈവശം വന്നുപെട്ടത് എന്ന് നമ്പ്യാർ അനുസ്മരിച്ചിട്ടുണ്ട്.ഒരിക്കൽ സംസാരമദ്ധ്യേ ഓർമ്മ ശക്തിയുടെ കൂർമ്മാവതാരമായിരുന്നു ഈ അമ്മാവനെന്ന് നമ്പ്യാർ പറഞ്ഞപ്പോൾ ഞാൻ ചോദിച്ചു : "ഓർമ്മയുടെ കൂടെ കൂർമ്മം പ്രാസംഒപ്പിക്കാനാണോ?'' ''അല്ല, പ്രാസമുണ്ടെന്നതു ശരി. ഇവിടത്തെ കൂർമ്മം അവതാരത്തിലെ കൂർമ്മമല്ല. കൂർമ്മ ബുദ്ധിക്ക് ആധാരമായ കൂർമ്മമാണ്." ഈ കൂർമ്മ ബുദ്ധി നമ്പ്യാർക്കും കിട്ടിയിരുന്നു. അദ്ധ്യാപകരായ മാതാപിതാക്കളിൽ നിന്നും അംശം അധികാരിയും (ഇന്നത്തെ വില്ലേജ് ഓഫീസർ) പ്രതാപശാലിയുമായ മുത്തച്ഛനിൽ നിന്നും ഏറെ പ്രയോജനം കൊള്ളാൻ നമ്പ്യാർക്കുണ്ടായിരുന്നില്ല. നമ്പ്യാരുടെ ബോധമണ്ഡലത്തിലൊന്നും അവർ ചലനമുണ്ടാക്കിയില്ല.

നമ്പ്യാരെ പ്രസവിച്ച് ഏറെ കഴിയുന്നതിനു മുമ്പ് അമ്മയ്ക്ക് ടീച്ചേഴ്സ് ട്രെയിനിംഗിന് പോകേണ്ടിവന്നതു കൊണ്ടും പിന്നീട് ജോലി സംബന്ധമായി വിവിധ സ്ഥലങ്ങളിൽ പോകേണ്ടിവന്നതിനാലും അമ്മൂമ്മയായ പാർവ്വതി അമ്മയുടെ സംരക്ഷണയിലാണ് നമ്പ്യാർ വളർന്നത്. വാരം യു. പി സ്കൂളിലും പെരളശ്ശേരി ഹയർ എലിമെന്ററി സ്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്നാണ് ഗണിത ശാസ്ത്രം ഐച്ഛിക വിഷയമായെടുത്ത് ബിരുദം കൈവരിച്ചത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ സാഹിത്യ സമാജങ്ങളിലും മറ്റു സാഹിത്യ പരിപാടികളിലും പങ്കെടുത്ത് പ്രാഗത്ഭ്യം തെളിയിച്ച കരുണാകരൻ സതീർത്ഥ്യരുടെ സ്നേഹബഹുമാനങ്ങൾക്ക് പാത്രമായി. നമ്പ്യാരുടെ സാഹിത്യത്തിലുള്ള താല്പര്യത്തെ രാഷ്ട്രീയത്തിലേക്കു തിരിച്ചുവിട്ടത് ദേശീയ പ്രസ്ഥാനവും അതുമായി ബന്ധപ്പെട്ട സമരസന്നാഹങ്ങളുമാണ്.

കോളേജു വിദ്യാഭ്യാസത്തിന് നമ്പ്യാർക്ക് താങ്ങും തണലുമായത് അമ്മയുടെ സഹോദരൻകുഞ്ഞിക്കണ്ണൻ നമ്പ്യാരായിരുന്നു. അമ്മാവനൊരു പോലീസ് ഇൻസ്പെക്ടറായിരുന്നതു കൊണ്ട് രാഷ്ട്രീയത്തിലൊരു "ഒളിപ്പോരാളിയായി " വർത്തിക്കാനേ വിദ്യാഭ്യാസ കാലത്ത് നമ്പ്യാർക്ക് കഴിഞ്ഞുള്ളു. പക്ഷേ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു.

പഠിക്കുന്ന കാലത്തും പഠിപ്പുകഴിഞ്ഞ് പുറത്തിറങ്ങിയ ശേഷവും വിദ്യാർത്ഥി രാഷ്ട്രീയത്തിൽ നിഷ്ണാതനായ കരുണാകരന് ഒരു ജോലിയിൽ

[illegible]
പ്രവേശിക്കണമെന്ന് തോന്നിയിട്ടില്ല. പക്ഷേ ജീവിതത്തിലെ ക്രൂര യാഥാർത്ഥ്യങ്ങൾ എന്തെങ്കിലും ജോലിയിൽ പ്രവേശിച്ചേതീരൂ എന്ന് നിർബന്ധിച്ചു. അങ്ങനെയാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിലും പിന്നീട് മദിരാശി ഗവൺമെൻറ് മലബാറിൽ പി.സി.സി സൊസൈറ്റികൾ സംഘടിപ്പിച്ചപ്പോൾ നമ്പ്യാരുടെ സ്വദേശത്തിനടുത്ത് മൗവ്വഞ്ചേരി പി. സി.സി സൊസൈറ്റിയുടെ ആദ്യത്തെ സെക്രട്ടറിയായും അല്പകാലം സേവനം അനുഷ്ഠിച്ചത്. അതൊന്നും കരുണാകരൻെറ സ്ഥിര താവളമായിരുന്നില്ല. മലബാറിലാകെ കത്തിപ്പടർന്ന ദേശീയപ്രസ്ഥാനത്തിൻെറ സമരാവേശത്തിൽ ആ ചെറുപ്പക്കാരൻ ആമഗ്നനാവുകയായിരുന്നു. കോൺഗ്രസ്സിന് സമാന്തരമായി ശക്തിയാർജിച്ച കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി ചെറുപ്പക്കാരുടെ ഹരമായി മാറി. അരങ്ങിൽ ശ്രീധരൻ, കെ.എം. സുപ്പി, പി.കുഞ്ഞിരാമൻ നമ്പ്യാർ തുടങ്ങിയവരുടെ പിൻനിരയിൽ നിന്ന കരുണാകരൻ അവർക്കുകൂടി ആവേശം പകരുന്ന ജ്വാലയായി മാറി.

സോഷ്യലിസ്റ്റ് കോൺഗ്രസ്സ് നേതാക്കളായ ജയപ്രകാശ് നാരായണൻ, ആചാര്യ നരേന്ദ്രദേവ്, അച്യുത് പട്‌വർദ്ധൻ, ഡോ. രാം മനോഹർ ലോഹ്യ തുടങ്ങിയവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന കരുണാകരൻ അവരുടെയൊക്കെ കേരള പര്യടനവേളകളിൽ അവരുടെ പ്രസംഗങ്ങളുടെ പരിഭാഷകനായി കേരളത്തിലുടനീളം സഞ്ചരിച്ചു. സത്യത്തിൽ പിൽക്കാലത്ത് കേരളം കണ്ട ഏറ്റവും മികച്ച പ്രഭാഷകരിലൊരാളായി തീർന്ന കരുണാകരൻ നമ്പ്യാർ ഈ പ്രസംഗകലാവിദ്യയിൽ മികവു നേടുന്നത് ഒരു പരിഭാഷകൻ എന്നനിലയിലാണ്.

കരുണാകരൻ നമ്പ്യാർ ആദ്യമായി പരിഭാഷപ്പെടുത്തുന്ന പ്രസംഗം സാക്ഷാൽ എസ്. സത്യമൂർത്തിയുടേതാണ്. അന്ന് നമ്പ്യാരുടെ പ്രായം പതിനെട്ടോടടുത്ത്. ഇൻറർമീഡിയേറ്റ് വിദ്യാർത്ഥി. സത്യമൂർത്തിയെ പോലൊരു പ്രഭാഷകൻ അദ്ദേഹത്തിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല. സത്യമൂർത്തിയുടെ പ്രസംഗം പരിഭാഷപ്പെടുത്തുമ്പോൾ നമ്പ്യാരുടെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് രാഷ്ട്രീയം പൂർണ്ണമായി രൂപം പ്രാപിച്ചിരുന്നില്ല. സത്യമൂർത്തിയെപ്പറ്റി വളരെയേറെ മതിപ്പായിരുന്നു കരുണാകരൻ നമ്പ്യാർക്കുണ്ടായിരുന്നത്. മൂർത്തി മരിച്ചപ്പോൾ ഹിന്ദു പത്രത്തിൽ വന്ന വാർത്തയുടെ ആദ്യവാചകം നമ്പ്യാർക്ക് കാണാപ്പാഠമായിരുന്നു. എന്നോടത് അദ്ദേഹം പറഞ്ഞിട്ടുണ്ട്. " The golden tongue will speak no more " മൂർത്തിയെപ്പറ്റി രാജഗോപാലാചാരി പറഞ്ഞൊരു വാചകം കൂടി നമ്പ്യാർ പറഞ്ഞു, "A restless soul has now found rest".

1948 ഇന്ത്യയുടെരാഷ്ട്രീയ ചരിത്രത്തിലെ സുപ്രധാനമായ ഒരു വർഷമാണ്. ചരിത്ര രേഖകളിൽ ഒരു പക്ഷേ ഈ വർഷം ഉണ്ടാവുകയില്ല. നമുക്ക് സ്വാതന്ത്ര്യം കിട്ടിയതിന്റെ പിറ്റേ വർഷം. ഇന്ത്യയിലെ ഏറ്റവും വലിയ വിപ്ലവപ്രസ്ഥാനമായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സുപ്രസിദ്ധമോ ഇന്ന് കുപ്രസിദ്ധമോ ആയിതീർന്ന കൽക്കട്ട തിസീസ് ജനിക്കുന്നത് പിറ്റേ വർഷമാണ്. സോഷ്യലിസ്റ്റ് പ്രസ്ഥാനം സർവ്വ ശക്തിയും സമാർജിച്ചു മുന്നേറുന്നു. ഇട്ടഷർട്ടും ഉടുത്തമുണ്ടുമായി കരുണാകരൻ തെക്കോട്ടിറങ്ങുമ്പോൾ പ്രായം ഇരുപത്തിരണ്ട്. അമ്മ മരിച്ചിരുന്നു. മനസ്സിനെ വേട്ടയാടിയ അനാഥത്വം ഒരു വശത്ത്, തന്നെ മാടിവിളിക്കുന്ന ഒരാദർശ സാമ്രാജ്യത്തിന്റെ ആകർഷകമായ ആഹ്വാനം മറുവശത്ത്. എല്ലാം മറന്നും മറക്കാൻ ശ്രമിച്ചും കോഴിക്കോട്ടെത്തുമ്പോൾ കാത്തു നിൽക്കാൻ ആരുമുണ്ടായിരുന്നില്ല. എത്തിപ്പെട്ടത് കഞ്ഞിക്കു വകയില്ലാത്തൊരു സോഷ്യലിസ്റ്റു കേന്ദ്രത്തിൽ. ആ കേന്ദ്രത്തിന്റെ ആശാൻ ബി.സി. വർഗ്ഗീസായിരുന്നു. ചുമന്ന തലക്കെട്ടുള്ളൊരു "കുത്തഴിഞ്ഞ" വാരിക -പ്രവാഹം. ബി.സി. യോടൊപ്പം കുറെക്കാലം കഴിച്ചു കൂട്ടി.

ഇവിടെയൊരല്പം ബി.സി യെക്കുറിച്ചു പറയാതെ വയ്യ. തൃശൂരിന് അഞ്ചു പത്തു കിലോമീറ്റർ പടിഞ്ഞാറ് കാഞ്ഞാണിക്കടുത്ത ബ്രഹ്മകുളത്തു ജനിച്ച സത്യകൃസ്ത്യാനി. അപ്പനമ്മമാർ കത്തനാരാകണമെന്നു കൊതിച്ച മകൻ എം. എ ഓണേഴ്സ് കഴിഞ്ഞ് പുറത്തിറങ്ങിയത് സോഷ്യലിസ്റ്റായിട്ടാണ്. പത്ര പ്രവർത്തനത്തിന്റെ ആരംഭത്തിലും ബി.സിക്ക് വിഖ്യാതമായൊരു റെക്കോഡുണ്ട്. സർദാർ കെ. എം. പണിക്കർ ഹിന്ദുസ്ഥാൻ ടൈംസിന്റെ പത്രാധിപരായി വാഴുന്ന കാലം. സബ്ബ് എഡിറ്റർമാർക്കുള്ള ഇൻറർവ്യൂ. ഇൻറർവ്യൂ വളരെ "നിസ്സാര"മായിരുന്നു. നാളെയിറങ്ങുന്ന പത്രത്തിലേക്കു കൊടുക്കാൻ പാകത്തിനുള്ള സബ്ബ്ലീഡർ (ഉപമുഖപ്രസംഗം) തയ്യാറാക്കുക. ബി. സി. എന്നോടൊരിക്കൽ പറഞ്ഞിട്ടുണ്ട്, പിന്നീട് പത്രാധിപന്മാരും അംബാസിഡർമാരും ഡിപ്ലോമാറ്റുകളും ആയിത്തീർന്ന പലരും അന്നത്തെ ഇൻറർവ്യൂവിലുണ്ടായിരുന്നു. പിറ്റെന്നാളത്തെ പത്രത്തിൽ അടിച്ചുവന്നത് ബി.സി. കുറിച്ച സബ്ബ്ലീഡറാണ്. പക്ഷെ ബി. സി. ഏറെനാൾ ഹിന്ദുസ്ഥാൻ ടൈംസിൽ നിന്നില്ല.

കോഴിക്കോട് പ്രവാഹത്തിനു രക്ഷയുണ്ടായില്ല.കൊണ്ടു നടക്കാൻ പണമില്ല. പ്രവാഹത്തെ തൃശൂരിലേക്കു പറിച്ചു നട്ടു. നേതൃത്വം കരുണാകരൻ നമ്പ്യാർക്ക്. ബി. സി. ട്യൂട്ടോറിയൽ നടത്തി പണമുണ്ടാക്കി പ്രവാഹത്തെ പോഷിപ്പിക്കാൻ ശ്രമിച്ചു. ഫലമുണ്ടായില്ല. പ്രവാഹം നിലച്ചു. സോ

[illegible]
ഷ്യലിസ്റ്റു പാർട്ടി അപ്പോഴുമുണ്ട്. എന്തു വഴി? ജീവിക്കണ്ടേ? പിറന്ന മണ്ണിൽ നിന്നു പിൻതിരിഞ്ഞു നോക്കാതെ പോന്ന നമ്പ്യാർ അന്തം വിട്ടു. ബി. സി. യ്ക്കു തൃശൂർ സ്വന്തം നാടാണ്. ഒരു തൊഴിലിനു വേണ്ടി അങ്ങാടിയിലെ പീടികകളിൽ കണക്കെഴുതാം. ബി. സി യുടെതന്നെ ട്യൂട്ടോറിയലിൽ ക്ലാസ്സെടുക്കാം. സിഗററ്റുവലിയൊഴിച്ച് മറ്റ് ദുശ്ശീലങ്ങളൊന്നുമില്ല. എന്തുചെയ്യും. അങ്ങനെയിരിക്കുമ്പോഴാണ് എം. ആർ. നായരെ പരിചയപ്പെടുന്നത്. നായർ, ദീപം,ഗോമതി, എക്സ്പ്രസ്സ് തുടങ്ങി പല പത്രങ്ങളുടെയും ലേഖകനാണ്. ദീപം എറണാകുളത്തുനിന്നാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത്. മനമില്ലാമനസ്സോടെയാണ് നമ്പ്യാർ ഗോമതിയിൽ ചേരുന്നത്. ഗോമതിയെപ്പറ്റി കേട്ടതല്ലാതെ ഈ സാധനം എന്താണെന്ന് നമ്പ്യാർക്കറിഞ്ഞിരുന്നില്ല. നമ്പ്യാരുടെ ഗോമതിയിലേക്കുള്ള വരവിനു വഴി വെച്ചത് എം. ആർ നായരാണ്.

രാജവാഴ്ചക്കു ശിങ്കിടി പാടിയിരുന്ന ഗോമതിയുടെപത്രാധിപർ കെ രാഘവൻ നായരായിരുന്നു. അദ്ദേഹവും മലബാറിൽ നിന്ന് കുടിയേറിയ ആളായിരുന്നു. കൊച്ചിരാജാവിന്റെ ഗസറ്റായിട്ടാണ് ഗോമതി വിശേഷിപ്പിക്കപ്പെട്ടിരുന്നത്. നമ്മുടെ നാട്ടുരാജാക്കന്മാർക്കിടയിൽ കൊച്ചിരാജാക്കന്മാർ തങ്കമണികളായിരുന്നുവല്ലോ. ഈ രാജാധികാര പത്രത്തിൽ ചേരുമ്പോഴും തന്റെ മനസ്സിൽ ഒട്ടേറെ ആശങ്കകളും അങ്കലാപ്പുകളും നമ്പ്യാർക്ക് ഉണ്ടായിരുന്നു എന്ന് നമ്പ്യാർ തന്നെ പറഞ്ഞുകേട്ടിട്ടുണ്ട്. രാജാധികാരത്തിന്റെ ഒരു വിധ സ്വാധീനവും അസ്വസ്ഥതയും അവിടെ അനുഭവപ്പെട്ടില്ല. രാഘവൻ നായർ എഴുതുന്നതായിരുന്നു പ്രമാണം. അതായിരുന്നു രാജാവിനും പ്രമാണം. ഒരു കാര്യം നമ്പ്യാർ സമ്മതിച്ചിട്ടുണ്ട്. "ഉഗ്രവും ഉജ്ജ്വലവും ഹൃദയഭേദകവു"മായ മുഖപ്രസംഗങ്ങൾ എഴുതാൻ താൻ പഠിച്ചത് രാഘവൻ നായരിൽ നിന്നാണ്. സൗമ്യമായി ഒന്നും എഴുതുവാൻ രാഘവൻ നായർക്കു കഴിയുമായിരുന്നില്ലത്രേ. ആരെയെങ്കിലും എങ്ങിനെയെങ്കിലും വശം കെടുത്തി വധിക്കണമെങ്കിൽ നമ്പ്യാർക്ക് ധ്യാനിക്കാനുള്ള ഉഗ്രമൂർത്തി രാഘവൻ നായരായിരുന്നു. ജോലി ചെയ്തിരുന്നത് ഗോമതിയിലായിരുന്നെങ്കിലും നമ്പ്യാർക്ക് ആശയപരമായ ആഭിമുഖ്യം എക്സ്പ്രസ്സിനോടായിരുന്നു. എക്സ്പ്രസ്സിൽ കടന്നു പറ്റണ മെന്നു നമ്പ്യാരും നമ്പ്യാരെ പിടിച്ചെടുക്കണമെന്നു എക്സ്പ്രസ്സ് പത്രാധിപർ കൃഷ്ണനും ആഗ്രഹിച്ചു.

അങ്ങനെയിരിക്കെയാണ് എം. ആർ നായർ വഴി നമ്പ്യാർക്കൊരു വിവാഹാലോചന വരുന്നത്. അന്ന് നമ്പ്യാരുടെ പ്രായം മുപ്പത്തിരണ്ട്.

വിവാഹം കഴിക്കാൻ മൂപ്പെത്തിയ പ്രായം. തന്റെ സോഷ്യലിസ്റ്റ് ഗുരുക്കന്മാരെപ്പോലെ അവിവാഹിതനായി പുലരാൻ വ്രതമെടുത്ത നമ്പ്യാർക്ക് ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കാനുള്ള മുഖ്യപ്രേരണ എം.ആർ. നായരുടേതു തന്നെ. അല്പം ചില സുഹൃത്തുക്കളുണ്ടായതൊഴിച്ചാൽ തൃശൂരിൽ നമ്പ്യാർക്കൊന്നുമുണ്ടായിരുന്നില്ല. വീടില്ല. കേറിക്കിടക്കാനൊരിടം പോലുമില്ല. എം.ആർ. നായരുടെ ഭാര്യവീടായ ചേറൂർ കഴിപ്പുറത്ത് കല്യാണിയമ്മയുടെ മകൾ സുഭദ്രാമ്മയെ വരിക്കാൻ വെളിയന്നൂരിലുള്ള എം. ആറിന്റെ വസതിയിൽ നിന്നും അല്പം സുഹൃത്തുക്കളുമൊന്നിച്ചാണ് പോയത്. സുഭദ്രാമ്മയെന്ന അമ്മിണിക്കുട്ടി ചേറൂരിൽ തന്നെ നായർ സമാജം സ്കൂളിൽ അദ്ധ്യാപിക. 1956 ഫെബ്രുവരി പന്ത്രണ്ടിനായിരുന്നു വിവാഹം. ഫെബ്രുവരി നമ്പ്യാരുടെ ജീവിതത്തിലെ നിർണ്ണായകമായ മാസമാണ്. വിവാഹം കഴിഞ്ഞ് ആറാം ദിവസമാണ് (ഫെബ്രുവരി 18) എക്സ്പ്രസ്സിന്റെ എഡിറ്റോറിയൽ സ്റ്റാഫിൽ നമ്പ്യാർ ചേരുന്നത്. വിവാഹത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികദിനമായ 1981 ഫെബ്രുവരി 12 നാണല്ലോ നമ്പ്യാർ ഈ ലോകത്തോട് യാത്ര പറയുന്നത്.

മലയാള പത്ര പ്രവർത്തനത്തിനുള്ള നമ്പ്യാരുടെ സംഭാവനയെ ഏതെങ്കിലുമൊരു ശാഖയുടെ പരിപോഷണത്തിൽ മാത്രം ഒതുക്കിനിർത്താനാവില്ല. ചില മേഖലകൾ അദ്ദേഹത്തിന് കൂടുതൽ പ്രിയംകരമായിരുന്നു. അതുകൊണ്ടുതന്നെ അവയ്ക്ക് കൂടുതൽ പ്രസക്തി നേടാൻ കഴിഞ്ഞു എന്നതും നേരാണ്. എങ്കിലും പത്രത്തിന്റെ സമഗ്ര ശോഭയിലായിരുന്നു അദ്ദേഹത്തിന്റെ സമ്പൂർണ്ണ ശ്രദ്ധ. കുറച്ചിട എക്സ്പ്രസ്സിൽ നമ്പ്യാരുടെ ആദ്യകാല സഹപ്രവർത്തകനും പിന്നീട് എഫ്. എ. സി.ടി. യിൽ ചീഫ് പബ്ലിക് റിലേഷൻസ് മാനേജരുമായിത്തീർന്ന ഒ.പി. ജോസഫ് നമ്പ്യാരെക്കുറിച്ചുള്ള ഹൃദയംഗമമായ ഓർമ്മകൾ സ്മരിക്കുന്നു. “നാല്പത്തിരണ്ട് കൊല്ലം മുമ്പാണ് കരുണാകരൻ നമ്പ്യാരുമായി പരിചയപ്പെടുന്നത്. കൃത്യമായി പറഞ്ഞാൽ 1956 സെപ്റ്റംബർ 13-ാം തീയതി. എക്സ്പ്രസ്സിന്റെ പത്രാധിപ സമിതിയിൽ ഞാൻ അംഗമായി ചേർന്ന ദിവസമാണത്. ആർ. എം. മനക്കലാത്ത് എക്സ്പ്രസ്സിൽ നിന്ന് വിട്ട് ഡോ. റാം മനോഹർ ലോഹ്യ ഹൈദ്രാബാദിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മാൻ കൈൻഡ്' എന്ന ഇംഗ്ലീഷ് മാസികയുടെ പത്രാധിപത്യം ഏറ്റെടുത്തത് ആയിടക്കായിരുന്നു. എക്സ്പ്രസ്സിലെ തന്റെ ഒഴിവ് നികത്തുവാൻ എനിക്ക് ഒരിടം തന്നത് മനക്കലാത്താണ്. രാവിലെ ഞാൻ എക്സ്പ്രസ്സിൽ എത്തുമ്പോൾ ചീഫ് എഡിറ്റർ കെ. കൃഷ്ണനും മാനേജർ ജോണും എ.പി. നമ്പ്യാരും

എത്തിയിരുന്നു. അല്പം കഴിഞ്ഞപ്പോഴേക്കും കോണിപ്പടി കയറി ആരോ ഗുകളിലേക്ക് വരുന്ന ധടപട ശബ്ദം. ഒരു സെക്കൻറ് കഴിഞ്ഞപ്പോൾ ഇരുണ്ട നിറത്തിൽ കറുത്തുതടിച്ച അത്രകണ്ടു ഉയരമില്ലാത്ത ഒരു രൂപം വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ദേഹത്തിൽ [illegible] വേഷം, കോളറുള്ള വെള്ള ഷർട്ടും കരയില്ലാത്ത വെള്ളമുണ്ടും. മുണ്ട് മടക്കിക്കുത്തിയിരിക്കുകയാണ്. അകത്തേക്ക് ആ രൂപം കാലെടുത്ത് വച്ചപ്പോൾ എ.പി നമ്പ്യാർ എന്നെ നോക്കി പറഞ്ഞു ''ഇതാണു കരുണാകരൻ''.

വി. കരുണാകരൻ നമ്പ്യാർ: നേരിട്ട് മുഖാമുഖം കാണുന്നത് അന്ന് ആദ്യമായിരുന്നെങ്കിലും അതിന് ആറു വർഷം മുമ്പ് പാലക്കാട് അഖില കേരള വിദ്യാർത്ഥി കോൺഗ്രസ്സിൻെറ വാർഷികസമ്മേളനത്തിൻെറ വേദിയിൽ ധാരമുറിയാതെ പ്രസംഗിച്ചുകൊണ്ടു നിന്ന കണ്ണൂരിൽ നിന്നെത്തിയ ഈ വിദ്യാർത്ഥി നേതാവിനെ ഞാൻ ഓർത്തു. നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളെ ക്കുറിച്ച് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് നേതാക്കളായ ജയപ്രകാശ് നാരായണനേയും ഡോ. ലോഹ്യയേയും ആചാര്യ നരേന്ദ്രദേവിനേയും അരുണാ അസഫ് അലിയെയും കുറിച്ച് സവിശേഷ ചാതുരിയോടുകൂടി അടുക്കും ചിട്ടയുമൊപ്പിച്ച് ആവേശോജ്ജ്വലമായി സംസാരിച്ച് വിദ്യാർത്ഥി ലോകത്തിൻെറ നീണ്ട കരഘോഷം ഏറ്റുവാങ്ങിയ കരുണാകരൻ നമ്പ്യാർ എൻെറ മുന്നിലേക്കിറങ്ങി വന്നു. അദ്ദേഹം ഓഫീസിലേക്കു നടന്നു വന്നപ്പോൾ ഞാൻ കൈകൾ ഉയർത്തി തൊഴുതു. കുറേ കഴിഞ്ഞപ്പോൾ കരുണാകരൻ പ്രിൻററിൻെറ അടുത്തേക്കു നീങ്ങുന്നതു കണ്ടു. ടെലിപ്രിൻററിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം വാർത്തകൾ കീറിയെടുത്തുകൊണ്ട് കൃഷ്ണയ്യരോട് ചോദിച്ചശേഷം എൻെറ കൈയിൽ വച്ചുതന്നു.ശരി, ഇനി തർജ്ജമ നടത്തിക്കൊള്ളൂ. ജേർണലിസത്തിലേക്കുള്ള എൻെറ വിദ്യാരംഭം ആയിരുന്നു അത്. ഞാൻ തർജമ തുടങ്ങി.

പത്ര പ്രവർത്തനത്തെ ഒരു തൊഴിൽ എന്ന നിലക്ക് മുമ്പോട്ടു കൊണ്ടുപോകണമെങ്കിൽ alertness ഉം quickness ഉം കൂടിയേ തീരൂ എന്ന് എന്നെ പഠിപ്പിച്ചത് കരുണാകരൻ നമ്പ്യാരാണ്. അതുപോലെതന്നെ figures must be at the tip of your fingers എന്നും എന്നെ പഠിപ്പിച്ചത് മറ്റാരുമായിരുന്നില്ല''.

ഒ.പി.ജോസഫിൻെറ സാമാന്യം ദീർഘമായ ഈ കുറിപ്പ് ഇവിടെ ക്കുറിച്ചത് എനിക്ക് പരിചയമുള്ള വേഗത്തിൻേറയും വാഗർത്ഥ വിസ്മ

[illegible]

യത്തിന്റേയും അവതാരമായ കരുണാകരൻ നമ്പ്യരെ അവതരിപ്പിക്കാനുള്ള ഒരാമുഖം എന്ന നിലയ്ക്കാണ്. ഒ.പി.യും നമ്പ്യാരുമൊക്കെ എക്സ്പ്രസ്സിൽ വരുന്ന കാലത്ത് പി.ടി.ഐ യുടേയും വിദേശ വാർത്തകൾ തന്നിരുന്ന റോയിട്ടർ, എ.എഫ്.പി. തുടങ്ങിയ ഏജൻസികളുടെയും വാർത്താ നിവേദന സാമഗ്രിയായ ടെലിപ്രിൻറർ ഉണ്ടായിരുന്നു. ഞാൻ ഓഫീസിൽ കാലുകുത്തുന്ന അറുപതുകളുടെ മധ്യാഹ്നത്തിലും അതേ ഉണ്ടായിരുന്നുള്ളു.

സംസ്ഥാനത്തിൻെ തലസ്ഥാനവും വാർത്തകളുടെ ആസ്ഥാനവുമായ തിരുവനന്തപുരത്തുനിന്നുള്ള സ്വന്തം ടെലിപ്രിൻറർ ലൈനുണ്ടായിരുന്നില്ല. സഹ പത്രാധിപന്മാരൊക്കെ ഉച്ചകഴിഞ്ഞേ ആപ്പീസിൽ എത്തൂ. മുഖ്യവൃത്തികൾ ഉച്ചക്കു ശേഷമാണല്ലോ. കാലത്ത് എട്ടുമണിക്ക് നിയമ സഭ സമ്മേളിച്ചാൽ ആദ്യം ചോദ്യോത്തരമാ ണ്. അതുകഴിഞ്ഞാൽ ഓഫീസിൽ എത്തുന്ന റിപ്പോർട്ടർ തിരുവനന്തപുരത്തു നിന്നും ചോദ്യം,ഉത്തരം (ചോ:ഉ) എന്ന മട്ടിൽ വള്ളി പുള്ളി വിടാതെ എഴുതിയുണ്ടാക്കിയ വാർത്ത ടെലിഫോണിലൂടെ വിളിച്ചറിയിക്കുന്നു. നമ്പ്യാരായിരിക്കും ഫോണെടുക്കുക. ചുമലിൽ താങ്ങി ചെവിയിൽ ഫോൺ പിടിച്ചിരിക്കും. ഇടത്തെ കയ്യിൽ സിഗററ്റ് എരിയുന്നുണ്ടാകും. വലതുകൈയ്യിൽ പേനയും. ഇടയ്ക്കിടയ്ക്ക് മൂളുന്നതും ശരിയെന്നും അതേയെന്നുമൊക്കെ പറയുന്നതും കേൾക്കാം. കാര്യമായി കടലാസിലൊന്നും കുറിച്ചുകാണാറില്ല. അഞ്ചോറുമിനിറ്റ് ഈ സംസാരം കഴിഞ്ഞാൽ ഫോൺ താഴെവെയ്ക്കുന്നു. മടക്കികുത്തിയ മുണ്ടുമായി സിഗററ്റു വലിച്ച് കുറേനേരം നടക്കുന്നു. പിന്നെ ഒരൊറ്റയിരിപ്പ്. അതുകഴിഞ്ഞാൽ രണ്ടര കോളം വരുന്ന ചോദ്യോത്തരം റെഡി.

ഏതെങ്കിലും വിധത്തിൽ നമ്പ്യാർക്ക് ഫോൺ അറ്റൻറുചെയ്യാൻ കഴിയാതെ വന്നാൽ അന്നത്തെ ദിവസം പോക്കാണ്. മുപ്പതും അതിലേറെയും മിനിറ്റുകൾ തിണ്ടാടിയാലും പലർക്കും അതുപറ്റാറില്ല. തിരു-വനന്തപുരം ലേഖകൻെറ തെറിവിളികൾക്കിരിവരികയും ചെയ്യും.

ഒ.പി ജോസഫ് അനുസ്മരിച്ച quickness ഉണ്ടല്ലോ. അനുപമം എന്നേ നമ്പ്യാരുടെ ഈ സിദ്ധിവിശേഷത്തെ വിശേഷിപ്പിക്കാനാവൂ.

നമ്പ്യാർ അന്തരിച്ച് എത്രയോകഴിഞ്ഞിട്ടാണ് പി.റ്റി. ഉഷ ഒളിമ്പിക്സിൽ ഓടിയത്. ഉഷയുടെ ഓട്ടത്തെപ്പറ്റി എ. എഫ്.പി. റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്."The devastating display of speed" ഓട്ടത്തിലായാലും പ്രസംഗത്തിലായാലും നമ്പ്യാരുടെസ്പീഡ് എ.എഫ്. പി ക്കാരൻെറ

[illegible]
റിപ്പോർട്ടിനെ അനുസ്മരിപ്പിക്കുന്നതാണെന്നേ പറഞ്ഞു കൂടൂ. ഇത്തരം അനേക സന്ദർഭങ്ങൾക്ക് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

വേഗത്തിന്റെ ഈ മാന്ത്രികൻ ചിലപ്പോൾ കുഴി മടിയൻ കൂടി ആയിരുന്നു എന്ന് അറിയുന്നവർക്കേ അറിയൂ. പക്ഷേ ആ മടിയെല്ലാം ഞൊടിയിട കൊണ്ട് തീർന്ന് ലക്ഷ്യപ്രാപ്തിയിലെത്താൻ അദ്ദേഹത്തിനു നിഷ്പ്രയാസം കഴിഞ്ഞിരുന്നു.

സാഹിത്യ പ്രവർത്തക സഹകരണ സംഘം ഒരു വിശ്വവിജ്ഞാന കോശം പ്രസിദ്ധീകരിച്ചിട്ടുണ്ടല്ലോ. ആ ബൃഹത് ഗ്രന്ഥ പരമ്പരയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചരിത്രമെഴുതാൻ ഏൽപിച്ചിരുന്നത് കരുണാകരൻ നമ്പ്യാരെയാണ്. നമ്പ്യാർ എഴുതിയില്ല. കോട്ടയത്തുനിന്നും കത്തുകളും ടെലിഫോൺ വിളികളും അടിയ്ക്കടിയ്ക്ക് വന്നുകൊണ്ടിരുന്നു. അവസാനം എഴുതാനുറച്ചു. ഒരു ദിവസം കാലത്ത് നേരത്തേ ഓഫീസിലെത്തി. മുഖപ്രസംഗത്തിന്റെപണി കഴിച്ച് ഒറ്റയിരിപ്പാണ്. കോൺഗ്രസ്സിന്റെ ചരിത്രം ആരംഭിക്കുന്നു. രണ്ടുപത്തിയായി അനേകം പേജുകളിൽ പരന്നുകിടക്കുന്ന നമ്പ്യാരെഴുതിയ കോൺഗ്രസ്സിന്റെ ചരിത്രം അതുവരെ മലയാളത്തിൽ അച്ചടിക്കപ്പെട്ട കോൺഗ്രസ്സിന്റെ ഏറ്റവും സമഗ്രമായ ഹ്രസ്വചരിത്രമാണ്. ഒരുപരിശോധനയുമില്ലാതെ റഫറൻസുമില്ലാതെ മണിക്കൂറുകൾ കൊണ്ടാണത് എഴുതിതീർത്തത് എന്ന് അറിഞ്ഞാലേ ആ രചനയുടെ മാഹാത്മ്യം ബോധ്യമാകൂ.

വർഷം 1977 – ജയപ്രകാശ് നാരായണൻ അന്തരിക്കുന്നു. ഒരു വട്ടം ജെ. പി. യെ വധിച്ച ഷോക്കുള്ളതു കൊണ്ടാവണം സത്യത്തിൽ മരണം നടന്നപ്പോൾ കുറച്ചു വൈകിതന്നെയേ പ്രധാനമന്ത്രി മൊറാർജി ദേശായ് അക്കാര്യം പാർലമെന്റിൽ പ്രഖ്യാപിച്ചുള്ളൂ. വീട്ടിലിരുന്ന് വാർത്തയറിഞ്ഞ നമ്പ്യാർ വിയർത്തുകുളിച്ചാണ് ആഫീസിലെത്തുന്നത്. തന്റെ താമസസ്ഥലമായ ചേറൂരിൽ നിന്നും അഞ്ചു കിലോമീറ്റർ അകലെയാണ് ആഫീസ്. കുടയും കുത്തിപ്പിടിച്ച് കുടവയറിനു മുകളിൽ മുണ്ടും മടക്കികുത്തിയുള്ള നമ്പ്യാരുടെ വരവ് സാധാരണ വഴിയോരത്തുള്ളവർക്കു കൗതുകകരമായ കാഴ്ചയായിരിക്കും. പലരും അവരുടെ വാച്ചുകളിൽ സമയം ശരിപ്പെടുത്തിയിരുന്നത് നമ്പ്യാരുടെ പോക്കുകണ്ടിട്ടാണ് എന്ന് തമാശയായി പറഞ്ഞു കേട്ടിട്ടുണ്ട്. അദ്ദേഹത്തിനു സഞ്ചരിക്കാൻ വാഹനമുണ്ടായിരുന്നില്ല. എന്തിന് വീട്ടിലൊരു ടെലിഫോൺ പോലുമുണ്ടായിരുന്നില്ല. ജെ. പി യുടെമരണ

വാർത്തയറിഞ്ഞ നമ്പ്യാർ പതിവുപോലെ മന്ദമന്ദം നടക്കുകയായിരുന്നില്ല, പായുകയായിരുന്നു.

വന്നപാടെ പ്രിൻററിൽ അതുവരെ അടിച്ചു വന്ന വാർത്ത മുഴുവൻ നോക്കി. ആരോടും ഒന്നും മിണ്ടിയില്ല. ഒന്നും പറയാതെ തന്നെ പ്യൂൺ പരമേശ്വരൻ നായർ ചായ വാങ്ങിക്കൊണ്ടു കൊടുത്തു. ഒരെണ്ണം കൂടി വേണമെന്ന് ആംഗ്യം കാട്ടി. ജെ.പി. യുടെ ചരമക്കുറിപ്പ് എഴുതുകയാണ്. മുഖപ്രസംഗമല്ല. പിറ്റേദിവസം അച്ചടിച്ചു പത്രത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ കൃത്യം എട്ടു കോളമാണ്. ഒരു സങ്കീർത്തനം പോലെയൊഴുകുന്ന സംഭവബഹുലമായ ജീവിത വാഹിനി. മറ്റൊരു പത്രത്തിലും - ഇംഗ്ലീഷിലും മലയാളത്തിലും- ഇങ്ങനെയൊരു ചരമക്കുറി പ്രത്യക്ഷപ്പെട്ടതായി ഓർക്കുന്നില്ല. കാരണം, ജെ. പി അന്തരിക്കുമ്പോൾ ഒരുപത്രമാപ്പീസിലും ജെ.പി യെ ഇത്രമേൽ മനസ്സിലാക്കിയ മറ്റൊരാൾ ജീവിച്ചിരുന്നില്ല.

നമ്പ്യാർജി കാണിച്ച ഈ രചനാവിസ്മയം അദ്ദേഹം അന്തരിച്ച് ഏഴു വർഷത്തിനു ശേഷം ഞാൻ അനുകരിക്കാൻ ശ്രമിച്ചു. ഇന്ദിരാഗാന്ധി അന്തരിച്ചപ്പോൾ നാലു നാലര കോളമെഴുതിയപ്പോഴേക്കും എൻെറ കൈയ്യും മനസ്സും തളർന്നുപോയി. ജെ. പി. നമ്പ്യാർക്ക് ഒരു ഒബ്സഷനായിരുന്നു. അദ്ദേഹം ലോഹ്യയുടെയും ആരാധകനായിരുന്നു. പക്ഷേ, വിവേകാനന്ദൻ പറഞ്ഞില്ലേ ഇന്ത്യക്കാവശ്യം ശങ്കരൻെറ ബുദ്ധിയും ബുദ്ധൻെറ ഹൃദയവുമാണെന്ന്. നമ്പ്യാർ പറയുമായിരുന്നു "ഇന്ന് ഇന്ത്യക്കാവശ്യം ലോഹ്യയുടെ ബുദ്ധിയും ജെ.പി. യുടെ ഹൃദയവുമാണ്".

നമ്പ്യാർ സൂചിപ്പിച്ച ജെ.പി യുടെ ഹൃദയവും ലോഹ്യയുടെ ബുദ്ധിയും ഇന്ത്യയിലെ ഭരണാധികാരികൾക്ക് ഇല്ലാതെ പോയതാണ് അടിയന്തിരാവസ്ഥയിലേക്കെത്തിച്ച അപചയത്തിനു കാരണം. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം രാഷ്ട്രം അഭിമുഖീകരിച്ച ഏറ്റവും ഭീകരമായ മനുഷ്യാവകാശ ഭീഷണി അടിയന്തിരാവസ്ഥയായിരുന്നല്ലോ. മനുഷ്യരുടെ ചിന്തയ്ക്കും സ്വാതന്ത്ര്യത്തിനും എന്തിന് സ്വപ്നങ്ങൾക്കു പോലും വിലങ്ങുവെച്ച ആ കാലം പത്രങ്ങളേയും പത്രപ്രവർത്തകരേയും സംബന്ധിച്ചിടത്തോളം ഇരുണ്ടകാലമായിരുന്നു. എക്സ്പ്രസ്സിനെപ്പോലുള്ള ചില പത്രങ്ങളുടെ അന്തഃപുരത്തിൽ ആ ഇരുട്ട് കൂടുതൽ ഘനീഭൂതമായിരുന്നു. മുഖപ്രസംഗത്തിൻെറ കോളം കറുത്ത ബോർഡറിട്ട് ശൂന്യമാക്കി പ്രതിഷേധിക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ആ സ്ഥലം അങ്ങനെ തരിശിടാനുള്ളതല്ല എന്ന സെൻ

സറുടെതാക്കിതിനെ അതിജീവിക്കാൻ ഒരു പത്രത്തിനും കഴിഞ്ഞില്ല. ആരോ പിൽക്കാലത്ത് വിശേഷിപ്പിച്ച "നിശബ്ദതയുടെ അരാജകത്വം" (Anarchy of Silence) എങ്ങും കളിയാടി. അനേകായിരങ്ങളുടെ ജീവിതമാർഗ്ഗം കൂടിയായ ഒരു വ്യവസായമായിരുന്നല്ലോ പത്രലോകം. അതുകൊണ്ട് ഭൂരിപക്ഷവും കീഴടങ്ങുകയായിരുന്നു. പക്ഷേ ആ കീഴടങ്ങലിലും പരോക്ഷമായൊരു ചെറുത്തു നിൽപ്പിൻെറയും പ്രതിഷേധത്തിൻേറയും സ്വരമുയർത്താൻ നമ്പ്യാർക്കു കഴിഞ്ഞു. ആയിടെപത്രമാഫീസുകളിലെല്ലാം കെ. സന്താനത്തിൻെറ ഒരു കത്തു വന്നിരുന്നു. അതിലദ്ദേഹം ആവർത്തിച്ച് അനുസ്മരിപ്പിച്ചത് "ഗവൺമെൻറിനെ എതിർക്കാൻ പാടില്ലന്നേ പറഞ്ഞിട്ടുള്ളു. അനുകൂലിക്കണമെന്ന് ആജ്ഞാപിച്ചിട്ടില്ല" എന്നാണ്. സന്താനത്തിൻെറ ഈ ആഹ്വാനം അനുസന്ധാനം ചെയ്യണമെന്ന് നമ്പ്യാർ പത്രപ്രവർത്തകരെ ഉദ്ബോധിപ്പിച്ചു. മുഖപ്രസംഗങ്ങളെ അന്യാപദേശകാവ്യങ്ങളാക്കി അദ്ദേഹം മാറ്റി. ആയിടെ ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങളെക്കുറിച്ച് നമ്പ്യാരെഴുതിയ മുഖപ്രസംഗങ്ങൾക്ക് കണക്കില്ല. ഇതിനിടയ്ക്കെല്ലാം അദ്ദേഹം ഇന്ത്യയിൽ നടന്നുകൊണ്ടിരുന്ന ജനാധിപത്യ ധ്വംസനത്തെയാണ് ഭംഗ്യന്തരേണ എടുത്തുകാട്ടിയിരുന്നത്. വായിക്കുന്നവർ കാര്യം മനസ്സിലാക്കിയിരുന്നു.

അടിയന്തിരാവസ്ഥയുടെ അടച്ചുപൂട്ടുകാലത്ത് ദേശാഭിമാനിയുടെ തൃശൂർ ലേഖകനായിരുന്ന എസ്. ആർ ശക്തിധരൻ നമ്പ്യാരുമായി നടത്തിയൊരഭിമുഖം കേരളത്തിലെ പത്രപ്രവർത്തകരുടെ പ്രസിദ്ധീകരണമായ പത്രപ്രവർത്തകനിൽ പ്രത്യക്ഷപ്പെട്ടിരുന്നു. വാർത്തകൾക്കൊരിക്കലും ക്ഷാമമില്ല എന്നതലക്കെട്ടുള്ള ആ അഭിമുഖം പൂർണ്ണമായി ഇവിടെ പകർത്തട്ടെ.

## വാർത്തകൾക്ക് ഒരിക്കലും ക്ഷാമമില്ല.

അടിയന്തിരാവസ്ഥയുടെപുതിയ സാഹചര്യത്തിൽ വാർത്തകൾ ഉണ്ടാക്കാൻ എന്തൊക്കെ ചെയ്യുന്നു? എന്തെല്ലാം പരീക്ഷണങ്ങളാവാം എന്ന ചോദ്യത്തിന് നമ്പ്യാർ പറഞ്ഞു.

വാർത്താക്ഷാമമില്ല. വാർത്തകളുണ്ടാക്കാൻ ഒന്നും ചെയ്യേണ്ടിവരുന്നുമില്ല. അടിയന്തിരാവസ്ഥയ്ക്കു ശേഷമുള്ള സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട്, എക്സ്പ്രസ്സ് പത്രത്തിൻെറ എഡിറ്ററും ന്യൂസ് എഡിറ്ററുമായ വി. കരുണാകരൻ നമ്പ്യാർ തുറന്നു പറഞ്ഞു.

" പ്രസ്താവനാദികളുടെ ബാഹുല്യം കൊണ്ട് പത്രങ്ങൾ ശ്വാസം മുട്ടിയിരുന്ന സ്ഥാനത്ത് പരസ്യം കഴിച്ചു ബാക്കിയുള്ള സ്ഥലത്ത് വല്ലതും നാലു വരി വായിക്കാൻ കൊടുക്കാൻ ഇന്നു കഴിയുന്നു. "

പണി എടുക്കുന്ന പത്രത്തിന് സ്വന്തം വ്യക്തിത്വം കൊണ്ട് മിഴിവു നൽകുന്ന പ്രാമാണികനായ ആ "വർക്കിങ് ജേർണലിസ്റ്റി " നെ പത്രപ്രവർത്തകനു വേണ്ടി എക്സ്പ്രസ്സ് ഓഫീസിൽ വച്ചു കൂടിക്കാഴ്ച നടത്തിയത് എസ്. ആർ ശക്തിധരനാണ്.

"വായനക്കാരുടെ നിസ്സഹകരണം " കൊണ്ടും അധികാരികളുടെ അമർഷം കൊണ്ടും സാമ്പത്തികമായ ഭദ്രതയില്ലാത്തതുകൊണ്ടും പത്രങ്ങൾ നിന്നുപോയിട്ടുണ്ടെങ്കിലും വാർത്തയില്ലാത്തതുകൊണ്ട് ലോകത്തിൽ ഇതുവരെ ഒരുപത്രവും നിന്നുപോയിട്ടില്ല. ഞാൻ ജോലി ചെയ്യുന്ന പത്രത്തിനും ഇതുവരെ " വാർത്താക്ഷാമം " നേരിട്ടിട്ടില്ലെന്നതാണ് സത്യം. " ഖണ്ഡശഃ ടെക്നിക്ക് " ഇല്ലാത്തതിനാൽ വിശേഷിച്ചും . ഒരേപേരിൽ പലതായി പ്രത്യക്ഷപ്പെടുന്ന പത്രങ്ങൾക്ക് "വാർത്താക്ഷാമ "മുണ്ടാകാമെങ്കിലും ഒരേരൂപത്തിൽ എല്ലായിടത്തും പ്രചരിപ്പിക്കുന്നവർക്ക് അതു പ്രശ്നമല്ലതന്നെ. അതിനാൽ വാർത്തകൾ " ഉണ്ടാക്കാൻ " ഒന്നും ചെയ്യേണ്ടി വരുന്നുമില്ല.

"രാഷ്ട്രീയ"ത്തിന്റെ അതിപ്രസരവും പ്രകടന-പ്രസ്താവനാദികളുടെ ബാഹില്യവും അടിയന്തിരാവസ്ഥക്കുമുമ്പ് എല്ലാ പത്രങ്ങളേയും ശ്വാസം മുട്ടിച്ചിരുന്നു എന്നത് സത്യമാണ്. "ഒരു പ്രസ്താവനയിൽ പറയുന്നു "എന്ന വായ്ത്താരിയോടെ ദശക്കണക്കിന് കത്തുകൾ അക്കാലത്ത് കിട്ടിയിരുന്നു. പല കാരണങ്ങളാലും ഇവയെ അവഗണിക്കാൻ സാധ്യമല്ലാതെ പത്രക്കാർ വളരെ കുഴങ്ങിപ്പോയിട്ടുണ്ട്. "മനുഷ്യൻ ജീവിക്കുന്നതു അപ്പം കൊണ്ടു മാത്രമല്ല " എന്നു പറഞ്ഞതുപോലെ മനുഷ്യന് താൽപര്യമുള്ളതു രാഷ്ട്രീയത്തിൽ മാത്രമല്ലല്ലോ. രാഷ്ട്രീയേതര വിഷയങ്ങൾ - കല, സാഹിത്യം വിദ്യാഭ്യാസം, ശാസ്ത്രം ഗ്രാമീണാഘോഷങ്ങൾ, മതപരമായ പരിപാടികൾ എന്നിങ്ങനെ · അക്കാലത്ത് പിൻതള്ളപ്പെട്ടു പോയിരുന്നു. ഇപ്പോൾ അവയ്ക്കൊക്കെ അർഹതയനുസരിച്ചുള്ള മാന്യസ്ഥാനം തന്നെ നൽകാൻ കഴിയുന്നു. വല്ലവരും മരിച്ചാൽ മാത്രമേ ഇപ്പോൾ പ്രസ്താവനാ വിദഗ്ധരെകൊണ്ടുള്ള ശല്യമുള്ളു.

പുതിയ പശ്ചാത്തലത്തിൽ പത്രങ്ങൾ വൈവിധ്യപൂർണമാകാൻ ശ്രമിക്കുകയും വിജയിക്കുകയും ചെയ്യുന്നുണ്ട്. പരസ്യം കഴിച്ചു ബാക്കി

[illegible]
യുള്ള സ്ഥലത്ത് വല്ലതും നല്ല നാലുവരി വായിക്കാൻ കൊടുക്കാനും സാധിക്കുന്നു. സ്വാഭാവികമായും വായനക്കാർ ഇതിൽ സന്തുഷ്ടരാണ്.

പുതിയ വാർത്താമേഖലകളെക്കുറിച്ചു തുടർന്നുള്ള ചോദ്യത്തിനു നമ്പ്യാർ ഇങ്ങനെ മറുപടി നൽകി. "ഇതിനുള്ള ഉത്തരം ആദ്യത്തേതിൽ തന്നെ അന്തർഭവിച്ചിട്ടുണ്ട്. "വ്യക്തിയാണ് വാർത്താകേന്ദ്രം" എന്ന തത്വമനുസരിച്ച് അനേകം പുതിയ വാർത്താ ഭൂമികൾ കണ്ടെത്താൻ നമുക്ക് കഴിയും. ഒരൊറ്റ ഉദാഹരണം. നാം സ്ക്കൂളുകൾ, കലാസമിതികൾ, ക്ലബ്ബുകൾ തുടങ്ങിയവയുടെ വാർഷിക പരിപാടികൾ റിപ്പോർട്ടു ചെയ്യാറുണ്ടല്ലോ. അവസാനമൊരു വാചകം ഇങ്ങനെ ഭവ്യതയോടെഎഴുതിചേർക്കുകയും ചെയ്യും." സമ്മേളനാനന്തരം കലാപരിപാടികളും ഉണ്ടായിരുന്നു." ഈ കലാപരിപാടികളെ കുറിച്ച് സാമാന്യം വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്.

" അവരിപ്പോൾ അവിടെ, എന്തുചെയ്യുന്നു " എന്നൊരു പംക്തി ചില പാശ്ചാത്യ പത്രങ്ങളിൽ (അമേരിക്കയിലും) കണ്ടിട്ടുണ്ട്. ഏതെങ്കിലും ഒരു രംഗത്ത്- കലയിലായാലും രാഷ്ട്രീയത്തിലായാലും വിദ്യാഭ്യാസത്തിലായാലും ശാസ്ത്രരംഗത്തായാലും പ്രത്യേകമായ ബഹുമതിക്കർഹനാവുകയോ സ്ഥാനമേറ്റെടുക്കയോ ചെയ്യുന്നൊരാളുടെ വാർത്തകൊടുക്കുമ്പോൾ ആ സ്ഥാനത്ത് മുമ്പ് ഇരുന്നിട്ടുള്ള, ഈ പദവിക്ക് മുമ്പ് അർഹനായിട്ടുള്ള - വ്യക്തിയേയോ വ്യക്തികളേയോ കുറിച്ച് ഒരു ലഘു വിവരണം (പറ്റുമെങ്കിൽ സചിത്രം) കൊടുക്കാവുന്നതാണ്. ഇങ്ങനെ പലതും.

ന്യൂസ് എഡിറ്ററുടെ ചുമതലകൾ വർദ്ധിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനു നമ്പ്യാർ പറഞ്ഞു.

തീർച്ചയായും, ചെറിയ പത്രങ്ങളെ സംബന്ധിച്ചിടത്തോളം ടിക്കറ്റ് കൊടുക്കാനും മണിയടിക്കാനും കൊടികാണിക്കാനുമൊക്കെ ഒരേ ഒരാൾമാത്രമുള്ള തീവണ്ടി സ്റ്റേഷൻ പോലെ പല ജോലിയും ഈ "ന്യൂസ് എഡിറ്റർ" ചെയ്യേണ്ടിവരും. ഇക്കാലത്ത് സ്വാഭാവികമായും ഒരാളുടെ ചുമതല വർദ്ധിക്കുന്നു. ഒരു "ഇൻടേണൽ എഡിറ്ററെ"പ്പോലെ ആഭ്യന്തര സംശോധകനായി അദ്ദേഹം വർത്തിക്കേണ്ടതുണ്ട്.

ഗാന്ധിജിയുടെഅന്ത്യത്തെക്കുറിച്ചുള്ള വാർത്ത തന്നിൽ ഏൽപ്പിച്ച ആഘാതം അദ്ദേഹം എന്നും ഓർമ്മിക്കുന്നു.

1948 ജനുവരി 30 - അന്നു പത്രപ്രവർത്തനത്തിന്റെ ഹരിശ്രീ പോലും പഠിച്ചിട്ടില്ലാത്ത എനിക്ക് ഒരു രാഷ്ട്രീയ വാരികയിൽ ചെറിയൊരു

ചുമതലയുണ്ടായി. ആ ആഴ്ചയിലെ പത്രം അടിച്ചു അയക്കാൻ തയ്യാറാക്കിവെച്ച ശേഷം വീട്ടിലേക്കു പോകാൻ ബസ്സിൽ കയറിയപ്പോഴാണു ആ വാർത്ത - ഗാന്ധിജിയുടെഅന്ത്യം - കേട്ടതും സ്തംഭിച്ചു പോയതും. പെട്ടെന്നിറങ്ങി പ്രസ്സിലേക്കു നടന്നു. വാരികയുടെഒന്നാം പേജാകെ മാറ്റണം. എന്തെഴുതണം? എങ്ങനെ തുടങ്ങണം? ഏതൊക്കെ ഉൾപ്പെടുത്തണം? 'ഒരു നിശ്ചയമില്ല, ഒന്നിനും' എന്ന മട്ടിലായി. ശരീരത്തിനു ക്ഷീണം, മസ്തിഷ്കത്തിന്നു തളർച്ച, കൈക്ക് കഴപ്പ്, മനസ്സിന്നുഭാരം, സ്മൃതിക്കു ഭ്രംശം- എങ്കിലും എന്തൊക്കെയോ വാരിവലിച്ചെഴുതി, പേജ് മാറ്റി രാത്രിതന്നെ അച്ചടി പൂർത്തിയാക്കി കെട്ടുകൾ ശരിപ്പെടുത്തുകയും ചെയ്തു. പിൽക്കാലത്ത് അനേകശതം ആളുകളുടെ "ചരമപ്രസംഗം" നിർവ്വഹിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും തികഞ്ഞ നഷ്ടബോധത്തോടെ അന്നു ചെയ്ത ജോലി ഒരിക്കലും മറക്കാൻ സാധ്യമല്ല.

## അദ്ധ്യായം മൂന്ന്

# മുഖപ്രസംഗങ്ങൾ

മുഖപ്രസംഗമെന്ന പ്രയോഗം നമ്മുടെ പത്രലോകത്തിൽ പ്രവേശിച്ചതെങ്ങനെയാണ്? ആരാണ് ആദ്യത്തെ മുഖപ്രസംഗകൻ? ഇതെഴുതുന്ന നിമിഷം വരെ അന്വേഷിച്ചിട്ടും അതു കണ്ടെത്താനായില്ല. കണ്ടെത്തി സ്ഥാപിച്ചില്ലെങ്കിലും വലിയകുഴപ്പവും ഇല്ല. ഇവിടെ, എന്നും ഏതു രംഗത്തും ആദ്യജാതമായതേത് എന്നതിനെക്കുറിച്ചു തർക്കമാണല്ലോ. ആദ്യത്തെ പത്രവും പത്രാധിപരും നോവലും നോവലിസ്റ്റും കഥയും കഥാകൃത്തും എല്ലാം തർക്കച്ചുഴിയിലാണ്.

മലയാളത്തിൽ പ്രഖ്യാതരായ ഏറെ മുഖപ്രസംഗമെഴുത്തുകാരുണ്ടായിട്ടുണ്ട്. ഉണ്ടായിട്ടുണ്ട്, എന്നു പറയുന്നതിൽ ഇന്നില്ല എന്ന സൂചനയില്ല. വൃത്താന്ത പത്രപ്രവർത്തനത്തിന്റെ വൃത്തമഞ്ജരീകാരൻ എന്നു വിശേഷിപ്പിക്കാവുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കേസരി നായനാർ, കണ്ടത്തിൽ വർഗ്ഗീസു മാപ്പിള, കേസരി ബാലകൃഷ്ണപിള്ള, ഗോമതി രാഘവൻ നായർ, മുണ്ടശ്ശേരി, കെ. ബാലകൃഷ്ണൻ - അങ്ങനെ നീളുന്ന ആനിരയിൽ കരുണാകരൻ നമ്പ്യാർക്കും സ്ഥാനമുണ്ട്. നമ്പ്യാരൊഴിച്ച് മുൻ ചൊന്നവരെല്ലാം ശരിക്കും " പത്രാധിപ "ന്മാരായിരുന്നു. പേരുവെച്ച പത്രാധിപന്മാർ. അതു കൊണ്ടുതന്നെ അവർ ആധിപത്യം വഹിച്ച പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട മുഖപ്രസംഗങ്ങാം അവരാൽ വിരചിതങ്ങളാണ്. മുഖപ്രസം

ഗങ്ങളുടെ താഴെ അവരുടെ വിരലടയാളമുണ്ടായിരുന്നു. മുണ്ടശ്ശേരിയുടെ നവജീവനും രാഘവൻ നായരുടെ ഗോമതിയും തമ്മിൽ ഒരു മുഖപ്രസംഗ യുദ്ധം തന്നെ നടത്തിയപ്പോൾ മുണ്ടശ്ശേരിയെ "ഒപ്പുമുദ്ര" പത്രാധിപരെന്ന് രാഘവൻ നായർ വിശേഷിപ്പിച്ച് ആക്ഷേപിച്ചത് ഓർത്തുപോകുന്നു.

ഇപ്പോഴും മുഖപ്രസംഗമെന്ന പ്രയോഗം എങ്ങനെയുണ്ടായി എന്നതിന് ഉത്തരമായില്ല. ഇംഗ്ലീഷിലെ ലീഡർ എന്ന പദത്തിൽ "പ്രസംഗ"ധ്വനിയില്ല. പ്രസംഗമെന്നാൽ സാധാരണ ഗതിയിലത് വേദിയിൽ നിന്നുമുള്ള ഭാഷണമാണല്ലോ. ഇവിടെ അങ്ങനെയൊരു ഭാഷണ ദോഷം പറയാനില്ല. പിന്നെ ഈ മുഖപ്രസംഗത്തിന്റെ ജനനം? യഥാർത്ഥ അച്ഛനാരെന്ന് അവകാശപ്പെടാനില്ലാത്ത, അച്ചിൽ പിറന്ന ഈ കൊച്ച് അങ്ങനെ കഴിയട്ടെ.

നമുക്ക് നമ്പ്യാരിലെ മുഖപ്രസംഗമെഴുത്തുകാരനെ കണ്ടെത്തുക. അദ്ദേഹം എഴുതിയ ആദ്യത്തെ മുഖപ്രസംഗം പ്രത്യക്ഷപ്പെട്ടത് ഏതു പത്രത്തിലാണ്? പൗരശക്തിയിലോ പ്രഭാതത്തിലോ ഗോമതിയിലോ? അതോ എക്സ്പ്രസ്സിലോ? പൗരശക്തിയിലും പ്രഭാതത്തിലും ഗോമതിയിലും അദ്ദേഹം എഴുതിക്കാണും. പക്ഷേ, അതിനു തെളിവുകളില്ല. എന്നല്ല, ഈ പത്രങ്ങളുടെ മുഖപ്രസംഗമുള്ള ഒരു കോപ്പിപോലും കണ്ടെടുക്കാൻ ഈ ലേഖകനായില്ല. മുഖപ്രസംഗത്തിലെ നമ്പ്യാരുടെ ഏറെക്കാലത്തെ, എന്നു വെച്ചാൽ മരണപര്യന്തമുള്ള ഏകാഗ്രപത്രാധിപത്യം എക്സ്പ്രസ്സിൽ തന്നെ.

ഗോമതിയിൽ നിന്നും നമ്പ്യാർ എക്സ്പ്രസ്സിലേക്കു പ്രവേശിക്കുമ്പോൾ അവിടെ വാഴ്ച നടത്തിയിരുന്നത് മറ്റൊരു നമ്പ്യാരാണ് - എ.പി. നമ്പ്യാർ. കാവിൽപ്പാടെന്ന തൂലികാനാമത്തിൽ പ്രഖ്യാതനായ കണ്ണൻ ജനാർദ്ദനൻ വേദിവിട്ടിരുന്നു. മലയാളത്തിലും സംസ്കൃതത്തിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്ന എ.പി.ക്ക്, പ്ലേറ്റോവിനു കിട്ടിയ അരിസ്റ്റോട്ടിൽ പോലെയായിരുന്നു കരുണാകരൻ നമ്പ്യാർ. ഇരുവരുടെയും ജ്ഞാന വിജ്ഞാന വിശേഷങ്ങൾ ഒന്നിച്ചു ചേർന്നപ്പോൾ എക്സ്പ്രസ്സ് അതിന്റെ ജൈത്രയാത്രയുടെ ജാതകം കുറിക്കുകയായിരുന്നു. കേരളവും അതിന്റെ പ്രശ്നങ്ങളും (അന്നു കേരളമുണ്ടായിട്ടില്ല, തിരുകൊച്ചിയായിരുന്നു) എ.പി. കൈകാര്യം ചെയ്തപ്പോൾ ലോകവും ഇന്ത്യയും കരുണാകരൻ നമ്പ്യാരുടെ കൈപ്പിടിയിലൊതുങ്ങി.

നമ്പ്യാരുടെ ആദ്യത്തെ ശ്രദ്ധേയമായ മുഖപ്രസംഗം ജോസഫ് സ്റ്റാലിനെക്കുറിച്ചുള്ളതായിരിക്കണം എന്ന് ഞാൻ ഊഹിക്കുന്നു. അതു സ്ഥി

രീകരിക്കാനുള്ള തെളിവുകളൊന്നുമില്ല. പക്ഷെ ആ ചരമക്കുറിയിലെ ഈ അന്ത്യവാചകം കരുണാകരൻ നമ്പ്യാർക്കേ എഴുതാനാകൂ. ``ഈ ആത്മാവിനും പുനർജന്മമില്ലാത്ത നിത്യശാന്തിയുണ്ടാകട്ടെ''. ജീവിതത്തിലൊരിക്കലും ചിരിച്ചിട്ടില്ലാത്ത സ്റ്റാലിൻ ഈ വാചകം വായിച്ച് മന്ദഹസിച്ചിരിക്കണം.

ഈ ലേഖകൻ ഒരു സബ്ബ് എഡിറ്റർ ട്രെയിനിയായി എക്സ്പ്രസ്സിലെത്തുമ്പോൾ നമ്പ്യാർ അവിടെ വന്നിട്ട് ഒരു ദശകത്തിലേറെയായി. അദ്ദേഹം ഏറെക്കുറെ മുഖപ്രസംഗമെഴുത്തിൽ മാത്രം ഒതുങ്ങുകയോ വളർന്നുയരുകയോ ആയിരുന്നു.

സാധാരണ പത്രമാഫീസുകളിൽ ദിവസവും എഡിറ്റോറിയൽ ബോർഡു യോഗം കൂടി അന്നിറങ്ങിയ പത്രത്തിലെ വാർത്തകളെക്കുറിച്ചും മറ്റും വിചാരണ നടത്തുമെന്നും ചർച്ചചെയ്ത് മുഖപ്രസംഗത്തിനുള്ള വിഷയം നിശ്ചയിക്കുമെന്നും കേട്ടിട്ടുണ്ട്. പക്ഷേ എക്സ്പ്രസ്സിൽ അതൊന്നും കണ്ടിട്ടില്ല. പത്തു മണിക്ക് ഓഫീസിലെത്തിയാൽ ഉടമസ്ഥ പത്രാധിപർ കൃഷ്ണനുമൊന്നിച്ച് ചായകുടിച്ചും സിഗററ്റ് വലിച്ചും സൊറ പറഞ്ഞിരിക്കുന്ന നമ്പ്യാർ ആ സല്ലാപത്തിൽ നിന്നും പന്ത്രണ്ടു മണിക്കു മുക്തനാകുന്നു. ആ മുക്തി ഒരു മുഖപ്രസംഗത്തിന്റെ ജന്മത്തിനുള്ള മുക്തിയാണ്. കൃഷ്ണനുമായുള്ള സല്ലാപത്തിൽ നമ്പ്യാരുടെ കണ്ണും കാതും മാത്രമേയുണ്ടാകൂ. മനസ്സുനിറയെ മുഖപ്രസംഗത്തിന്റെ ഗർഭ ഭാരമായിരിക്കും. ആ ഭാരമൊഴിക്കാൻ, കൂടിയാൽ അരമണിക്കൂറേ വേണ്ടൂ. ഇടത്തെ കയ്യിന്റെ ചൂണ്ടാണി വിരലിനും പെരു വിരലിനുമിടയിൽ മൂന്നുനാലു ഗോൾഡ് ഫ്ളേക്ക് സിഗററ്റ് എരിഞ്ഞു കഴിയുമ്പോഴേക്കും എഴുത്തു തീർന്നിരിക്കും. രണ്ടാമതൊന്നു വായിച്ചു നോക്കുക പതിവില്ല. രണ്ടാമതൊരാൾ അതു കാണാറുമില്ല. അതു നേരെ പോകുന്നത് കാത്തുനിൽക്കുന്ന കമ്പോസിറ്ററുടെ കയ്യിലേക്കാണ്. പ്രൂഫ് വരുമ്പോഴേ സ്റ്റാഫിലുള്ളവർ എന്താണ് മുഖപ്രസംഗമെന്നറിയാറുള്ളൂ. അർദ്ധരാത്രിക്ക് അടി കഴിഞ്ഞ് പത്രം വീട്ടിലെത്തിക്കുമ്പോഴേ ഉടമസ്ഥ പത്രാധിപരും അതു കാണാറുള്ളൂ. തന്റെ കഴിവിനെക്കുറിച്ചും തെറ്റാവരത്തെക്കുറിച്ചും തീർത്തും ബോധവാനായിരുന്നു അദ്ദേഹം. ധിഷണയുടെയധികാരമെന്നു പോലും ആ ബോധ്യത്തെ പേരിട്ടു വിളിക്കാം. തന്റെ രചനയിലെ ഏതോ വികല്പം ചൂണ്ടിക്കാട്ടിയ ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർക്ക് സാക്ഷാൽ കുഞ്ഞുക്കുട്ടൻ തമ്പുരാൻ ഇങ്ങനെ എഴുതിയില്ലേ? ``...... ഹേ മാനമിയലും മന്നാടിയാരേ നമുക്കി

വേലക്കൊരബദ്ധം അച്ചു പിഴയിൽ പെട്ടേ പെടുള്ളൂ ദൃഢം''. അതു തന്നെയായിരുന്നു നമ്പ്യാരും.

മുഖപ്രസംഗമെഴുത്തിൽ ഒരു തരം ഏകാധിപത്യ പ്രവണമായ സ്വാതന്ത്ര്യം അദ്ദേഹം അനുഭവിച്ചിരുന്നു. ആ അനുഭവമാണ്, ആകർഷകവും വിലോഭനീയവുമായ ഓഫറുകൾ മഹാപത്രങ്ങളിൽ നിന്നുമുണ്ടായിട്ടും ഒരു കൊച്ചു കൊച്ചിപ്പത്രമായ എക്സ്പ്രസ്സു വിടാതിരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

അന്നും ഇന്നും മറ്റുപല പത്രങ്ങളുടെയും മുഖപ്രസംഗങ്ങൾക്ക് വായനക്കാർ കുറവാണ്. വേറിട്ട് വേലികെട്ടി രണ്ടു കോളത്തിൽ വിളങ്ങുന്നതൊഴിച്ചാൽ വാർത്താ നിവേദനത്തിൽ നിന്നും അന്യമായ അസ്തിത്വം അവയ്ക്കില്ല എന്നതുതന്നെ കാരണം. ഈ കാരണത്തിന്റെ കടയ്ക്കൽ കത്തിവെച്ചു കൊണ്ടാണ് നമ്പ്യാരുടെ വാക്കുകളും വാചകങ്ങളും കത്തിപ്പടർന്നത്. തങ്ങൾ ഓമനിക്കുന്ന ആശയങ്ങളും അഭിപ്രായഭേദങ്ങളും ആ പടരലിൽ എരിഞ്ഞടങ്ങുമ്പോഴും സ്വയം ദഹിക്കുന്ന വായനക്കാർ പോലും അവ വായിച്ചാഹ്ലാദിച്ചിട്ടുണ്ട്. മുഖപ്രസംഗത്തിന്റെ മുഖശ്രീ കൊണ്ട് എക്സ്പ്രസ്സിനെ പ്രഖ്യാതമാക്കിയത് നമ്പ്യാരുടെ ശൈലീ വിലാസമാണ്. നമ്പ്യാരുടെമുഖപ്രസംഗത്തെപ്പറ്റി പ്രശസ്ത പത്രാധിപരും മാർക്സിസ്റ്റ് സൈദ്ധാന്തികനും സാഹിത്യകാരനുമായ പി. ഗോവിന്ദപിള്ള എഴുതിയത് ഇവിടെ ഉദ്ധരിക്കട്ടെ. " . . . . . . സ്വയം അണിയറയിലേക്കു വലിയാൻ സമ്മതിക്കാതെ ആദ്യന്തം അരങ്ങു തകർത്ത സാധനയും സിദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നു. വിവിധമായ വിശാല വകുപ്പുകളെ തഴുകുന്ന അഗാധമായ പാണ്ഡിത്യം, ഊർജസ്വലമായ ഭാഷാശൈലി, നിശിതമായ യുക്തിസാമർത്ഥ്യം അനവദ്യ സുന്ദരമായ നർമ്മ ബോധം എന്നിവ നമ്പ്യാർജിയുടെ മുഖപ്രസംഗങ്ങളെ നാൾതോറും നടക്കുന്ന വിഭവ സമൃദ്ധസദ്യയാക്കി മാറ്റി. പല പത്രങ്ങളിലെയും മുഖപ്രസംഗങ്ങൾ അവഗണിച്ച് മറ്റിനങ്ങൾ നാം വായിക്കുമ്പോൾ എക്സ്പ്രസ്സിൽ മറ്റെന്തു വിട്ടുകളഞ്ഞാലും മുഖപ്രസംഗം വിടുകയില്ല . . . . . ".

നമ്പ്യാരുടെശൈലിയെപ്പറ്റി പറയുമ്പോഴാണ് മുഖപ്രസംഗമെന്ന പദത്തിന്റെ അർത്ഥ വിചാരം വീണ്ടും കടന്നു വരുന്നത്. ഒരിക്കൽ, യശശ്ശരീരനായ എം. ഗോവിന്ദൻ പറഞ്ഞതോർക്കുന്നു. "കരുണാകരൻ നമ്പ്യാരുടെ ശൈലി, പ്രാസംഗികമാണ്. മുണ്ടശ്ശേരിയുടേതും അങ്ങനെത്തന്നെ ". രണ്ടു

തരത്തിലും തലത്തിലും മുണ്ടശ്ശേരിയും നമ്പ്യാരും ഉജ്ജ്വല പ്രഭാഷകന്മാരായിരുന്നു. (നമ്പ്യാരുടെ വാഗ്മിത്വത്തെക്കുറിച്ച് അന്യത്ര) മുഖപ്രസംഗങ്ങളായാലും മറ്റെന്തായാലും മുണ്ടശ്ശേരി സ്വന്തം കൈകൊണ്ട് കാര്യമായി ഒന്നും എഴുതിയിട്ടില്ല. നടന്ന്, പറഞ്ഞ് കൊടുത്ത് എഴുതിക്കുകയാണ് പതിവ്. അങ്ങനെ എഴുതിയെടുക്കുവാനുള്ള ഭാഗ്യം ഈ ലേഖകനുമുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രത്യക്ഷത്തിലൊരു പ്രസംഗചാരുതയും മുഴക്കവും മുണ്ടശ്ശേരിയുടെ മുഖപ്രസംഗങ്ങൾക്കുണ്ട്. പക്ഷേ നമ്പ്യാരുടെ രീതി അതല്ലായിരുന്നു. ഒന്നും പറഞ്ഞുകൊടുത്ത് എഴുതിക്കുന്ന പ്രകൃതം അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹത്തിന്റെ രചനാ ശീലത്തെ പ്രാസംഗികമെന്ന് ഗോവിന്ദൻ വിശേഷിപ്പിച്ചതെന്തേ? നമ്പ്യാരുടെ എഴുത്തിലെ വാക്കുകൾക്കിടയിൽ പ്രസംഗകന്റെ നാക്കുമുണ്ടായിരുന്നതാവണം കാരണം.

മുഖപ്രസംഗമെന്ന പ്രയോഗം തന്നെ നമ്പ്യാർ ഇഷ്ടപ്പെട്ടിരുന്നില്ലെന്നു തോന്നുന്നു. എക്സ്പ്രസ്സിന്റെ ആദ്യകാലലക്കങ്ങളിലെ മുഖപ്രസംഗത്തിനു മുകളിൽ മുഖപ്രസംഗമെന്നെഴുതി വച്ചിരുന്നത് അപ്രത്യക്ഷമായതിന്റെ ഹേതുവും അതാകണം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു പത്രത്തിൽ രണ്ടുതരം "കത്തു "കളേയുള്ളു. ഒന്ന് പത്രാധിപരുടെ കത്തും മറ്റേത് പത്രാധിപർക്കുള്ള കത്തും. പത്രാധിപരുടെകത്താണ് മുഖപ്രസംഗം. ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള ചില പത്രങ്ങളിൽ letter from the Editor എന്നും letter from the publisher എന്നും ചേർത്തുകാണാറുള്ളത് അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മുഖപ്രസംഗമെഴുതുന്നതിലുള്ള വൈഭവം നമ്പ്യാർ ഇംഗ്ലീഷിലും പ്രകടിപ്പിച്ചിട്ടുണ്ട്. മലയാളത്തിലെ പത്ര മുതലാളിമാർക്കാർക്കുമുണ്ടാകാത്തൊരു മോഹം കെ.കൃഷ്ണനുണ്ടായി. ഇംഗ്ലീഷിലൊരു ദിനപത്രം തുടങ്ങുക. സാഹസികനായ അദ്ദേഹം അതു തുടങ്ങി. അതിന്റെ പേരായിരുന്നു "കേരള ക്രോണിക്കിൾ''. സി.എച്ച്.വി പതിയായിരുന്നു പത്രാധിപർ. "ഇംഗ്ലീഷ് പത്രലോകത്തിലെ പ്രജാപതിയായ വെങ്കിടാചലപതി'' എന്ന പ്രഘോഷത്തോടെയാണ് പതിയെ അരങ്ങേറ്റിച്ചത്. എക്സ്പ്രസ്സിന്റെ ഉപപത്രാധിപരായിരുന്ന കരുണാകരൻ നമ്പ്യാർ ക്രോണിക്കിളിന്റെയും ഉപപത്രാധിപരായി ഉപവിഷ്ടനായി. ആദ്യമൊക്കെ പതിതന്നെയാണ് മുഖപ്രസംഗം എഴുതിയിരുന്നത്.പിന്നീടത് ഒരു കോളമെഴുത്തായി ചുരുങ്ങിയെന്നല്ല, ഏറെതാമസിയാതെ പതി സ്ഥാനത്യാഗവും ചെയ്തു. മറ്റൊരു

പത്രാധിപരെ കണ്ടെത്തണമെന്ന് മാനേജിംഗ് എഡിറ്ററായ കെ. കൃഷ്ണനു തോന്നിയില്ല. ഒരു കൈകൊണ്ട് എക്സ്പ്രസ്സിനും മറുകൈകൊണ്ട് ക്രോണിക്കിളിനും നമ്പ്യാർ തന്നെ മുഖപ്രസംഗങ്ങളെഴുതി . ഒരു ഇംഗ്ലീഷ് പത്രത്തെക്കൂടി പുലർത്താനുള്ള ശേഷി എക്സ് പ്രസ്സിനില്ലെന്നു കൃഷ്ണനു ബോധ്യമായപ്പോഴേക്കും സ്ഥിതി ആകെ വഷളായിക്കഴിഞ്ഞിരുന്നു. എക്സ് പ്രസ്സിന്റെ സമ്പാദ്യമാകെ ക്രോണിക്കിളിന്റെ ചിതയിൽ ഹോമിച്ചുകൊണ്ടുള്ള പോക്ക് ശരിയാവില്ല. എങ്ങനെയെങ്കിലും ക്രോണിക്കിൾ നിർത്തിയേ തീരൂ. അല്ലെങ്കിൽ എക്സ്പ്രസ്സിന്റെയും പ്രാണസ്പന്ദം നിലക്കും.

കഷ്ടിച്ചു നാലു വർഷത്തെ പുലർച്ചയ്ക്കുശേഷം ക്രോണിക്കിൾ നിർത്തിയതിനെക്കുറിച്ച് കൃഷ്ണൻ തന്നെ പറഞ്ഞൊരു തമാശയുണ്ട്. "ഞങ്ങൾ ഇരുന്നാലോചിച്ചു. എന്തുമാർഗ്ഗം ? അവസാനം തീരുമാനിച്ചു. കരുണാകരന്റെ തന്നെ (നമ്പ്യാരെന്നു കൃഷ്ണൻ പറയാറില്ല,കരുണാകരനെന്നേ പറയൂ; വിളിക്കൂ) പത്രഗുരുവായ ബി.സി വർഗ്ഗീസിനെ കൊണ്ടുവരിക. കൊണ്ടുവന്നു. രണ്ടുമാസം കൊണ്ട് ക്രോണിക്കിളിന്റെ അന്ത്യകുദാശയും നടന്നു". ഏറെപത്രങ്ങൾ തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്ത ആളാണ് ബി.സി എന്നറിയുമ്പോഴേ കൃഷ്ണൻ പറഞ്ഞ തമാശയുടെ പൊരുൾ പിടികിട്ടൂ.

മുഖപ്രസംഗമെഴുത്തിൽ ആരും കാണിക്കാത്ത ചില "അഭ്യാസങ്ങൾ" ഈ സർക്കസിന്റെ നാട്ടുകാരൻ കാണിച്ചിട്ടുണ്ട് (കണ്ണൂർ ജില്ലയാണല്ലോ സർക്കസിന്റെ ഉദ്ഭവ കേന്ദ്രം) അതിലൊന്ന് ഗാന്ധിജിയുടെ ജന്മ ശതാബ്ദിയോടനുബന്ധിച്ചായിരുന്നു. 1969 ഒക്ടോബർ രണ്ടുമുതൽ 1970 ഒക്ടോബർ 2 വരെയുള്ള എക്സ്പ്രസ്സിന്റെ മുഖ പ്രസംഗങ്ങളിലത്രയും ഗാന്ധിജി നിറഞ്ഞുനിന്നു. ഏതുവിഷയത്തെക്കുറിച്ചുള്ള മുഖപ്രസംഗമായാലും ആ വിഷയവുമായി ബന്ധപ്പെട്ട മഹാത്മാവിന്റെ ഒരു വാചകമുദ്ധരിച്ചുകൊണ്ടായിരുന്നു ആ അഭ്യാസം. അതൊരഭ്യാസമായിരുന്നില്ല. ഗാന്ധിജിക്കുള്ള ആദരാഞ്ജലിയായിരുന്നു.

മറ്റൊരഭ്യാസത്തെക്കുറിച്ചു കൂടി പറയേണ്ടതുണ്ട്. നമ്പ്യാർ അന്തരിക്കുന്നതിനും രണ്ട് വർഷം മുമ്പ് ആരംഭിച്ചൊരഭ്യാസം. ഒരു മുഖപ്രസംഗത്തിന്റെ പകുതി അദ്ദേഹമെഴുതും . എന്നിട്ടത് അസിസ്റ്റന്റ് എഡിറ്റർ അച്യുതവാരിയർക്കു നൽകും. നമ്പ്യാരുടെ ശൈലിയുടെ ഓജസ്സും ഒഴുക്കും വാദഗതിയുടെ പൊരുളും നഷ്ടപ്പെടാതെ വാരിയരതു പൂർത്തിയാക്കും. ആദ്യമൊക്കെ ഈ അഭ്യാസത്തെ നമ്പ്യാരുടെ ഉദാസീനതയായും "സ്റ്റോക്കു" കുറവിന്റെ വിളംബരമായും ആപ്പീസിൽ തന്നെ ചിലർ വ്യാഖ്യാനി

ക്കാതിരുന്നില്ല. ആകസ്മികമായി നമ്പ്യാർ അന്തരിച്ചപ്പോഴേ ഈ അഭ്യാസത്തിന്റെ അന്തർഗതമെന്തെന്ന് വെളിവായുള്ളു. തനിക്ക് പകരമുള്ള ഒരു പാറയെ അദ്ദേഹം കണ്ടെത്തുകയായിരുന്നു, ആ കണ്ടെത്തൽ അച്യുതവാരിയരിൽ ഭദ്രമായി പുലർന്നു.

നമ്പ്യാരുടെ ആദ്യത്തെ മുഖപ്രസംഗത്തിലെ അന്ത്യവാചകം ഉദ്ധരിച്ചത് ഊഹത്തിലൂന്നിയാണല്ലോ. അവസാനത്തെ മുഖപ്രസംഗത്തിന് ആ ഗതിയില്ല. മാത്രമല്ല അതിന്റെ പിന്നിൽ കദനമയമായൊരു കഥയുണ്ട്. (ആ കഥ അന്യത്ര) നമ്പ്യാരുടെ മറ്റു പല മുഖപ്രസംഗങ്ങളിൽ നിന്നും തീർത്തും ഭിന്നമായിരുന്നു അത്. വാക്കുകളുടെ പ്രളയപ്രവാഹമില്ല. പ്രാസാനുപ്രാസങ്ങളില്ല. വായനക്കാരെ ആവേശഭരിതരാക്കുന്ന ആവിഷ്കാരചാരുതയില്ല. വസ്തുതകളുടെ വിശദമായ വിവരണവും വിലയിരുത്തലും മാത്രം. പൂർണ്ണമായും അതിവിടെ പകർത്തട്ടെ.

## സഹകരിക്കുക - പൂർണ്ണമായി

ഈ ദശകത്തിലെ സെൻസസ് ആരംഭിച്ചിരിക്കുന്നു. പത്തുകൊല്ലത്തിലൊരിക്കൽ നടക്കുന്ന ഈ ''മഹായജ്ഞം'' നമ്മുടെ സാമ്പത്തിക സാമൂഹിക വികസനവുമായി വളരെയേറെ ബന്ധപ്പെട്ടുകിടക്കുന്ന ഒരു 'സാഹസം' തന്നെയാണെന്നതിൽ സംശയമില്ല.

ആളുകളുടെ കണക്കെടുക്കൽ ചരിത്രാതീതകാലം മുതൽ ആരംഭിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. ചുരുങ്ങിയത് നാലായിരം കൊല്ലത്തെയെങ്കിലും പഴക്കമതിനുണ്ടെന്ന് ബാബിലോണിയൻ സംസ്കാരത്തിന്റെ ചരിത്രം ഉദ്ധരിച്ചുകൊണ്ട് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. പഴയ നിയമത്തിൽ ഇസ്രായേൽ കാരുടെ കണക്കെടുപ്പിനെപ്പറ്റി പരാമർശം കാണാം. ഗ്രീക്കുകാരും റോമാക്കാരുമൊക്കെ പണ്ടേ തന്നെ ജനസംഖ്യ തിട്ടപ്പെടുത്താൻ സംവിധാനമുണ്ടാക്കിയവരാണ്.

ആധുനികമായ സെൻസസിനു തുല്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിന്റെ വിശദവിവരങ്ങൾ കാണുന്നത് കൗടില്യന്റെ അർത്ഥശാസ്ത്രത്തിലാണ്. ഓരോ ഗ്രാമത്തിലെയും പാർപ്പിടങ്ങൾക്കു നമ്പറിടണമെന്നും വീടുള്ളവരുടേയും ഇല്ലാത്തവരുടേയും നികുതി കൊടുക്കുന്നവരുടേയും കൊടുക്കാത്തവരുടേയും വൃദ്ധന്മാരുടേയും യുവാക്കളുടേയും ഒക്കെ സ്ഥിതി വിവരങ്ങൾ തിട്ടപ്പെടുത്തണമെന്നും അതിൽ നിർദ്ദേശിച്ചിരിക്കുന്നു. അതിനും പുറമെ കൃഷി, കൈത്തൊഴിൽ, കന്നുകാലികൾ, ഓരോ കുടുംബത്തിന്റെയും വരുമാനം, ചെലവ് തുടങ്ങിയവയും രേഖ

പ്പെടുത്തണം എന്നാണ് അതിലെ അനുശാസനം. ആധുനികമായ സെൻസസ് സംവിധാനം പോലും സാമ്പത്തിക സാമൂഹിക വിഷയങ്ങൾക്കു പ്രാധാന്യം നൽകിത്തുടങ്ങിയത് അടുത്തകാലത്തു മാത്രമാണെന്നോർക്കുമ്പോൾ കൗടില്യൻെറ ദീർഘവീക്ഷണം ആരെയും അത്ഭുതപ്പെടുത്തുക തന്നെ ചെയ്യുമെന്ന് പറയേണ്ടതില്ലല്ലോ.

ഇന്ത്യയിൽ സെൻസസിൻെറ ആധുനികയുഗം ആരംഭിക്കുന്നത് 1687ൽ മദിരാശിയിലെ ഫോർട്ട് സെൻറ് ജോർജ് കോട്ടക്കു ചുറ്റും താമസിക്കുന്നവരുടെ കണക്കെടുത്തു തുടങ്ങിയതോടെയാവണം. 1871 ആയപ്പോഴേക്കും ഇന്ത്യയിൽ ശരിയായ ദശവർഷ സെൻസസ് ആരംഭിച്ചു.

പഴയ തിരുവിതാംകൂറിൽ 1787 ൽ ഒരുതരം കണക്കെടുപ്പു നടത്തിയിരുന്നതായി ബർത്തലോമ്യോ എന്ന സഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ട്. 1816-20 വരെ നടന്ന സെൻസസിൻെറ റിപ്പോർട്ടാണ് ആദ്യമായി അച്ചടിപ്പിച്ചിട്ടുള്ളത്. കൊച്ചിയിൽ 1820 ൽ സെൻസസ് ആരംഭിച്ചതായി കാണുന്നു.

കേരളത്തിൽ അതിവിപുലമായ തോതിൽ സാമ്പത്തിക-സാമൂഹിക വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ സെൻസസ് നടത്തിയത് 1961 ൽ ആണ്. അതിൻെറ റിപ്പോർട്ടുകൾ ഇന്നും വിലപിടിച്ച രേഖകളാണ്. ജനങ്ങളുടെ എണ്ണം എണ്ണുന്നതിനേക്കാൾ അവരുടെ സാമ്പത്തിക - സാമൂഹിക ജീവിത സംവിധാനങ്ങളുടെ യഥാർത്ഥരൂപം എന്നതാണ് സെൻസസിൻെറ കാതൽ.

ഭരണകൂടത്തിൻെറ എല്ലാ പ്രവർത്തനങ്ങൾക്കും ആധാരമായി ഭവിക്കുന്നത് സെൻസസ് കണക്കുകളാണ്. സാമ്പത്തികാസൂത്രണം വിജയിക്കണമെങ്കിൽ, സാമൂഹ്യക്ഷേമ പരിപാടികൾ ഫലപ്രദമാകണമെങ്കിൽ അന്യൂനമായ സ്ഥിതി വിവരക്കണക്കുകൾ വേണം. തറ വിസ്തീർണ്ണവും അതിൻെറ സ്വഭാവവും അറിയാതെ അതിന്മേലൊരു ബലവത്തായ കെട്ടിടം പണിതുയർത്താനാവില്ലല്ലോ ? അതിനാൽത്തന്നെ, സ്വന്തം ക്ഷേമത്തെ കരുതിത്തന്നെ കാനേഷുമാരി കണക്കെടുപ്പിനു വരുന്നവരോട് സഹകരിക്കാൻ ജനങ്ങൾ തയ്യാറാവേണ്ടിയിരിക്കുന്നു. മുഴക്കോലിൻെറ നീളത്തിൽ നൂൽവണ്ണത്തിന് വ്യത്യാസം വന്നാൽ അതുപയോഗിച്ചു നിർമ്മിക്കുന്ന സൗധം അപകടകാരിയാകുമെന്ന ബോധത്തോടെ ഈ മഹായജ്ഞത്തെ മനുഷ്യ സാധ്യമായത്ര അന്യൂനമാക്കാൻ എല്ലാവരും ആത്മാർത്ഥമായിത്തന്നെ ശ്രദ്ധിക്കേണ്ടതുണ്ട്.

## സ്വദേശാഭിമാനിയുടെ ശതാബ്ദിയോടനുബന്ധിച്ച് എക്സ്പ്രസിൽ എഴുതിയ മുഖക്കുറിയിൽ നിന്ന്

" സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ഇന്നേക്കു നൂറു വർഷം മുമ്പാണ് ജനിച്ചത്. മുപ്പത്തിയെട്ടു വയസ്സു വരെമാത്രം ജീവിച്ച അദ്ദേഹം സ്ഥാന വലുപ്പമോ പ്രഭുതയോ ഒന്നും ഇല്ലാത്ത ആളായിരുന്നുവെങ്കിലും ഇന്നും സ്മരിക്കപ്പെടുന്നു, ആദരിക്കപ്പെടുന്നു, ആരാധിക്കപ്പെടുകപോലും ചെയ്യുന്നു. പ്രശസ്ത പത്രപ്രവർത്തകനായിരുന്ന അദ്ദേഹത്തിന് ജനമനസ്സിൽ ശാശ്വത പ്രതിഷ്ഠ നേടാൻ സാധിച്ചത് നമ്മുടെ ചരിത്രത്തിലെ അത്ഭുതകരമായൊരധ്യായമാണ്. അതു നമുക്ക് എന്നും അഭിമാനകരവുമാണ്.

പത്രപ്രവർത്തകൻ എന്ന നിലയ്ക്കാണ് രാമകൃഷ്ണപിള്ളയുടെ അനശ്വരയശസ്സു സ്ഥിതി ചെയ്യുന്നതെങ്കിലും രാഷ്ട്രീയ ചിന്തകൻ, സാഹിത്യ നിരൂപകൻ എന്നീ നിലകളിലും അദ്ദേഹത്തിന് മാന്യസ്ഥാനത്തിന് അർഹതയുണ്ട്. തന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പത്രത്തെയാണദ്ദേഹം മാധ്യമമാക്കിയതെന്ന ഒരു പ്രത്യേകത കൂടിയുണ്ട്. ജനിച്ചതു തന്നെ പത്രപ്രവർത്തകനാകാൻ വേണ്ടിയാണെന്ന തരത്തിലാണ് അദ്ദേഹം പത്രപ്രവർത്തനമാരംഭിച്ചത്. വളരെ ചെറുപ്പത്തിൽ, വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ, അദ്ദേഹം രംഗത്തേക്കിറങ്ങി. " ഇന്നു നമ്മുടെ നാട്ടിൽ അനേകം പത്രങ്ങളുണ്ടെങ്കിലും ആ പത്രങ്ങളും പത്രാധിപന്മാരും തങ്ങളുടെ ചുമതലകൾ ശരിയായി മനസ്സിലാക്കിയിട്ടുള്ളവരല്ല" എന്നതായിരുന്നു, മിക്കവാറും ആദ്യം തന്നെ അദ്ദേഹമെഴുതിയ മുഖപ്രസംഗത്തിന്റെ മർമ്മം. അതനുസരിച്ചു തന്നെ അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ ദുഷ്ടപ്രവർത്തനങ്ങൾക്കെതിരായും ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾക്കനുരോധമായും അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ തൂലിക കൊണ്ടു പോരാടി. 'കേരള ദർപ്പണ'ത്തിലും 'കേരള പഞ്ചിക'യിലും അങ്കുരാവസ്ഥയിലിരുന്ന ആ ഊർജ്ജസ്വലത സർവ്വശക്തിയോടുകൂടി മുന്നോട്ടു കുതിച്ചത് സ്വദേശാഭിമാനിയിലൂടെയാണ്. രാജസേവകരുടെ ജനദ്രോഹ നടപടികളും കൊട്ടാരത്തിലെ കെട്ട ഗൂഢാലോചനകളുമെല്ലാം അദ്ദേഹം നിർഭയം തുറന്നുകാട്ടി. അത്യുഗ്രനായ ഈ ജനകീയ വക്താവിനെ പ്രലോഭനങ്ങൾ കൊണ്ട് വശത്താക്കാനോ ഭീഷണികൾ കൊണ്ടു നിശ്ചലനാക്കാനോ സാധ്യമല്ലെന്ന് അധികാരി വൃന്ദം മനസ്സിലാക്കി. അങ്ങനെയാണ് അറ്റകൈപ്രയോഗിക്കാൻ അവർ തീർച്ചയാക്കിയത്.

നമ്മുടെ രാഷ്ട്രീയ പ്രവർത്തനം ശൈശവദശയിലായിരുന്ന അക്കാലത്ത് അവിശ്വസനീയമായി തോന്നുന്ന ദീർഘദർശന ശക്തിയും ഉൾക്കാഴ്ചയുമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. രാജാധികാരം ദൈവദായത്തമാണെന്നായിരുന്നു അന്നത്തെ സങ്കൽപ്പം. അതു ശരിയല്ലെന്നും ജനങ്ങളാൽ നൽകപ്പെട്ടതാണ് ആ അധികാരമെന്നും 'സ്വദേശാഭിമാനി' വാദിച്ചു. അങ്ങനെ കിട്ടിയ അധികാരം ജനനന്മയ്ക്കല്ല ഉപയോഗിക്കുന്നതെങ്കിൽ അതു തിരിച്ചെടുക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്ന് അദ്ദേഹം സമർത്ഥിച്ചു. പ്രാതിനിധ്യ ഭരണം എന്ന ആശയം പ്രചാരത്തിലില്ലാതിരുന്ന ഒരു കാലത്താണ് അദ്ദേഹം ഇതൊക്കെ പ്രചരിപ്പിച്ചിരുന്നതെന്നോർക്കണം. അതുപോലെ ദക്ഷിണാഫ്രിക്കയിൽ സത്യാഗ്രഹ പരീക്ഷണം നടത്തിയിരുന്ന ഗാന്ധിജിയെക്കുറിച്ച് ഉദിക്കാൻ പോകുന്ന സൂര്യന്റെ പ്രഭ നേരത്തെ കണ്ടിട്ടെന്ന വണ്ണം അദ്ദേഹം ഒരു പുസ്തകമെഴുതി. അതുപോലെ റഷ്യൻ വിപ്ളവം നടക്കുന്നതിനു വർഷങ്ങൾക്കുമുമ്പ് അദ്ദേഹം വിപ്ളവാചാര്യനായ കാറൽ മാർക്സിനെക്കുറിച്ചും ഗ്രന്ഥമെഴുതുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി എഴുതപ്പെട്ട മാർക്സിന്റെ ജീവചരിത്രം ഇതാണെന്നു കരുതപ്പെടുന്നു. ഗാന്ധിജി 1920-ൽ നിസ്സഹകരണ പ്രസ്ഥാനമാരംഭിക്കുന്നതിനു വളരെ മുമ്പു തന്നെ രാമകൃഷ്ണപിള്ള 'നിസ്സഹകരണം' എന്ന ആശയം പ്രചരിപ്പിച്ചിരുന്നതായി കാണാം.

അനേകം ഗ്രന്ഥങ്ങളുടെ കർത്താവായ രാമകൃഷ്ണപിള്ള അക്കാലത്തെ സാഹിത്യ-നിരൂപകന്മാരിലും മുമ്പൻ തന്നെയായിരുന്നു. 'ഖണ്ഡന വിമർശന'മായിരുന്നു അദ്ദേഹത്തിന്റെ സഹജശൈലി. മുഖം നോക്കാതെ പുസ്തകത്തെപ്പറ്റി മാത്രം ചിന്തിച്ച് അദ്ദേഹമെഴുതിയ നിശിത നിരൂപണങ്ങൾ അനേകം ദുഷ്കവികളുടെ കഥ കഴിച്ചിട്ടുണ്ട്........

കേരളത്തിന് എക്കാലവും അഭിമാനിക്കാവുന്ന മാതൃകാ പുരുഷൻമാരിൽ ഒരാളാണ് സ്വദേശാഭിമാനി. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഓരോ വശവും പ്രചോദനത്തിന്റെ വറ്റാത്ത ഉറവിടമത്രേ. പത്രപ്രവർത്തകർക്ക് ഇദ്ദേഹത്തേക്കാളുപരിയായി ഒരാചാര്യനുണ്ടാവില്ല. പൊതുപ്രവർത്തകർക്കും സ്വദേശാഭിമാനിയുടെ വിപ്ളവബോധം പ്രചോദനാത്മകമാണ്. സാഹിത്യകാരൻമാരുടെ കാര്യം പറയുകയും വേണ്ട. ആ അസാമാന്യ പ്രതിഭയെക്കുറിച്ചുള്ള ചിന്ത തന്നെ ആർക്കും പുതിയൊരു ഓജസ്സു കൈവരുത്തും....... പൊതു ജീവിതത്തെയാകെ ശുദ്ധീകരിക്കാൻ ഒറ്റക്കു പടവെട്ടിയ ആ ധീരദേശാഭിമാനി ഏതൊരു പൊതു പ്രവർത്തകനാണ് ആവേശം പകരാതിരിക്കുക.

## 'ജി അന്തരിച്ചപ്പോൾ '

'' മലയാളത്തിലെ മഹാകവി ജി നിര്യാതനായിരിക്കുന്നു''. നീരന്ധ്ര നീല ജലദൽപ്പലകപ്പുറത്ത് വാരഞ്ചുന്ന മഴവില്ലു വരച്ചും മായ്ച്ചും കൊണ്ടിരിക്കുന്ന അമല പ്രകൃതിക്കു കൂപ്പുകൈ അർപ്പിച്ചു കൊണ്ടാരംഭിച്ച ആ മഹത്തായ കാവ്യജീവിതം, ആ ജൈത്രയാത്ര, മലയാള കവിതയുടെ പുരോഗതിയെക്കൂടി കുറിക്കുന്ന ഘോഷയാത്രയാക്കി മാറ്റി, കാലയവനികയ്ക്കു പിന്നിൽ അന്തർദ്ധാനം ചെയ്തിരിക്കുന്നു.

" നായത്തോടെന്ന നാലാം കോംക്കാത്തൊരു കുഗ്രാമത്തിൽ ജനിച്ച ഗോവിന്ദക്കുറുപ്പ് ശങ്കരക്കുറുപ്പ് ആദ്യത്തെ ജ്ഞാനപീഠം അവാർഡ് നേടി ദിഗന്തവിശ്രാന്ത കീർത്തിയായിത്തീർന്നത് ആധുനിക കൈരളിക്ക് കുളിർ കോരിയിടുന്നൊരു മഹേതിഹാസം തന്നെയാണ്. മലയാള കവിതയുടെ പരിണാമ ഭേദങ്ങൾ അദ്ദേഹത്തിന്റെ മുഗ്ധോദാരവും മധുരമേദുരവുമായ കാവ്യപ്രപഞ്ചത്തിലൂടെ തെളിഞ്ഞു കാണാൻ കഴിയും.............''.

## അദ്ധ്യായം നാല്

# വാഗർത്ഥവിസ്മയം

കരുണാകരൻ നമ്പ്യാരെ ഞാനാദ്യമായി കാണുന്നതും കേൾക്കുന്നതും ഒരു പ്രസംഗ വേദിയിൽവെച്ചാണ്. സ്ഥലം ഇരിഞ്ഞാലക്കുടയിലെ അയ്യങ്കാവു മൈതാനം. തൃശ്ശൂർ തേക്കിൻകാടു മൈതാനം പോലെ ഒട്ടേറെ സമരങ്ങൾക്കും പ്രസംഗങ്ങൾക്കും ഈ മൈതാനവും വേദിയായിട്ടുണ്ട്. വർഷം കൃത്യം ഓർമ്മയില്ല. അമ്പതുകളുടെ ആരംഭകാലമാണ്. ഞാൻ ഹൈസ്കൂളിലെത്തിയിട്ടില്ല എന്നതാണ് ആ കാലഗണനക്ക് ആധാരം.

സോഷ്യലിസ്റ്റ് പാർട്ടിയുടെ തെരഞ്ഞെടുപ്പു പ്രചരണ യോഗത്തിൽ അന്നു വൈകീട്ട് അയ്യങ്കാവിൽ ജെ.പി. പ്രസംഗിക്കുന്നു എന്നൊരു വാർത്ത എക്സ്പ്രസ്സിലുണ്ടായിരുന്നു. എന്റെ അച്ഛനൊരു സോഷ്യലിസ്റ്റ് അനുഭാവി. വീട്ടിൽ വരുത്തിയിരുന്ന 'ഗോമതി' പത്രം നിർത്തി എക്സ്പ്രസ്സാക്കിയത് ഈ അനുഭാവം കൊണ്ടാണ്. ഒരു ചെറിയ ആയുർവ്വേദ വൈദ്യശാല നടത്തിയിരുന്ന അച്ഛൻ പീടിക പൂട്ടിയാണ് പ്രസംഗം കേൾക്കാൻ എന്നെയും കൊണ്ട് ഇരിഞ്ഞാലക്കുടക്ക് പോയത്. ഏഴു നാഴിക നടന്ന് (അന്ന് കിലോമീറ്റർ ജനിച്ചിട്ടില്ല) ഞങ്ങൾ ഇവിടെയെത്തുമ്പോൾ അയ്യങ്കാവ് മൈതാനം ഒരു പുരുഷാര പെരുംകാടായി മാറിയിരുന്നു. അകലെ മാത്രം നിൽക്കാൻ ഇടം കിട്ടിയ ഞങ്ങൾക്ക് വേദിയിലിരിക്കുന്ന പുത്തൂർ അച്യുത

മേനോനേയും ഞങ്ങളുടെ നാട്ടുകാരനായ സി.എൽ. സെബാസ്റ്റ്യനേയും മനസ്സിലായി. മേനോനും സെബാസ്റ്റ്യനും ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ സോഷ്യലിസ്റ്റ് നായകന്മാരാണ്.

ഇരുനിറമുള്ള, കുറ്റിയാനായൊരു ചെറുപ്പക്കാരൻ നിന്ന് ഘോര ഘോരം പ്രസംഗിക്കുന്നു. പ്രസംഗം തുടങ്ങിയിട്ട് അരമണിക്കൂറിലേറെയാ യെന്ന് സദസ്യരിലൊരാളിൽ നിന്നും മനസ്സിലായി. സത്യത്തിൽ നിരാശ തോന്നി. ജെ.പി. എവിടെ? ഞങ്ങൾ ജെ.പി. യെ കാണാൻ വന്നവരാണ്. ഞങ്ങളെന്നല്ല തൃശ്ശൂർ ജില്ലയുടെ നാനാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നി ട്ടുള്ളവരുടെയൊക്കെ ലക്ഷ്യം അതായിരുന്നു. അല്പം കഴിഞ്ഞപ്പോൾ നിരാശ നീങ്ങി. ആ ചെറുപ്പക്കാരന്റെ പൊട്ടിത്തെറിക്കുന്ന വാഗ്ധോരണി എവിടെയെല്ലാമോ തട്ടി. ഇങ്ങനെയുമുണ്ടോ ഒരു പ്രസംഗം? ഏകദേശം ഒന്നര മണിക്കൂറോളം ആ പ്രസംഗം തുടർന്നിരിക്കണം.

ഒരു സ്വർണ്ണ വിഗ്രഹം പോലെ അതാ ജെ.പി. പ്രത്യക്ഷപ്പെടുന്നു. ഉടൻ ഈ പ്രസംഗ പ്രവാഹം നിന്നു. പത്തു മിനിറ്റോളം നീണ്ട ജയ് വിളികളും ഹർഷാരവവും നിലച്ചപ്പോൾ ജെ.പി. പ്രസംഗം ആരംഭിച്ചു. ആ ആരംഭം കേൾക്കാനും ജെ.പി. യെ ഒരു നോക്കു കാണുവാനും മാത്രമേ ഞങ്ങൾക്കു ഭാഗ്യമുണ്ടായുള്ളൂ.നേരം വളരെ വൈകിയിരുന്നു. ഇങ്ങോട്ടു നടന്ന അത്രയും ദൂരം അങ്ങോട്ടും നടക്കണം. ആ നടത്തത്തിൽ മുഴുവൻ നിറഞ്ഞു നിന്നത് ആ കുറ്റിയാന്റെ മുഴങ്ങുന്ന ശബ്ദവും ജെ.പി. യുടെ 'വെണ്ണ തോൽക്കുമു ടലു'മാണ്. ആരായിരുന്നു ആ ചെറുപ്പക്കാരൻ? രണ്ടുനാൾ കഴിഞ്ഞെത്തി യ എക്സ്പ്രസ്സിൽ നിന്നാണ് അദ്ദേഹം വി. കരുണാകരനാണെന്നും വടക്കെ മലബാറിലെ സോഷ്യലിസ്റ്റ് യുവജന പ്രസ്ഥാനത്തിന്റെ വീരശൈവനാ ണെന്നും മനസ്സിലായത്. പിന്നീട് കരുണാകരൻ നമ്പ്യാരായി രൂപാന്തരം പ്രാ പിച്ച ഈ മനുഷ്യന്റെ അടുത്തിരിക്കാനും സഹപ്രവർത്തകനാകാനും കഴി യുമെന്ന് അന്നുണ്ടോ നിനച്ചിരിക്കുന്നു!

ഞാൻ ആദ്യമായും അവസാനമായും കേൾക്കുന്ന കരുണാകരൻ നമ്പ്യാരുടെ "രാഷ്ട്രീയ" പ്രസംഗം അതാണ്. പിന്നീട് നമ്പ്യാരുടെ ഒട്ടേറെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്; പ്രസംഗത്തിനുള്ള തയ്യാറെടുപ്പുകൾ കണ്ടിട്ടുണ്ട്.

1965 മുതൽ അന്തരിക്കുന്നതിന് രണ്ടു നാൾ മമ്പു വരെ ഒരു ദിവസ മെങ്കിലും അദ്ദേഹം പ്രസംഗിക്കാതിരുന്നിട്ടില്ലെന്ന് എനിക്കറിയാം. ചില ദിവസങ്ങളിൽ രണ്ടും മൂന്നും കാണും. വിഷയങ്ങൾ അദ്ദേഹത്തിനു

പ്രശ്നമായിരുന്നില്ല. തൃശ്ശൂരിലും പരിസരങ്ങളിലും എന്ത് ഉദ്ഘാടനമുണ്ടാ യാലും സെമിനാറുണ്ടായാലും അതിന്റെ സംഘാടകർ ആദ്യം സമീപിക്കുക മിക്കവാറും നമ്പ്യാരെയായിരിക്കും. 'ആവില്ല' എന്നൊരിക്കലും അദ്ദേഹം പറയാറില്ല. അതുകൊണ്ടു തന്നെ മുഖ്യ എഴുന്നള്ളിപ്പ് കരുണാകരൻ നമ്പ്യാ രായിരിക്കും. ഒരു വെറും വായനശാലയുടെ വാർഷികമായാലും കേരളത്തി ന്റെ നാനാ ഭാഗത്തു നിന്നും പ്രതിഭാധനന്മാർ ഒത്തു ചേരുന്ന മഹാ സ മ്മേളനങ്ങളായാലും സെമിനാറുകളായാലും നമ്പ്യാരവിടെയുണ്ടാകും.

സാധാരണഗതിയിൽ പ്രസംഗം കേൾക്കേണ്ടതല്ലേ? നമ്പ്യാരുടെ പ്രസംഗം കാണുക കൂടി ചെയ്താലേ അതിന്റെ ആസ്വാദനം പൂർത്തിയാ കൂ. അദ്ദേഹത്തിന്റെ പ്രസംഗത്തിനു തുടക്കവും ഒടുക്കവും ഇല്ല. ആരംഭി ക്കുന്ന അതേ വോള്യത്തിൽ തന്നെയായിരിക്കും അവസാനിപ്പിക്കലും. പല പ്പോഴും ആ പ്രസംഗം കാണുന്നത് 'അസഹ്യമായൊരു 'കാഴ്ചയായിരിക്കും . കുലുങ്ങിതെറിച്ച്, വിയർത്തുകുളിച്ചുള്ള താണ്ഡവമെന്നു വേണം അതി നെ വിശേഷിപ്പിക്കാൻ. കേട്ടിരിക്കുന്നവരെ നെടുവീർപ്പിടാൻ പോലും അനു വദിക്കാത്ത വചോവ്യായാമം. പണ്ഡിതനും വാഗ്മിയും നമ്പ്യാരുടെ ചിരകാ ല സുഹൃത്തുമായ ഐ.എം. വേലായുധൻ മാസ്റ്റർ ആ പ്രസംഗ രീതിയെ അനുസ്മരിക്കുന്നത് ഇങ്ങനെയാണ്.''പ്രസംഗ വേദിയിൽ നമ്പ്യാർ ഒരു അനന്വയ പ്രതിഭാസമായിരുന്നു. കേരളീയരുടെ സ്മരണ മണ്ഡലത്തിൽ ചി രകാലം മായാതെ നിൽക്കാനിടയുള്ള നമ്പ്യാരുടെ രൂപം കയ്യും തലയും വെട്ടി ച്ച് ശരീരത്തെ ആകമാനം പങ്കെടുപ്പിച്ച് കൊണ്ട് വാഗ്ദേവതയുടെ ഇളകി യാട്ടം പോലെ പ്രസംഗിക്കുന്ന ആ രൂപമായിരിക്കും. പഴയ കവികൾ ''വെള്ളത്തിലെ തിരകൾ തള്ളിവരും കണക്കെന്നുള്ളത്തിൽ വന്നു വിളയാ ടുക സരസ്വതീ നീ'' എന്നു പ്രാർത്ഥിക്കാറുണ്ട്. പ്രസംഗ വേദിയിൽ നി ല്ക്കുന്ന നമ്പ്യാരെ സംബന്ധിച്ചിടത്തോളം സരസ്വതി തിരമാലകളായിട്ടല്ല, സാക്ഷാൽ നയാഗ്രാവെള്ളച്ചാട്ടം തന്നെയായിട്ടാണ് അദ്ദേഹത്തിന്റെ ജി ഹ്വാഗ്രഹത്തിൽ കളിയാടിക്കൊണ്ടിരുന്നത്''.

കേരളത്തിലെ പേർപെറ്റ പ്രസംഗകരിൽ പലരും വടക്കെ മലബാറു കാരാണ്. രാഷ്ട്രീയത്തിലും സാഹിത്യത്തിലും അവരുടെ ശബ്ദം നിറഞ്ഞു നിന്നിരുന്നു. ഇന്നും നിറഞ്ഞു നിൽക്കുന്നു. വാഗ്ഭടാനന്ദനും വി.ടി. കുമാ രനും സുകുമാർ അഴീക്കോടുമൊക്കെ ആ പരമ്പരയിലെ ഏറ്റവും ശ്രദ്ധേയമാ യ പേരുകളിൽ ചിലതു മാത്രം. നമ്പ്യാർക്കും ആ നിരയിൽ സ്ഥാനമുണ്ട്. അവരിൽ അഴീക്കോടു മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു.

ഒരു തയ്യാറെടുപ്പും കൂടാതെ പല വിഷയങ്ങളെക്കുറിച്ചും നമ്പ്യാർ പ്രസംഗിച്ചിട്ടുണ്ട്. യശശ്ശരീരനും മഹാ പണ്ഡിതനും നമ്പ്യാരുടെ അടുത്ത സുഹൃത്തുമായിരുന്ന തേറമ്പിൽ ശങ്കുണ്ണി മേനോൻ ഒരനുഭവം പറയുന്നതു കേൾക്കൂ.“സീഗോ ഹോട്ടലിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് കണ്ടമ്പുള്ളി ബാലന്റെ ഒരു അനുസ്മരണ യോഗം സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. അവിചാരിതമായി അവിടെ ആഗതനായ നമ്പ്യാരോട് ഒരു പ്രസംഗം ചെയ്യാൻ ഭാരവാഹികൾ അഭ്യർത്ഥിച്ചു. ഒട്ടും താമസമുണ്ടായില്ല. അരമുക്കാൽ മണിക്കൂർ നീണ്ടു നിന്ന നമ്പ്യാരുടെ ഒരു പ്രസംഗം. സർക്കസിന്റെ ചരിത്രം, സർക്കസിനു കേരളത്തിന്റെ സംഭാവന, സർക്കസ് രംഗത്തു കണ്ടമ്പുള്ളി ബാലനുള്ള സ്ഥാനം എന്നിവ ഉൾക്കൊള്ളുന്ന വിജ്ഞാന പ്രദമായൊരു പ്രസംഗം. ആ പ്രസംഗം കേട്ട സദസ്യർ അത്ഭുതപ്പെട്ടു. ഈ അറിവൊക്കെ നമ്പ്യാർക്കു ഇത്ര വേഗം എവിടെനിന്നു കിട്ടി? ”

സാധാരണ പ്രസംഗങ്ങൾ മാത്രമല്ല, ആരും അത്രയൊന്നും ശ്രദ്ധിക്കാറില്ലാത്തതും വില കല്പിക്കാത്തതുമായ സ്വാഗത പ്രസംഗങ്ങൾ പോലും നമ്പ്യാർ വിജ്ഞാനപ്രദവും വിചാര രമണീയവുമാക്കും. ഏറെ വർഷം കേരള സാഹിത്യ അക്കാദമിയുടെ ഭരണസമിതി അംഗമായിരുന്നിട്ടുള്ള നമ്പ്യാരുടെ ഈ കഴിവിനെ അക്കാദമി പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് അക്കാദമി സെക്രട്ടറിയും നമ്പ്യാരുടെ സുഹൃത്തുമായ പവനൻ എഴുതിയിട്ടുണ്ട്.“വിശേഷാൽ സമ്മേളനങ്ങളിൽ സ്വാഗത പ്രസംഗം ചെയ്യുക എന്ന ജോലി പലപ്പോഴും അക്കാദമി നമ്പ്യാരെ ഏല്പിച്ചുകൊണ്ടിരുന്നതിന്റെ രഹസ്യവും മറ്റൊന്നായിരുന്നില്ല. നമ്പ്യാരുടെ സ്വാഗത പ്രഭാഷണത്തോടെ സദസ്സുണരുന്നു. വേദിയിലിരിക്കുന്ന ഓരോ വിശിഷ്ടാതിഥിയും തന്നെപ്പറ്റി സദസ്സിനുള്ള പ്രതീക്ഷ എന്താണെന്ന കാര്യത്തിൽ ബോധവാനാകുന്നു. ഓരോ പ്രാസംഗികനും താൻ ഏതു രൂപത്തിലാണ് പ്രസംഗിക്കേണ്ടത് എന്നതിനെപ്പറ്റി വ്യക്തമായ ധാരണയുള്ളവാകുന്നു. ചുരുക്കത്തിൽ സമ്മേളനത്തിന്റെ ആകെയുള്ള അന്തരീക്ഷം ഒരു സ്വാഗത പ്രസംഗം വഴി സൃഷ്ടിച്ചെടുക്കാൻ നമ്പ്യാർക്കു കഴിയുന്നു.”

കേരളത്തിലുടനീളം നടന്നിട്ടുള്ള ഒരുപാട് സാഹിത്യ സാംസ്കാരിക സമ്മേളനങ്ങളിൽ നമ്പ്യാർ “പ്രബന്ധങ്ങൾ” അവതരിപ്പിച്ചിട്ടുണ്ട്. തന്റെ സമശീർഷരും അധോശീർഷരും ഉന്നതശീർഷരുമായുള്ളവരൊത്ത് അദ്ദേഹം വേദികൾ പങ്കിട്ടിട്ടുണ്ട്. “പ്രബന്ധം അവതരിപ്പിക്കുക” എന്നൊരു പരിപാടി നമ്പ്യാർക്കുണ്ടായിരുന്നില്ല. മറ്റുള്ളവരൊക്കെ പ്രസംഗങ്ങൾ എഴു

തി തയ്യാറാക്കി വായിക്കുമ്പോൾ നമ്പ്യാർ പതിവുപോലെ നിന്ന് കാച്ചാറാണ് പതിവ്. ആരെങ്കിലും എഴുതിയെടുത്താൽ, റെക്കോർഡ് ചെയ്താൽ അതു പ്രബന്ധരേഖയാകുമെന്നു മാത്രം. അതുകൊണ്ട് നമ്പ്യാരുടെ പ്രബന്ധങ്ങൾ സമാഹരിച്ചിട്ടില്ല, ഗ്രന്ഥമാക്കിയിട്ടുമില്ല.

പ്രബന്ധാവതരണത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് ഒരു സംഭവം ഓർമ്മയിൽ വരുന്നത്. എം.കെ. കെ. നായരുടെ വാഴ്ചക്കാലത്ത് എഫ്.എ.സി.ടി. ഒരു സമാന്തര സർവ്വകലാശാലയായിരുന്നല്ലൊ. 1967ൽ അവിടെ വെച്ച് ഒരു അഖിലേന്ത്യാ സെമിനാർ നടന്നു. പല ദിവസങ്ങളിലായി നടന്ന സെമിനാറിൽ സാഹിത്യത്തിനും പത്രപ്രവർത്തനത്തിനും വേറെ വേറെ ദിനങ്ങളും വേദികളുമുണ്ടായിരുന്നു. സെമിനാർ നടന്നുവെന്നുമാത്രമേ എനിക്കറിയുമായിരുന്നുള്ളു. പത്രപ്രവർത്തനത്തെക്കുറിച്ചുള്ള സെമിനാറിൽ നമ്പ്യാരും ഒരു പ്രതിഷ്ഠയായിരുന്നു. സെമിനാർ കഴിഞ്ഞ് സന്ധ്യയോടടുത്ത് നമ്പ്യാർ ഓഫീസിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിൻെറ കൂടെ വേറെ മൂന്നു പേരുണ്ടായിരുന്നു. അവരെ അദ്ദേഹം ഞങ്ങൾക്ക് പരിചയപ്പെടുത്തി. ടൈംസ് ഓഫ് ഇന്ത്യയിലെ ദിലീപ് മുഖർജി, ''യോജന''യിലെ ഭവാനി ഭട്ടാചാര്യ, ഇക്കണോമിക് ടൈംസിലെ കെ.എ. ആൻറണി എന്നിവരായിരുന്നു അവർ. ചായകുടി കഴിഞ്ഞ് മുഖർജിയും ഭട്ടാചാര്യയും സ്ഥലംവിട്ടു. അവർ പോയത് കോഴിക്കോട്ടേക്കാണ്. ആൻറണി പോയില്ല. കുറെ നേരം കൂടി അദ്ദേഹം അവിടെയിരുന്നു. തൃശ്ശൂർ ജില്ലക്കാരനായതിനാൽ രണ്ടു മൂന്ന് ദിവസം ജന്മനാട്ടിൽ കഴിച്ചുകൂട്ടിയെ ബോംബെക്ക് പോകുന്നുള്ളു എന്ന് ആൻറണി പറഞ്ഞതായി നമ്പ്യാരിൽ നിന്നും പിന്നീടറിഞ്ഞു. പിന്നീടല്ലേ ഞാനുമറിയുന്നത്, ഈ ആൻറണിയുടെ ജന്മനാട് എൻേറയും നാടായ കാട്ടൂരിലാണെന്നും റിസർവ്വ് ബാങ്കിൽ നിന്നാണ് 'ഇക്കണോമിക് ടൈംസി'ൻെറ എഡിറ്ററായി അവരോധിതനാകുന്നത് എന്നും.

നമ്പ്യാരെക്കുറിച്ചുള്ള ഈ പുസ്തകം എഴുതുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ പ്രസംഗകനായ നമ്പ്യാരെ അവതരിപ്പിക്കുമ്പോൾ 'ഫാക്റ്റി' ലെ സെമിനാറും അതിലുൾപ്പെടുത്തണമെന്നു തോന്നി. പക്ഷേ വിവരങ്ങൾ കിട്ടാൻ എന്തു മാർഗ്ഗം ? അന്നു കണ്ട മുഖർജിയും ഭട്ടാചാര്യയും യശശ്ശരീരന്മാരായിരിക്കണം. ആൻറണി ടൈംസ് വിട്ടു സാംബിയാ ഗവൺമെൻറിൻെറ ചീഫ് അഡ്വൈസറായി ജോലി നോക്കി അവിടെനിന്നും വിരമിച്ച് കേരളത്തിനു പുറത്ത് എവിടെയോ താമസമാക്കിയിരിക്കുകയാണെന്നും മനസ്സിലായി അത്രതന്നെ. ഫാക്റ്റ് സെമിനാറിൽ പങ്കെടുത്ത

വരുടെ കൂട്ടത്തിൽ ടി.ജെ.എസ്. ജോർജും ഉണ്ടായിരുന്നുവെന്ന് അന്നേ അറിയാമായിരുന്നു. ഇപ്പോഴും ഇന്ത്യൻ എക്സ്പ്രസ്സിന്റെ എഡിറ്റോറിയൽ അഡ്വൈസറായ ജോർജ്, അക്കാലത്ത് ഫ്രീ പ്രസ് ജർണലിലായിരുന്നു എന്നാണോർമ്മ. വേറെ നിലക്കും ജോർജിന് എന്റെ മനസ്സിലിടമുണ്ടായിരുന്നു. വി.കെ.കൃഷ്ണമേനോന്റെ ജീവചരിത്ര രചനയിലൂടെ ഇന്ത്യയിലും പുറത്തും കേരളത്തിലും ജോർജ് ഖ്യാതി നേടിയിരുന്നു. മാത്രമല്ല ഇന്ത്യൻ എക്സ്പ്രസ്സിന്റെ എഡിറ്റോറിയൽ പേജിൽ ഈ പുസ്തകത്തെക്കുറിച്ച് സാക്ഷാൽ ഫ്രാങ്ക് മൊറെയ്സ് അന്നു എഴുതിയ റിവ്യൂ വായിച്ചിട്ടുണ്ട്. എൺപതുകളുടെ അവസാനത്തിൽ ജോർജുമായി പരിചയപ്പെടുകയുമുണ്ടായി.

ഫാക്റ്റ് സെമിനാറിന്റെ വിവരങ്ങളറിയാൻ ജോർജിനൊരു കത്തെഴുതിയാലോ ? കഴിഞ്ഞ ഒക്ടോബറിൽ കത്തെഴുതി. ഉടൻ മറുപടിയും കിട്ടി. നിരാശാജനകം. അദ്ദേഹത്തിന്റെ ഓർമ്മയിൽ അങ്ങനെയൊരു സെമിനാർ തെളിഞ്ഞു വരുന്നില്ല. ഓർമ്മയിൽ ആകെയുള്ളത് ഫാക്റ്റിൽ വച്ച് എം.കെ.കെ. നായരോട് " താങ്കളാണ് ഇന്ന് ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന ഏറ്റവും മഹാനായ ആതിഥേയൻ" എന്നു പറഞ്ഞു എന്നതാണ്. ജോർജിന്റെ കത്തിൽ ഇത്രകൂടിയുണ്ടായിരുന്നു. " സുഹൃത്തേ, ഇത്രയുമാണെന്റെ വിഖ്യാതമായ ഓർമ്മശക്തി".

കഴിഞ്ഞൊരു ദിവസം പി.രാജനുമായി ഫോണിൽ സംസാരിച്ചപ്പോഴാണ് ചില വിവരങ്ങൾ കിട്ടിയത്. രാജനും കെ.എം. റോയിയുമൊക്കെ ആ സെമിനാറിൽ സംബന്ധിച്ച പത്രപ്രവർത്തകരായ കാണികളാണ്. കേരളത്തിൽ നിന്ന് നമ്പ്യാരെ കൂടാതെ കെ.എം.മാത്യു, സി.എൻ. ശ്രീകണ്ഠൻ നായർ എന്നിവരും, "ഇംഗ്ലീഷു"കാരുടെ കൂട്ടത്തിൽ വി.കെ. നരസിംഹനുമുണ്ടായിരുന്നു എന്ന് രാജൻ അനുസ്മരിക്കുന്നു. വിഷയം ഡവലപ്പുമെന്റ് ജർണലിസം. അതിലെ വിശേഷ വിഷയം "Impact of Malayalam Journalism in Social Change". നമ്പ്യാരൊഴിച്ചുള്ളവരെല്ലാം പ്രബന്ധങ്ങൾ വായിച്ച് അവതരിപ്പിക്കുകയായിരുന്നു. അതുകൊണ്ട് നമ്പ്യാരുടെ ഫാക്റ്റ് പരിപാടിക്ക് "രേഖ" യില്ല. എഴുതിവായിക്കുമ്പോഴുണ്ടാകാത്തൊരു വൈകാരിക വൈദ്യുതിയുടെ പ്രവാഹം പ്രസംഗിക്കുമ്പോഴുണ്ടാകും. മറ്റുള്ളവരുടെ പ്രബന്ധങ്ങളിലെ പരാമർശങ്ങളെ പ്രകീർത്തിച്ചും വിയോജിച്ചുമുള്ള നമ്പ്യരുടെ വാഗ്ധാരയിലും ഈ 'വൈകാരിക വൈദ്യുതി ' യുണ്ടായിരുന്നുവെന്ന് രാജൻ പറയുന്നു. ഫാക്റ്റിൽ സംഭവിച്ച അതേ വിപര്യയം നമ്പ്യാരുടെ മറ്റു സെമിനാർ "പ്രബന്ധ"ങ്ങൾക്കും പ്രസംഗങ്ങൾക്കുമുണ്ട്.

നമ്പ്യാരുടെ അവസാനത്തെ പ്രസംഗങ്ങളിലൊന്നിനെക്കുറിച്ച് ആ പ്രസംഗത്തിന് വേദിയൊരുക്കിയ അന്നത്തെ തൃശൂർ ജില്ലാ കളക്ടറായിരുന്ന വി. വിജയചന്ദ്രൻ ഇങ്ങനെ അനുസ്മരിക്കുന്നു.'' വി. കരുണാകരൻ നമ്പ്യാരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു എന്നു കേട്ടപ്പോൾ എനിക്ക് അസ്വാസ്ഥ്യം തോന്നി. കാരണം അന്നു ഞങ്ങൾ പിരിഞ്ഞിട്ട് അധിക സമയമായിരുന്നില്ല. അല്പസമയത്തിനു മുമ്പ് മാത്രമായിരുന്നു അദ്ദേഹം കളക്ടറേറ്റിൽ നിന്നു പോയത്. സ്വാതന്ത്ര്യ സമര സേനാനികൾക്കു പെൻഷൻ അനുവദിക്കുന്നതിനുള്ള ജില്ലാ ഉപദേശക സമിതിയിലെ അംഗമെന്ന നിലയിൽ അതു വരെയും പ്രസ്തുത സമിതിയുടെ യോഗത്തിൽ അദ്ദേഹം പങ്കെടുത്തു. ഈ സമിതിയുടെ തന്നെ മുമ്പു കൂടിയിട്ടുള്ള യോഗങ്ങളിലും അദ്ദേഹം സംബന്ധിക്കാറുണ്ടായിരുന്നു. സ്വാതന്ത്ര്യ സമര സേനാനിയായ അദ്ദേഹം ഈ പെൻഷനോ താമ്ര പത്രത്തിനോ അപേക്ഷിച്ചിരുന്നുമില്ല. എന്നാൽ പെൻഷനു അർഹതയുള്ള എല്ലാ സമരസേനാനികൾക്കും പെൻഷൻ കിട്ടണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ഉപദേശക സമിതി യോഗങ്ങളിലെ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായ പ്രകടനവും ഈ ആഗ്രഹം യാഥാർത്ഥ്യമാക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾക്കുദാഹരണങ്ങളാണ്. അവസാനമായി കരുണാകരൻ നമ്പ്യാർ പങ്കെടുത്ത യോഗത്തിലും ഇനിയും പെൻഷനനുവദിക്കേണ്ട ചില അപേക്ഷകളെക്കുറിച്ചുള്ള ചർച്ചയുണ്ടായി. പതിവുപോലെ പെൻഷനു അർഹതയുള്ളവരെന്നു അദ്ദേഹത്തിനു ബോധ്യമുള്ള അപേക്ഷകരുടെ കാര്യം അവർക്കു അനുകൂലമായ വിധത്തിൽ അദ്ദേഹം യോഗത്തിൽ അവതരിപ്പിച്ചു. നമ്പ്യാർ ഒരു കാര്യം പറഞ്ഞുകഴിഞ്ഞാൽ മറ്റുള്ളവർക്ക് അതിനോട് വിയോജിക്കേണ്ടതായി വരികയില്ല. എല്ലാവർക്കും സ്വീകാര്യമാവുന്ന വിധത്തിൽ അദ്ദേഹം പറയുന്നു. വിരസമായ കാര്യങ്ങൾ വരെ അദ്ദേഹം പറയുമ്പോൾ സരസമാകും. ആ നർമ്മബോധം ആർക്കും ഇഷ്ടപ്പെടും. കമ്മിറ്റി യോഗങ്ങളിലെ ചിരി എല്ലാവരേയും ഉത്സാഹ ഭരിതരാക്കും. അന്നദ്ദേഹം പതിവില്ലാത്ത വിധത്തിൽ ക്ഷീണിതനായല്ലേ യോഗത്തിൽ പങ്കെടുത്തതെന്നു ഞാനിപ്പോൾ സംശയിക്കുന്നു. തന്റെ ക്ഷീണം മറ്റുള്ളവർ അറിയാതിരിക്കാൻ അദ്ദേഹം ബോധപൂർവ്വം ശ്രമിച്ചതായി ഞാൻ അനുമാനിക്കുന്നു. അന്നത്തെ യോഗത്തിൽ ചർച്ചചെയ്തു തീരുമാനിക്കാനുള്ള കാര്യങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം അദ്ദേഹം എക്സ്പ്രസ്സ് ഓഫീസിലേക്കു തിരിച്ചുപോയി.

അന്നു വൈകുന്നേരമാണ് നമ്പ്യാരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ച വിവരം ഞാൻ അറിഞ്ഞത്. ഉൽക്കണ്ഠക്കോ ആശങ്കക്കോ കാരണമില്ലെന്നാണ് കേട്ടത്. അതു തെറ്റായിരുന്നെന്ന് പിന്നീട് ബോധ്യമായി. നമ്പ്യാർജി അന്തരിച്ചു. ഹൃദ്രോഗം അദ്ദേഹത്തിന്റെ ജീവിതത്തിന് തിരശ്ശീലയിട്ടു.

ദീർഘമായുള്ള നേരിട്ടു പരിചയം കരുണാകരൻ നമ്പ്യാരുമായി എനിക്കില്ല. എങ്കിലും വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ ശ്രദ്ധേയമായ വ്യക്തിത്വം കൊണ്ട് ഉയർന്നുകൊണ്ടിരുന്ന നമ്പ്യാർ എന്റെയും ബാല്യകാല സ്മരണകളിലുണ്ട്.

ഉജ്ജ്വലനായ പ്രഭാഷകൻ, പണ്ഡിതനായ എഴുത്തുകാരൻ, നിസ്വാർത്ഥനായ സാമൂഹ്യ സേവകൻ, ധർമ്മ ച്യുതി തീണ്ടാത്ത ശക്തനായ പത്ര പ്രവർത്തകൻ, നീതിക്കുവേണ്ടി പോരാടുന്ന വിട്ടുവീഴ്ചയില്ലാത്ത സ്ഥിതി സമത്വവാദിഎന്നീ നിലകളിൽ വ്യക്തിമുദ്ര ചാർത്തുകയും സർവ്വജനങ്ങളുടെ സ്നേഹത്തിനും ആരാധനക്കും പാത്രമാവുകയും ചെയ്ത കരുണാകരൻ നമ്പ്യാരുടെ അകാല ചരമം രാജ്യത്തെ മുഴുവൻ നഷ്ട ബോധത്തിലും ദുഃഖത്തിലും ആഴ്ത്തി. ഞങ്ങൾ പരസ്പരം അടുത്തറിയുന്നത് ഞാൻ തൃശ്ശൂരിൽ വന്നതിനുശേഷമാണ്. ആ പരിചയം നീണ്ടു പുലർത്താൻ വിധി അനുവദിച്ചില്ല.

ജില്ലാ കളക്ടർ എന്ന നിലയിൽ ഞാൻ പങ്കെടുത്ത പൊതു പരിപാടിയിൽ തന്നെയാണ് തനിക്കു മാത്രം സ്വായത്തമായ, പ്രൗഢമായ ശൈലിയിൽ അറിവിന്റെ നിലവറകൾ മലർക്കെ തുറന്നു കൊണ്ട് കാനേഷുമാരിയെക്കുറിച്ച് അദ്ദേഹം അവസാനമായി പ്രസംഗിച്ചത്. ആ മനോഹരമായ പ്രഭാഷണം മേലിൽ കേൾക്കാൻ കഴിയില്ലെന്ന് അപ്പോൾ ആരും ഓർത്തില്ല. ജനനവും മരണവും ജീവിതവും സാമൂഹ്യ പരിവർത്തനവുമായി ബന്ധപ്പെട്ട പ്രമാണമാണല്ലോ കാനേഷുമാരി. ജനജീവിതത്തെക്കുറിച്ചും സാമൂഹ്യപരിവർത്തനങ്ങളെക്കുറിച്ചും ഉള്ള ചിന്തയായി ഭവിച്ചു അദ്ദേഹത്തിന്റെ ഒടുവിലത്തെ പ്രഭാഷണമെന്നത് യാദൃച്ഛികമായിരിക്കാം. അടുത്തറിയുന്നത് അടുത്തു മാത്രമാണെങ്കിലും ഒരു ചിരന്തന ബന്ധത്തിന്റെ അന്ത്യമുണ്ടാക്കിയ വ്യഥയും വേദനയുമാണ് നമ്പ്യാരുടെ മരണത്തിൽ എനിക്കുള്ളത്''.

നമ്പ്യാരുടെ അവസാനത്തെ പ്രസംഗം സെൻസസിനെക്കുറിച്ചായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അതിന്റെ തലേദിവസം വൈകീട്ട് ഇരിങ്ങാലക്കുട ഉണ്ണായി വാരിയർ സ്മാരക ഹാളിൽ ചെയ്തതായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ സാഹിത്യ സാംസ്കാരിക വേദിയിലുള്ള പ്രസംഗം. തൃശ്ശിവ പേരൂരിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടും അറിയപ്പെടുന്ന കവിയുമായ പി.എൻ. വിജയകുമാർ ആ പ്രസംഗം ടേപ്പിൽ പകർത്തിയിരുന്നു. വിജയകുമാർ എഴുതിയൊരു കുറിപ്പും പ്രസംഗവും അദ്ദേഹത്തിന്റെ അനുമതിയോടെ ഉദ്ധരിക്കട്ടെ.

''ജീവിതത്തിന്റെ ഏതു തുറയിലുള്ളവരേയും ആകർഷിക്കുന്ന ആ പ്രഭാഷണ ചാതുര്യം ഒരപൂർവ്വ സിദ്ധിയായിരുന്നു. ആകസ്മികമായി, തികച്ചും അപ്രതീക്ഷിതമായി 1981 ഫെ. 8ന് കരുണാകരൻ നമ്പ്യാർ ഇരിങ്ങാലക്കുട ഉണ്ണായി വാര്യർ സ്മാരക ഹാളിൽ ചെയ്ത പ്രസംഗം ടേപ്പു ചെയ്യുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. സി. അച്യുതമേനോൻ ഉദ്ഘാടനം ചെയ്യുകയും, തൃശ്ശൂർ ബിഷപ്പ് തിരുമേനി ജോസഫ് കുണ്ടുകുളം ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്ത ആ യോഗം നമ്പ്യാരുടെ ഏറ്റവും അവസാനത്തെ പൊതു വേദിയായിരിക്കുമെന്ന് ഞങ്ങളാരും തന്നെ കരുതിയിരുന്നില്ല. ആരോഗ്യവാനായി, പ്രസന്നവദനനായി- പിരിയുമ്പോൾ അത് അവസാനത്തെ ആളിക്കത്തലായിരുന്നെന്നു കരുതുന്നതെങ്ങനെ? സി. അച്യുതമേനോനിൽ നിന്നും ''അനുപല്ലവി''യുടെ ഒരു പ്രതി ഏറ്റുവാങ്ങിക്കൊണ്ട് നമ്പ്യാർ സുസ്മേരവദനനായി നിൽക്കുന്ന ചിത്രം ഫെ. 12ന് വ്യാഴാഴ്ച പ്രസിദ്ധീകരിച്ച എക്സ്പ്രസ്സിൽ വന്നു. അന്ന് വൈകീട്ടു തന്നെ അന്തിപ്പത്രങ്ങൾ നമ്പ്യാരുടെ ചരമവാർത്ത റിപ്പോർട്ടു ചെയ്തു. ആ അതികായന്റെ തിരോധാനത്തിൽ വേദനിക്കാത്ത ഹൃദയങ്ങളില്ല- ഇല്ല, ഞങ്ങളുടെ നമ്പ്യാർജി മരിച്ചിട്ടില്ല!

നമ്പ്യാരുടെ ജീവിതത്തിലെ പ്രകാശമാനമായ ഒരു ഭാവമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. ആ വൈഭവം വാഴ്ത്തുന്നതിന് വാക്കുകൾ അപര്യാപ്തങ്ങളാണ്. ഫെബ്രുവരി 8-ന് മുഴങ്ങിക്കേട്ട ആ പ്രഭാഷണം ടേപ്പിൽ നിന്നും പകർത്തട്ടെ........... അനന്യ സാധാരണമായ.............. അനുകരണത്തിനപ്പുറമായ................ ആ ശൈലിയുടെ ഒഴുക്ക് നമ്പ്യാരുടെ മാത്രം സ്വന്തമാണ്. ആധികാരികമായി മാത്രം അദ്ദേഹം സംസാരിക്കുന്നു.

"മലയാളത്തിലെ കഴിഞ്ഞ നൂറോ നൂറ്റി അമ്പതോ വർഷത്തെ പുസ്തകപ്രസിദ്ധീകരണ കാലത്തു മൂന്നു ഘട്ടങ്ങളുള്ളതായി കാണാം. ആദ്യഘട്ടത്തിൽ പുസ്തകമെഴുത്തുകാർ പ്രസാധകന്മാരെ തേടിപ്പോകുന്ന ഒരു കാലമുണ്ടായിരുന്നതായി ആദ്യകാല സംഭവങ്ങളും പ്രസാധനങ്ങളും വ്യക്തമാക്കുന്നുണ്ട്. ഒരു കാലത്ത് സാഹിത്യത്തിലെ സാർവ്വഭൗമനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ചിരസമ്മതമായ മയൂരസന്ദേശമെന്ന കൃതി പോലും പ്രസിദ്ധപ്പെടുത്തുവാൻ സൗകര്യം കിട്ടാതിരുന്നതു മൂലം വടക്കേ മലബാറിന്റെ വടക്കേ അറ്റത്തുള്ള മംഗലാപുരത്ത് നാഷണൽ ബുക്സിൽ അച്ചടിച്ച് വളരെ കമനീയമായി പ്രസിദ്ധപ്പെടുത്തി എന്നു കേട്ടിട്ടുണ്ട്. ഇത് പ്രസിദ്ധപ്പെടുത്തുന്നതിന് ചന്തുമേനോന് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ 25 രൂപ മണിയോർഡറായി അയച്ചുകൊടുത്തതായും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളവർമ്മ വലിയ കോയിത്തമ്പുരാനെപ്പോലെ മഹാരഥനായ ഒരു സാഹിത്യ നായകനുപോലും ആദ്യ കാലത്ത് തന്റെ കൃതികൾ പ്രസിദ്ധപ്പെടുത്തുവാനുള്ള സാഹചര്യങ്ങൾ വളരെയേറെ കുറവായിരുന്നുവെന്നു വേണമല്ലോ ഇതിൽ നിന്നും അനുമാനിക്കുവാൻ. പിന്നീട് നമ്മുടെ നാട്ടിൽ ധാരാളം പ്രസിദ്ധീകരണശാലകളുണ്ടായി. കോഴിക്കോട്ടും, തൃശ്ശൂരും, കുന്നംകുളത്തും, ഇരിങ്ങാലക്കുടയിലും, തിരുവനന്തപുരത്തുമെല്ലാം തന്നെ അനേകമനേകം ഗ്രന്ഥശാലകൾ ഉണ്ടാവുകയും ആ പ്രസിദ്ധീകരണ ശാലകൾ പുതിയ പുതിയ ഗ്രന്ഥകാരന്മാരെ തേടിപ്പോകുന്ന സാഹചര്യവും ഇവിടെ സംജാതമായി. ഇന്ന് ആ കാലഘട്ടവും മാറി പഴയ ഘട്ടത്തിലേക്ക് നമ്മുടെ പ്രസിദ്ധീകരണശാലകൾ തിരിച്ചു പോയതായി കാണാം. ഇന്നിപ്പോൾ എഴുത്തുകാർ ധാരാളമുണ്ട്. പ്രസിദ്ധീകരണക്കാരുടെ എണ്ണം വളരെ കുറഞ്ഞുപോവുകയും ചെയ്തു. കുന്നംകുളത്തും തൃശ്ശൂരും പഴയതുപോലുള്ള പ്രസിദ്ധീകരണശാലകളില്ല. കോഴിക്കോട്ടുള്ളതു ഏതാണ്ട് അസ്തമിച്ചതുപോലെയായിട്ടുണ്ട്. മിക്കവാറും കോട്ടയത്തു മാത്രമാണ് പ്രസിദ്ധങ്ങളായ പ്രസാധകന്മാരുള്ളത്. പ്രസിദ്ധീകരണക്കാരുടെ എണ്ണം കുറയുകയും, എഴുത്തുകാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്ത ഒരു സാഹചര്യത്തിൽ പുതുതായി ഒരു പ്രസിദ്ധീകരണശാല തുടങ്ങുന്നത് വളരെയധികം ശ്രമകരമായ ഒരു കാര്യമാണ്. ഇരിങ്ങാലക്കുടയിൽ തന്നെ ശ്രീ കേശവൻ വൈദ്യരുടെ വളരെ പ്രസിദ്ധമായ ഒരു പ്രസിദ്ധീകരണശാലയുണ്ടായിരുന്നു. വളരെയധികം ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ 'വിവേകോദയം' എന്തോ കാരണങ്ങളാൽ നിർത്തുകയാണുണ്ടായത്.

" നമ്മുടെ നാട്ടിൽ കവിതയ്ക്കു ഭാവിയില്ല എന്നും മറ്റും ധാരാളം പ്രസംഗങ്ങളും പത്രവാർത്തകളും നാം കേൾക്കാറുണ്ട്. യഥാർത്ഥത്തിൽ സാഹിത്യമെന്നു പറഞ്ഞാൽ ഒരുകാലത്ത് ഈ രാജ്യത്ത് കവിതയായിരുന്നു. പക്ഷെ കാലം മുന്നോട്ടു പോയതോടുകൂടി കവിത ചില സാഹിത്യരൂപങ്ങൾക്കു വഴിമാറേണ്ടിവന്നു. ഒരു കാര്യം വളരെ വ്യക്തമാണ്. ഈ ലോകത്ത് എക്കാലത്തും കവിത നിലനിൽക്കുകതന്നെ ചെയ്യും. യഥാർത്ഥ കവിത ഏതു കാലത്ത് ഈ ലോകത്ത് നിന്ന് അപ്രത്യക്ഷമാകുന്നുവോ അതോടുകൂടി നമ്മുടെ സംസ്ക്കാരം എന്നൊന്ന് ഇല്ലാതാവുകയും ചെയ്യും. നമ്മുടെ രാജ്യത്തു തന്നെ അനേകമനേകം സാഹിത്യകൃതികൾ അയ്യായിരമോ ആറായിരമോ, കൊല്ലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. എക്കാലത്തും വളരെ പ്രാധാന്യത്തോടുകൂടി വളരെ ബഹുമാനത്തോടുകൂടി കണക്കാക്കുന്ന ഏറ്റവും പ്രസിദ്ധങ്ങളായ രണ്ടു കാവ്യങ്ങളാണ് രാമായണവും മഹാഭാരതവും. അപ്പോൾ അന്നുമുതൽ ഇന്നുവരെ അയ്യായിരമോ ആറായിരമോ വർഷമായി ചരിത്രത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിൽപ്പെട്ട് തകർന്ന് പോകാതെ സാംസ്കാരിക സ്തംഭങ്ങളായി നിലനിൽക്കുന്നത് രണ്ടു കാവ്യങ്ങളാണെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. അതിനു കാരണം മനുഷ്യജീവിതങ്ങളുമായി വളരെയേറെ ബന്ധപ്പെടുകയും മനസ്സിന്റെ, ഹൃദയത്തിന്റെ അഗാധതലങ്ങളിൽ, ഇരുട്ടറകളിൽ പോലും വെളിച്ചം പകരുകയും, തികച്ചും മനോവിജ്ഞാനീയമായ ഗ്രന്ഥരചന നടക്കുന്നു എന്നുള്ള തു കൊണ്ടാണ്. ഇനി എത്രയോ കാലങ്ങളിലായി ഈ ലോകത്തുണ്ടാകാൻ പോകുന്ന എല്ലാ മനുഷ്യന്റെയും കഥകൾ രാമായണത്തിലും മഹാഭാരതത്തിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആ ഒരു കഴിവു നോവലിനോ നാടകത്തിനോ മറ്റേതെങ്കിലും സാഹിത്യ ശാഖയ്ക്കോ കൈവരികയില്ല. കാരണം കവികൾക്കു മാത്രമേ അത്തരം ക്രാന്തദർശിത്വവും സൂക്ഷ്മ നിരീക്ഷണവും മനുഷ്യരാശിയെ ആകമാനം കാണുവാനുള്ള ശേഷിയുംകൈമുതലായി കിട്ടിയിട്ടുള്ളൂ. മനുഷ്യന്റെ സമസ്ത പ്രശ്നങ്ങളേയും ഒരുപോലെ കാണുവാനും അവയ്ക്കു ചിരസ്ഥായിയായ പരിഹാരം നിർദ്ദേശിക്കുവാനും സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെയാണ് ഏറ്റവും പ്രസിദ്ധങ്ങളായ സാഹിത്യങ്ങളായി ഇതിഹാസങ്ങൾ നിലകൊള്ളുന്നത്. അതിനു കാരണം അവ കവിതയിൽ, യഥാർത്ഥമായ കവിതയിൽ എഴുതപ്പെട്ടതാണ്. ജീവിത വിമർശനമാണെന്നോ, വ്യക്തിത്വത്തിന്റെ പ്രദർശനമാണെന്നോ, വികാരങ്ങളുടെ പ്രതിഫലനമാണെന്നോ, ഭാവനയുടെ സന്തതിയാണെന്നോ, എന്തെല്ലാം നിർവ്വചനങ്ങൾ കൊ

ടുത്താലും ശരി, ഇവയെല്ലാം തന്നെ മനുഷ്യജീവിതത്തെ സ്പർശിക്കുന്നവയായിരിക്കണം എന്ന കാര്യത്തിൽ സംശയമില്ല. ഉന്നതമായ, ഉദാത്തമായ ചിന്തകൾ അനുവാചകനു നൽകുക എന്നുള്ളതാണ് പഴയ കാലം മുതൽ കവികൾ അനുവർത്തിച്ചു പോന്ന നയം. അതുകൊണ്ടു തന്നെ അവരുടെ കവിതകൾ കാലഘട്ടത്തെ അതിജീവിച്ചു കൊണ്ട് ബഹുമാന്യമായ പദവി അലങ്കരിക്കുന്നു. ആ ബോധത്തോടുകൂടി കവിത രചിച്ചാൽ കവിതയ്ക്കു ഇനിയും ഭാവിയുണ്ട് –കവിതയ്ക്കുമാത്രമാണ് മങ്ങലേൽക്കാത്ത ഭാവിയുണ്ടായിരിക്കുക.

## അദ്ധ്യായം അഞ്ച്

# ഫലിതമുദ്രകൾ

ഫലിതമെന്നാൽ വെറും രസിപ്പിക്കലല്ല, തമാശപറച്ചിലുമല്ല. നേരം പോക്കുമല്ല. ഇവയെല്ലാം ഇതിലുണ്ടെങ്കിലും ഫലിതത്തിനു അതിലും വ്യാപകമായ അർത്ഥമുണ്ട്, " ഫലിക്കുന്നതാണ് ഫലിതം". നമ്പ്യാരുടെ വാമൊഴിയിലും വരമൊഴിയിലും കളിയാടുന്ന ഫലിതത്തിന് മേൽ ചൊന്ന അർത്ഥവിശേഷണമാണ് ചേരുക. ഓർമ്മയിൽ നിന്നുമുള്ള കുറെ സാമ്പിളുകൾ ഇവിടെ പകർത്തട്ടെ.

സ്വാതന്ത്ര്യദിനം, റിപ്പബ്ളിക്ക് ദിനം, തുടങ്ങിയ ആണ്ടറുതികൾക്ക് സ്ഥിരമായി എക്സ്പ്രസ്സിലേക്ക് ലേഖനം അയച്ച് തന്നിരുന്ന ഒരദ്ധ്യാപകനുണ്ട്. വെറും അദ്ധ്യാപകനല്ല അദ്ദേഹം. ഹൈസ്കൂളിൽ മലയാളം വാദ്ധ്യാരായിരുന്നു. ഒരു വർഷം റിപ്പബ്ളിക്കിനെപ്പറ്റി ടിയാനെഴുതിയ ലേഖനത്തിൽ "നമ്മുടെ വിദ്യാർത്തികൾ.... " എന്നു തുടങ്ങുന്ന ഒരു വാചകമുണ്ടായിരുന്നു. സാധനത്തിന്റെ ഗ്യാലി പ്രൂഫ് വന്നപ്പോൾ അതു നോക്കിയിരുന്ന 'തിരുത്തൽ വാദി'ക്കൊരു സംശയം (പ്രൂഫ് റീഡറെ തിരുത്തൽവാദിയെന്നും റൂഫ് റീഡർ എന്നുമൊക്കെയാണ് നമ്പ്യാർ വിശേഷിപ്പിക്കുക ) 'വിദ്യാർത്ഥി" എന്നല്ലേ വേണ്ടത് ? നമ്പ്യാർ പറഞ്ഞു. " വേണ്ടതെന്ന് ചോദിച്ചാൽവേണ്ടത് അതാണ്. താനും ഒരിക്കൽ ഈ ' അർത്ഥി ' ആയിരുന്നല്ലോ. വിദ്യാർത്തി എന്ന് മാസ്റ്ററുടെ കൈപ്പടയിലില്ലേ ? ഭാഷാ പണ്ഡി

തനായ അദ്ദേഹം ഒന്നും കാണാതെഴുതില്ല.'' പ്രൂഫ് വായനക്കാരന് കൺഫ്യൂഷനായി. ആ കൺഫ്യൂഷൻ തീർക്കാനെന്ന മട്ടിൽ അയാളുടെ പുറത്തു തട്ടിക്കൊണ്ട് നമ്പ്യാർ മൊഴിഞ്ഞു ''വിദ്യയിൽ ആർത്തിയുള്ളവൻ ആരോ അവനാണ് വിദ്യാർത്ഥി. ബഹുവ്രീഹി സമാസം താൻ പഠിച്ചിട്ടില്ലേ?''

മറ്റൊരു രംഗം. ഇവിടെ സംശയം പ്രൂഫ് റീഡർക്കല്ല. പാലക്കാട് ജില്ലയിൽ നിന്നുമുള്ള പ്രാദേശികവാർത്തകൾ കൈകാര്യം ചെയ്തിരുന്ന സബ്ബിനാണ് . പട്ടാമ്പി ലേഖകൻ അയച്ച ഒരു വാർത്ത: ''ഗവൺമെൻറ് ഹൈസ്കൂളിന്നടുത്തു താമസിക്കുന്ന മഠത്തിൽ വേലുക്കുട്ടിയുടെ മകൻ കുട്ടി നാരായണൻ (8) സർപ്പദംശനമേറ്റ് മരിച്ചു.'' പാമ്പുകടിയേറ്റു മരിച്ചു എന്നു പോരെ എന്നാണ് സംശയാലുവിൻെറ ചോദ്യം. നമ്പ്യാർ പറഞ്ഞു ''പോരാ, പട്ടാമ്പിയിൽ പാമ്പില്ല സർപ്പമേയുള്ളു. പട്ടാമ്പിയിലെ പാമ്പിനു കടിക്കാനറിയില്ല, ദംശിക്കാനേ അറിയൂ. പാമ്പിനെന്നല്ലാ കീരിക്കും ഏതു കീടത്തിനും അറിയാവുന്ന ഏക ഭാഷ അവിടെ സംസ്കൃതമാണ്. എന്താ കാര്യം ? അറിയില്ലേ അവിടെയാണ് സാക്ഷാൽ പുന്നശ്ശേരി നമ്പിയുടെ സംസ്കൃത വിദ്യാപീഠം. ആ വാർത്ത പ്രത്യക്ഷപ്പെട്ടത് ഈ തലക്കെട്ടിൽ തന്നെ. ''സർപ്പദംശനമേറ്റ് കുട്ടി മരിച്ചു.'' അവിടുത്തെകുട്ടി എങ്ങനെ മലയാളത്തിൽ മരിക്കും എന്ന് ആരും ചോദിച്ചില്ല.

സി. പി. ശ്രീധരൻ നമ്പ്യാരുടെ അടുത്ത നാട്ടുകാരനാണ്. പല രംഗങ്ങളിലും സഹപ്രവർത്തകനും ആത്മസുഹൃത്തുമായിരുന്നു. നമ്പ്യാർ വഴിയാണ് ഞാൻ ശ്രീധരനെ പരിചയപ്പെടുന്നത്. സി.പി. യെ '' സാംസ്കാരിക കേരളത്തിൻെറ അസ്ഥികൂട'' മെന്ന് ആദ്യം വിളിച്ചത് നമ്പ്യാരാണ്. പിന്നീടത് അദ്ദേഹത്തിൻെറ അപരനാമമായി പരിണമിച്ചു.

കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായിരുന്ന വി.എ. എ . അസീസിൻെറ ഈ വിവരണം കേൾക്കൂ :''കുറ്റിപ്പുഴ സാറിനു നമ്പ്യാരുടെ തമാശകൾ വലിയ പ്രിയമായിരുന്നു. സാഹിത്യ ലോകത്തിൽ ബാലസാഹിത്യത്തെ കുറിച്ച് ഒരു ലേഖനം ആരെക്കൊണ്ട് എഴുതിക്കണം എന്ന പ്രശ്നമുണ്ടായി. വെട്ടൂർ രാമൻ നായർ ഒരു പേര് നിർദ്ദേശിച്ചു. ആരോ പറഞ്ഞു ''കക്ഷി സുഖമില്ലാതെ കിടക്കുകയാ''. അപ്പോൾ നമ്പ്യാരുടെ കമൻറ് '' അയാൾ അകാലിയായിരുന്നു. ഇപ്പോൾ സിക്കുമായല്ലോ. കഷ്ടം!'' പിന്നെ യോഗം കഴിയുവോളം ഇടയ്ക്കിടെ കുറ്റിപ്പുഴ സാറ് ചിരിച്ചു. അന്ന് വൈകുന്നേരം ആലുവായ്ക്ക് മടങ്ങാൻ നേരം അദ്ദേഹം

എന്നോടു പറഞ്ഞു ''അക്കാദമിയിൽ വരുമ്പോഴാണ് ഞാൻ ഇങ്ങനെ ഒന്ന് ചിരിക്കുന്നത് ആ നമ്പ്യാര് ഒരു നല്ല സഹൃദയനാണ്''. വർക്കി സാറിനും (പൊൻകുന്നം വർക്കി) നമ്പ്യാരെ ഇഷ്ടമായിരുന്നു. അദ്ദേഹം ഇടയ്ക്കു പറയുമായിരുന്നു നമ്പ്യാരാശാനെ കാണുമ്പോഴാണ് എനിക്കൊരു സമാധാനം. ആരാണ് ആ മനുഷ്യനെ ഇഷ്ടപ്പെടാത്തത് ?'' എത്ര ശരി.

തന്റെ നാട്ടുകാരനും ഏറെക്കുറെ സമ വയസ്കനും പലരംഗങ്ങളിലും സഹപ്രവർത്തകനുമായ ഡോ. സുകുമാർ അഴീക്കോട് നമ്പ്യാരുടെ ഫലിത ചാതുരിയെ പ്രസാദമധുരമെന്നും അനസൂയ വിശുദ്ധമെന്നുമാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

നമ്പ്യാരുടെ ഫലിതോക്തിയെപ്പറ്റി ഒരിക്കൽ ഡോ. എം. ലീലാവതി (കോഴിക്കോടു വച്ചു നടന്ന പ്രസ് അക്കാദമിയുടെ നമ്പ്യാർ അവാർഡുദാന സമ്മേളനത്തിൽ) പറഞ്ഞത് ഓർമ്മയിൽ വരുന്നു. അവർ ഉദ്ധരിച്ച നമ്പ്യാരുടെ തമാശ ഇതാണ്. ഒരു കർഷകന്റെ വീട്ടിൽ കൃഷി ഓഫീസർ കയറിച്ചെന്നു. കൃഷി ശാസ്ത്രത്തിൽ ബിരുദമുള്ള ചെറുപ്പക്കാരൻ പറമ്പിൽ ആകെ ചുറ്റി നടന്ന ശേഷം ഒരു മരം ചൂണ്ടി വീട്ടുടമസ്ഥനോട് പറഞ്ഞു: ഈ മാവിൽ മാങ്ങയുണ്ടാകുന്ന ലക്ഷണം ഇല്ല.'' ഇതുകേട്ട് മന്ദഹസിച്ച കർഷകനോട് '' നിങ്ങളെന്താ ചിരിക്കുന്നത്'' എന്ന് കൃഷി ഓഫീസർ ചോദിച്ചു. കർഷകൻ മറുപടി പറഞ്ഞു '' ചിരിക്കാതെന്തു ചെയ്യും, ഇതു മാവല്ല പ്ലാവാണ്'' .

ഡോ. സുകുമാർ അഴീക്കോടിനൊരു വീടുവാങ്ങണം. അന്ന് അദ്ദേഹം കാലിക്കറ്റ് സർവകലാശാലയിൽ പ്രോ വൈസ് ചാൻസിലറാണ്. വിയ്യൂരിൽ അഴീക്കോടിനു വേണ്ടി ഒരു വീടുകാണാൻ ഞാനും നമ്പ്യാരും സാഹിത്യ അക്കാദമിയിലെ ഉദ്യോഗസ്ഥനായ പോളുംകൂടി കാറിൽ പോകുന്നു. വഴിക്കുവെച്ചു നമ്പ്യാർ പറഞ്ഞു ''ഏതായാലും ഈ മനുഷ്യൻ പെണ്ണുകെട്ടില്ല എന്നുറപ്പായി. മണ്ണും കല്ലും മരവും ചേർന്ന ഈ പെണ്ണിനെ നമുക്ക് കണ്ടുറപ്പിക്കാം''. ഞങ്ങൾ കണ്ടു, ഉറപ്പിച്ചു. അന്ന് കണ്ട് ഉറപ്പിച്ച ''ഗൃഹേശ്വരി''യെ തന്നെയാണ് അഴീക്കോട് വരിച്ചത്. വീടുകാണാൻ പോകുമ്പോഴുണ്ടായ നമ്പ്യാരുടെ കമന്റിനെ കുറിച്ച് പിന്നീട് ഞാൻ അഴീക്കോടിനോടുപറഞ്ഞപ്പോൾ അദ്ദേഹം അതുകേട്ടു പൊട്ടിച്ചിരിച്ചു.

അന്തരിക്കുന്നതിനും അഞ്ചു വർഷം മുമ്പാണ്- 1976 ൽ. അടിയന്തിരാവസ്ഥക്കാലം. നമ്പ്യാർക്കു ലഘുവായൊരു നെഞ്ചുവേദനയും കൈകാൽ

കഴപ്പും, ഞങ്ങൾ നിർബന്ധിച്ചിട്ടാണ് തൃശ്ശൂരിലെ ജൂബിലി മിഷൻ ആസ്പത്രിയിൽ പോയത്. അവിടെ പ്രസിദ്ധനായൊരു ഫിസിഷ്യനുണ്ടായിരുന്നു. (ഇന്നു മുണ്ടെന്നു തോന്നുന്നു.) വർഗീസ് പോൾ. ഭാഗ്യവശാലോ നിർഭാഗ്യവശാലോ അദ്ദേഹം അവധിയായിരുന്നു. ഭാഗ്യവശാൽ എന്നു പറയാൻ കാരണമുണ്ട്. വർഗീസ് പോളുണ്ടായിരുന്നെങ്കിൽ താഴെ ക്കുറിക്കുന്ന ഫലിതം നമ്പ്യാരിൽ നിന്നും പുറത്തുവരില്ലായിരുന്നു. അദ്ദേഹത്തെ പരിശോധിച്ചത് ഒരു ആർ.എം.ഒ ആണ്. തടിച്ച് കൊഴുത്തൊരു സ്ത്രീ. നമ്പ്യാരെ സാരിയുടുപ്പിച്ചാൽ എങ്ങനെയിരിക്കും ? അതുപോലുണ്ട്. അവർ വിശദമായ പരിശോധനനടത്തി. ആ കുംഭ വയറിൽ പലപ്രാവശ്യം ഞെക്കി. നെഞ്ചിലും പുറത്തും സ്റ്റെതസ്കോപ്പു വച്ച് നോക്കി. എന്നിട്ട് ചോദിച്ചു: ''നിങ്ങൾ മദ്യപിക്കാറുണ്ടോ?'' ''ഇല്ലെന്ന് പറഞ്ഞുകൂടാ. ഒരിക്കൽ മഹാത്മാ ഗാന്ധിയോടൊന്നിച്ച് കഴിച്ചിട്ടുണ്ട്.'' ''പിന്നീട് കഴിച്ചിട്ടില്ലേ? '' '' ഇല്ല.'' അടുത്ത് നിന്നിരുന്ന എനിക്ക് ചിരിയടക്കാൻ നന്നേ പാടുപെടേണ്ടിവന്നു.

അന്ന് തൃശ്ശൂർ ജില്ലാ കളക്റ്ററായിരുന്ന വ്യക്തിയുടെ ഭാര്യയുടെ പേര് ഗീതയെന്നായിരുന്നു. ആ കളക്റ്ററെ നമുക്ക് '' x'' എന്നു വിളിക്കുക. അദ്ദേഹം പോയി പകരം വന്നത് ''y '' ആണ്. അദ്ദേഹത്തിന്റെ ഭാര്യയുടെ പേരും ഗീതയെന്നായിരുന്നു. ഓഫീസിൽ സ്ഥിരം വരാറുള്ള ഒരാൾ കൗതുക പൂർവ്വം നമ്പ്യാരോട് ചോദിച്ചു . '' ഇതിനു മുമ്പത്തെ കളക്റ്ററുടെ ഭാര്യയുടെ പേരും ഗീതയെന്നായിരുന്നല്ലോ ?'' '' അറിയില്ലേ, സാധാരണ കളക്റ്റർമാർ സ്ഥലം മാറി പോകുമ്പോൾ ഭാര്യമാരെ കൊണ്ടുപോകാറില്ല.'' നമ്പ്യാരുടെ മറുപടി. ഇങ്ങനെ എത്രയെത്ര. പ്രസംഗവേദിയിലും സ്വകാര്യ സംഭാഷണത്തിലും ഇത്തരം നിർദ്ദോഷ ഫലിതങ്ങൾ നിറഞ്ഞു നിന്നു.

നമ്പ്യാരുടെ '' ചരിത്രപര'' മായൊരു ഫലിതമുണ്ട്. അത് എ.ഡി. ഹരിശർമ്മയേയും ബി.സി. വർഗ്ഗീസിനേയും കുറിച്ചുള്ളതാണ്. ഒരു പ്രസംഗത്തിലാണോ ലേഖനത്തിലാണോ ആ ഫലിതമുതിർന്നതെന്ന് വ്യക്തമായി ഓർക്കുന്നില്ല. എ.ഡി. യെന്നാൽ കൃസ്തുവിന് ശേഷവും ബി.സി. യെന്നാൽ കൃസ്തുവിനു മുമ്പും എന്നാണല്ലോ കാലഗണന. എ.ഡി. ഹരിശർമ്മ മഹാ സംസ്കൃത പണ്ഡിതനും പ്രാചീന ചിന്താ പ്രകാണ്ഡവും പുരാണ നിഘണ്ടുവുമാണ്. ബി.സി.വർഗ്ഗീസാകട്ടെ കിടയറ്റ ആംഗല വാണീ വിശാരദനും വാഗ്മിയും പുരോഗന ചിന്തകനും സോഷ്യലിസ്റ്റും. വർത്തമാനകാലത്തിൽ ചിന്താപരമായ രണ്ടു ധ്രുവങ്ങളിൽ വിരാജിക്കുന്ന ഇരുവരുടേയും ഇനീഷ്യലുകൾ പരസ്പരം മാറേണ്ടതാണെന്നാണ് നമ്പ്യാർ അഭിപ്രായപ്പെട്ടത്. ഇരുവരും ഇന്ന് യശശ്ശരീരർ.

''കാള വാലു പൊക്കുമ്പോഴറിയാം എന്തിനാണെന്ന്. പക്ഷേ പശു വാലുപൊക്കുന്നതോ ? എളുപ്പമല്ല പറയാൻ . ചിലപ്പോഠം ഒന്നിനാകാം, അല്ലെങ്കിൽ രണ്ടിനാകാം. രണ്ടിനും കൂടിയും ആയിക്കൂടായ്കയില്ല.'' ഇന്ദിരാ ഗാന്ധിയുടെ ഏതോ നയപ്രഖ്യാപനത്തെ ക്കുറിച്ചുള്ള ഒരു മുഖപ്രസംഗത്തിലാണ് ഈ പ്രയോഗം. ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ്സിെ ൻറ അന്നത്തെ അടയാളം പശുവും കുട്ടിയുമായിരുന്നു എന്നറിഞ്ഞാലേ ഈ പ്രയോഗത്തിൻെറ സ്വാരസ്യം കൂടുതൽ വെളിവാകൂ.

തൃശ്ശൂർ കത്തോലിക്കാ രൂപതയുടെ സാരഥിയായിരുന്ന ബിഷപ്പ് ഡോ. ജോസഫ് കുണ്ടുകുളം നമ്പ്യാരുമായി വളരെ അടുപ്പത്തിലായിരുന്നു. സഭയുടെ ആഭിമുഖ്യത്തിൽ നടന്നിട്ടുള്ള പല 'മതേതര' സമ്മേളനങ്ങളിലും നമ്പ്യാർ പ്രസംഗിച്ചിട്ടുണ്ട്. ഒരിക്കൽ ഏതോ ഒരു ജീവ കാരുണ്യ സംരംഭത്തിെ ൻറ ഉൽഘാടനമാണ്. വേദിയിൽ ബിഷപ്പും നമ്പ്യാരും മറ്റു പല പ്രമുഖരുമുണ്ട്. അച്ചന്മാരും അൽമായരും കന്യാസ്ത്രീകളും നിറഞ്ഞ സദസ്സ്. നമ്പ്യാർ പറഞ്ഞു. '' മറ്റ് രൂപതകളെപ്പോലെ ' രൂപ താ' എന്നു പറഞ്ഞു കൈനീട്ടുക മാത്രമല്ല കുണ്ടുകുളത്തിൻെറ രൂപത ചെയ്യുന്നത്. അങ്ങനെ കിട്ടുന്ന രൂപ ഇങ്ങനെ ചില നല്ല കാര്യങ്ങഠക്കും ചെലവഴിക്കുന്നുണ്ട്.'' ഈ 'രൂപ താ' പ്രയോഗം കേട്ട് ആദ്യം തലതല്ലി ചിരിച്ചത് കുണ്ടുകുളമാണ്. പിന്നെ സദസ്സും. പിന്നീട് നമ്പ്യാർ ഇത്രകൂടി പ്പറഞ്ഞു. '' നിങ്ങളുടെ പുണ്യവാന്മാരായ വി. സെബസ്ത്യനോസ്, വി. ഫ്രാൻസീസ് സേവിയർ തുട ങ്ങിയവരെപ്പോലെ ഞാനും ഒരു വിശുദ്ധനാണ്. എൻെറ ഇനിഷ്യൽ തന്നെ 'വി.' യെന്നാണ്. ജനിച്ച വിശുദ്ധൻ.''

നമ്പ്യാരും ആർ.എം. മനക്കലാത്തും ഒരേ പ്രത്യയ ശാസ്ത്രത്തിൻെറ പ്രചാരകന്മാരും കുറച്ചിടെ ഒന്നിച്ച് എക്സ്പ്രസ്സിൽ സഹപ്രവർത്തകരുമായിരുന്നു.ആഹാരപ്രിയനായ മനക്കലാത്തിനെക്കുറിച്ച് നമ്പ്യാർ പ്രചരിപ്പിച്ചൊരു കഥയുണ്ട്. (തീറ്റക്കാര്യത്തിൽ നമ്പ്യാരും പിന്നോക്കമായിരുന്നില്ല എന്നതു വേറെ കാര്യം. ) മനക്കലാത്ത് ഒളിവിൽ കഴിയുന്ന കാലം. ഒരു ദിവസം സന്ധ്യക്ക് മച്ചാട്ടുള്ള വീട്ടിൽ മനക്കലാത്ത് കയറി ച്ചെല്ലുന്നു. ആനന്ദാശ്രുക്കഠം പൊഴിച്ച അമ്മ ഒരു വളർത്തുകോഴിയെ പിടിച്ച് ശരിപ്പെടുത്തി കറിയാക്കുന്നു. ചോറിൻെറ കൂടെ ഒരിലയിൽ കോഴിയേയും പ്രതിഷ്ഠിക്കുന്നു. മകൻ തീറ്റ തുടങ്ങുന്നു. അമ്മ കണ്ടു നില്ക്കുന്നു. ഇല തുടച്ചു നക്കി മകൻ എണീക്കുന്നു. അമ്മയുടെ കമൻറ്. '' മോനേ ആ ഇല കൂടി നിനക്ക് തിന്നാമായിരുന്നില്ലേ ?''സംഗതി മനസ്സിലായോ ? മകൻെറ ഇലയിൽ അവശേഷിക്കുന്ന ''കോഴിച്ചോറ്'' കഴിക്കണമെന്നായിരുന്നു അമ്മയുടെ ആഗ്രഹം.

# അദ്ധ്യായം ആറ്

## സാഹിത്യ അക്കാദമിയിൽ

ഒരു വ്യാഴവട്ടത്തിലേറെ കരുണാകരൻ നമ്പ്യാർ കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിലിലും നിർവാഹകസമിതിയിലും അംഗമായിരുന്നിട്ടുണ്ട്. സാഹിത്യ അക്കാദമിയെ പ്രതിനിധീകരിച്ച് കേരള കലാമണ്ഡലത്തിലും ദീർഘകാലം അംഗമായിരുന്നു. സാധാരണ അംഗങ്ങളുടെ പതിവ്, കമ്മിറ്റി യോഗങ്ങളുണ്ടെങ്കിൽ സന്നിഹിതരാവുക, വേണ്ടി വന്നാൽ അക്കാദമി ആസ്ഥാനത്ത് താമസിക്കുക, യാത്രപ്പടിയും മറ്റും വാങ്ങി തിരിച്ച് പോവുക എന്നതാണ്. കരുണാകരൻ നമ്പ്യാർ ഈ പരമ്പരാഗത പരിപാടിക്ക് ഒരപവാദമായിരുന്നു. തൃശ്ശൂർ നിവാസിയായിരുന്നതുകൊണ്ട് കാര്യമായ യാത്രപ്പടികളുംമേമ്പൊടികളും അദ്ദേഹത്തിന് കിട്ടിയിരുന്നില്ല. അതൊന്നും നമ്പ്യാർ കാര്യമായി ഗണിച്ചിരുന്നതുമില്ല.

മിക്കവാറും എല്ലാ ദിവസങ്ങളിലും അദ്ദേഹം അക്കാദമിയിൽ സന്നിഹിതനാകുമായിരുന്നു. 1968 മുതൽ 1981 ഫെബ്രുവരി 12 വരെ (മരണം വരെ) അദ്ദേഹം അക്കാദമിയിൽ അംഗമായിരുന്നിട്ടുണ്ട്. ഈ പതിമൂന്നു വർഷം അക്കാദമിയുടെ അഭൂതപൂർവ്വമായ നേട്ടങ്ങളുടെയും വളർച്ചയുടെയും വർഷങ്ങളായിരുന്നു. കേരളത്തിൻെറ സാഹിത്യസാംസ്ക്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്നിരുന്ന കുറ്റിപ്പുഴ, പൊൻകുന്നം വർക്കി,

കേശവദേവ്, ഉറൂബ്, തകഴി എന്നിവരുടെ അധ്യക്ഷകാലം നമ്പ്യാരുടെയും അംഗകാലമായിരുന്നു. വിവിധ നിലകളിലും തലങ്ങളിലും വിഖ്യാതരായ ഈ അധ്യക്ഷന്മാരുടെ സ്നേഹം മാത്രമല്ല, ആദരവു പിടിച്ചു പറ്റാനും നമ്പ്യാർക്കു കഴിഞ്ഞു. അക്കാദമിയുടെ ജനറൽ കൗൺസിലിലും നിർവ്വാഹകസമിതിയിലും അംഗമായിരുന്നിട്ടുള്ള ആർക്കും തന്നെ അക്കാദമിക്കു വേണ്ടി നമ്പ്യാർ ചെയ്ത സേവനങ്ങൾ അർപ്പിക്കാനായിട്ടില്ല.

അദ്ദേഹം സംബന്ധിച്ചിട്ടുള്ള നിർവ്വാഹക സമിതികളിലൊക്കെ ഏതു പ്രശ്നത്തിന്റെ നിർവ്വഹണവും ക്ഷിപ്രസാധ്യമായിരുന്നുവെന്ന് അക്കാദമിയുടെ ചരിത്രത്തിലെ ഏറ്റവും പ്രാപ്തനും ഏറ്റവും കൂടുതൽകാലം സെക്രട്ടറിയുമായിരുന്ന പവനൻ അനുസ്മരിച്ചിട്ടുണ്ട്. അക്കാദമിയുടെ പ്രസിദ്ധീകരണ സംരംഭങ്ങളിലാണ് നമ്പ്യാരുടെ മികച്ച സംഭാവനകൾ. 'മലയാള ഗ്രന്ഥസൂചി' എന്ന സങ്കല്പം ആദ്യം അങ്കുരിച്ചത് നമ്പ്യാരുടെ ചിന്തയിലാണ്. ഒരു നിർവ്വാഹകസമിതിയോഗത്തിൽ ഈ ആശയം അവതരിപ്പിച്ചതും ഏക കണ്ഠമായി അത് അംഗീകരിപ്പിച്ചതും നമ്പ്യാരാണ്. നമ്പ്യാർ ആരാണ്? വെറുമൊരു എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം. ഈ ഗ്രന്ഥസൂചിയുണ്ടല്ലോ, അത് അന്നുവരെ ഇന്ത്യയിൽ കേന്ദ്ര സാഹിത്യ അക്കാദമിയടക്കമുള്ള ഒരക്കാദമിയും വിഭാവനം ചെയ്തിട്ടില്ലാത്ത ഒരാശയമായിരുന്നു. ആ ബൃഹദ് ഗ്രന്ഥത്തിന്റെ പേരു തന്നെ ആരംഭ ദശയിലൊരു വിവാദമായി. 'സൂചി' വേണോ 'സൂചിക' വേണോ? നമ്പ്യാർ 'സൂചി'യുടെ ആളായിരുന്നു.

നമ്പ്യാർ അക്കാദമിയിലുണ്ടായിരുന്നകാലത്ത് കുറ്റിപ്പുഴയൊഴിച്ച് ആരും ഭാഷാപണ്ഡിതന്മാരായിരുന്നില്ല. കുറ്റിപ്പുഴയുടെ വാഴ്ചയുടെ അവസാന കാലത്താണ് ഈ ഗ്രന്ഥ സൂചിയെന്ന ആശയം തന്നെ ആവിർഭവിക്കുന്നത്. വർക്കിയുടേയോ ദേവിന്റേയോ കാലത്താണ് അതു സാക്ഷാൽകൃതമാകുന്നത്. ഗ്രന്ഥത്തിന്റെ നാമകരണ വിവാദത്തിന് തിരശ്ശീല വീഴ്ത്തിയത് എൻ. വി. കൃഷ്ണവാരിയരാണെന്ന് കേട്ടിട്ടുണ്ട്. സൂചി മതിയെന്ന വാരിയരുടെ വിധി അവസാനത്തേതായിരുന്നു.

ഈ സൂചിയുടെ നിർമ്മാണത്തിനായി അക്കാദമി ഒരു മൂന്നംഗ സ്റ്റാൻഡിങ്ങ് കമ്മിറ്റിയെ നിയമിച്ചു. വി. കരുണാകരൻ നമ്പ്യാർ, എ. എ. സെയ്തു മുഹമ്മദ്, വെട്ടൂർ രാമൻ നായർ(കൺവീനർ) എന്നിവരടങ്ങിയതായിരുന്നു ആ കമ്മിറ്റി. കെ.എം. ഗോവി, എ.കെ. പണിക്കർ എന്നിവരായി

രുന്നു എഡിറ്റർമാർ. ഈ എഡിറ്റർമാരുടെ പണി ലഘൂകരിച്ചത് നമ്പ്യാരാണ്. മലയാളത്തിൽ അതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള തൊണ്ണൂറ്റി ഒമ്പതു ശതമാനം ഗ്രന്ഥങ്ങളും ഈ സൂചിയിലുണ്ട്. ഇത്തരം സൂചികൾ പ്രസിദ്ധീകരിക്കാൻ മറ്റു സംസ്ഥാന സാഹിത്യ അക്കാദമികൾക്കു പ്രചോദനമേകിയത് കേരള സാഹിത്യ അക്കാദമിയുടെ ഗ്രന്ഥസൂചിയാണ്. അമൂല്യമായ ഈ റഫറൻസ് ഗ്രന്ഥം ആ വകുപ്പിലുള്ള അക്കാദമിയുടെ ആദ്യഗ്രന്ഥം എന്ന പോലെ തന്നെ കരുണാകരൻ നമ്പ്യാർക്കുള്ള സ്മാരകം കൂടിയാണ്.

അക്കാദമിയുടെ മറ്റൊരു പ്രസ്റ്റീജ് പ്രസിദ്ധീകരണമായ സാഹിത്യകാര ഡയറക്ടറിയുടെ സൃഷ്ടിയിലും നമ്പ്യാരുടെ പങ്ക് നിർണ്ണായകമായിരുന്നു. മലയാളത്തിലെ രണ്ടായിരത്തോളം എഴുത്തുകാരെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ഈ ഗ്രന്ഥത്തെ കുറിച്ച് ചില വിമർശനങ്ങൾ വരാതിരുന്നില്ല. ചില പേരുകൾ വിട്ടു പോയി എന്നതാണ് ഉയർന്നു വന്ന പ്രധാന ആക്ഷേപം. പേരുകൾ വിട്ടു പോയതിലും ആക്ഷേപാർഹമായത് ഇങ്ങനെയൊരു ഗ്രന്ഥത്തിൽ കടന്നു കൂടാൻ അർഹതയില്ലാത്ത പലരുടേയും പേരുകൾ അതിൽ കടന്നു കൂടിയെന്നതാണ്. എഴുത്തുകാരല്ല എന്നതു പോകട്ടെ വായനക്കാർ പോലുമല്ലാത്ത പലരുടെയും പേരുകൾ അതിൽ കടന്നു കൂടിയതിലായിരുന്നു നമ്പ്യാർക്കും ദുഃഖം.നമ്പ്യാർ മരിച്ച് വർഷങ്ങൾക്കു ശേഷം അക്കാദമി പുറത്തിറക്കിയ സാഹിത്യസർവ്വസ്വം എന്ന ബൃഹദ്ഗ്രന്ഥം പോലും ഈ ആക്ഷേപത്തിൽ നിന്നും മുക്തമല്ല. അതിന്റെ പ്രസിദ്ധീകരണ വർഷത്തിൽ നിന്നു തന്നെ ആ പിഴ തുടങ്ങുന്നു. പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസിദ്ധീകരണ വർഷം 1987 ആണ്. വായനക്കാരുടെ കൈകളിലെത്തുന്നത് പിന്നേയും കുറെ കഴിഞ്ഞാണ്. ചങ്ങമ്പുഴ നാരായണൻ പോറ്റി രചിച്ച ഈ എൻസൈക്ലോപീഡിയായുടെ സംശോധകൻ (എഡിറ്റർ) ഡോ. കെ.എം. ജോർജ്ജാണ്. പ്രശസ്ത നോവലിസ്റ്റും പത്രപ്രവർത്തകനും മറ്റു പലതുമായ സി. രാധാകൃഷ്ണന്റെ പേര് അതിൽ കണ്ടില്ല. അങ്ങനെ എത്രയോ പേരുകൾ മുങ്ങിയിരിക്കണം?

1987 ൽ ഇറക്കിയ ഈ വിജ്ഞാന കോശത്തിൽ രണ്ടിടത്ത് വി. കരുണാകരൻ നമ്പ്യാർ പ്രത്യക്ഷപ്പെടുന്നുണ്ട്.219-ാം പേജിൽ കരുണാകരൻ, വി. (1920) എന്ന പേരിൽ. അതിലെ വിവരണം ഇങ്ങനെ ''കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം സ്വദേശിയായ കരുണാകരൻ ഒരു രാഷ്ട്രീയ പ്രവർത്തകനും പത്രാധിപരുമാണ്. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയായിരുന്നു ഇദ്ദേഹ

[illegible]
ത്തിന്റെ പ്രവർത്തന രംഗം. പ്രവാഹം, അക്കാദമി ത്രൈമാസികം, എക്സ്പ്രസ്സ് തുടങ്ങിയവയുടെ പത്രാധിപരായി സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം ഇന്ത്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനം എന്ന ഗ്രന്ഥവും നിരവധി ഉപന്യാസങ്ങളും ഏതാനും ഹാസ്യകവിതകളും രചിച്ചിട്ടുണ്ട്''. തൊട്ടു മുമ്പിലുള്ള 218-ാം പേജിൽ ഒരു വി. കരുണാകരൻ നമ്പ്യാർ പ്രത്യക്ഷപ്പെടുന്നുണ്ട്. അതിലുള്ള വിവരണം ഇങ്ങനെ: കരുണാകരൻ നമ്പ്യാർ വി. (1924-81) പെരളശ്ശേരി സ്വദേശിയായ കരുണാകരൻ നമ്പ്യാർ രാഷ്ട്രീയ-പത്രപ്രവർത്തന രംഗങ്ങളാണ് മുഖ്യമായി തന്റെ കർമ്മ പരിപാടികൾക്കു തെരഞ്ഞെടുത്തതെങ്കിലും ഭാഷാസാഹിത്യ സേവനത്തിലും അതീവ തല്പരനായിരുന്നു. കേരള സാഹിത്യ അക്കാദമിയിലും കേരള കലാമണ്ഡലത്തിലും അംഗമായിരുന്നിട്ടുണ്ട്. ഇന്ത്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ച് ഇദ്ദേഹം ഒരു പഠന ഗ്രന്ഥം തയ്യാറാക്കി. കേരള സാഹിത്യ അക്കാദമി തയ്യാറാക്കിയ ഗ്രന്ഥസൂചികകളുടെ ഉപദേശക സമിതികളിലും മറ്റു പല അക്കാദമി പ്രസിദ്ധീകരണങ്ങളിലും പത്ര ശോധകനെന്ന നിലയിൽ ഇദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾക്കു ഭാഷാഭിമാനികളുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്''.

എങ്ങനെയുണ്ട്? രണ്ടും ഒരേ കരുണാകരന്മാർ തന്നെയല്ലേ? ഒന്നിലെ കരുണാകരൻ മരിച്ചിട്ടില്ല. നേരത്തെ ജനിച്ചിട്ടുമുണ്ട്. നമ്പ്യാർ ജീവിച്ചിരിക്കുമ്പോഴാണ് ഈ സാധനം ഇറങ്ങിയിരുന്നതെങ്കിൽ എന്തെങ്കിലും തമാശകൾ പറഞ്ഞ് അദ്ദേഹം നമ്മെ ആശ്വസിപ്പിക്കുമായിരുന്നു. അക്കാദമിയുടെ ആനുകാലികങ്ങളിൽ ആദ്യം ആരംഭിച്ചത് സാഹിത്യ ലോകമാണ്. അതിന്റെ പത്രാധിപ സമിതി കൺവീനർ നമ്പ്യാരായിരുന്നു. ഈടുറ്റ ലേഖനങ്ങളും പഠനങ്ങളുമടങ്ങിയ സാഹിത്യലോകം അക്കാദമിയുടെ സാഹിത്യ വൈജയന്തിയായിരുന്നു. തുടക്കത്തിലെ സാരഥിയെന്ന നിലയിൽ നമ്പ്യാർ അതിന്റെ രൂപഭാവങ്ങൾ വരച്ചിട്ടു. ഇന്നും ആ പ്രസിദ്ധീകരണങ്ങൾ തുടരുന്നത് അതേ രൂപഭാവഹാവാദികൾ തന്നെ.

വിദ്യാർത്ഥികൾക്കു വേണ്ടി അക്കാദമി ആരംഭിച്ച മാസികാസൂചിയുടെ പ്രസിദ്ധീകരണത്തിലും നമ്പ്യാരുടെ പങ്ക് നിസ്തുലമാണ്. രസികരഞ്ജിനി, വിദ്യാവിനോദിനി, പരിഷദ്ത്രൈമാസികം എന്നിവയുടെ സൂചികൾ പരിശോധിച്ചതും ലക്ഷ്മീഭായ് മാസികാ സൂചികയുടെ കയ്യെഴുത്തു പ്രതി നോക്കി നിർദ്ദേശങ്ങൾ നൽകിയതും അദ്ദേഹമാണ്.

അക്കാദമിക്കു വേണ്ടി നമ്പ്യാർ ചെയ്ത സേവനങ്ങളെ മുക്തകണ്ഠം വാഴ്ത്തിയിട്ടുള്ള പവനൻ ഇങ്ങനെ കുറിക്കുന്നു: ''അക്കാദമിയുടെ നിയമാവലികളും ചട്ടങ്ങളും തയ്യാറാക്കുന്ന കാര്യത്തിലും കീഴ്വഴക്കങ്ങൾ നിർണ്ണയിക്കുന്ന കാര്യത്തിലും നമ്പ്യാർക്കു വലിയൊരു പങ്കുണ്ട്. അദ്ദേഹത്തിൻെറ അനിതരസാധാരണമായ ഓർമ്മശക്തി മുൻ തീരുമാനങ്ങളെ യഥാവസരം ഉദ്ധരിക്കുന്നതിനും കുറ്റമറ്റ പുതിയ തീരുമാനങ്ങളെടുക്കുന്നതിനും സഹായിച്ചു. അക്കാദമി അവാർഡിനർഹങ്ങളായ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിലും അക്കാദമിയിലെത്തുന്ന വിശിഷ്ടാതിഥികളെ സ്വീകരിക്കുന്നതിലും നമ്പ്യാർ നല്കിയ സേവനം മറക്കാവുന്നതല്ല. അക്കാദമിക്കു വേണ്ടി ഏതു ജോലി ഏല്പിച്ചാലും അതു കൃത്യസമയത്തു നിർവ്വഹിച്ചുതരുന്നതിന് അദ്ദേഹം പ്രത്യേകമായ ശുഷ്കാന്തി കാട്ടിയിരുന്നു. സരോജിനി നായിഡുവിൻെറ തിരഞ്ഞെടുത്ത കവിതകളും അവരുടെ ലഘു ജീവചരിത്രവും അടങ്ങുന്ന ഒരു ഗ്രന്ഥം ആ മഹതിയുടെ ശതാബ്ദി പ്രമാണിച്ച് പ്രസിദ്ധീകരിക്കുവാൻ അക്കാദമി തീരുമാനിച്ചപ്പോൾ ജീവചരിത്രം എഴുതുന്ന ചുമതല നമ്പ്യാരെയാണ് ഏല്പിച്ചത്. രണ്ടാഴ്ച കൊണ്ടാണ് അദ്ദേഹം ആ ജോലി തീർത്തത്''.

അക്കാദമി ചിത്രശാലയിൽ നിരത്തിയിട്ടുള്ള എണ്ണച്ഛായ ചിത്രങ്ങളിൽ കാണുന്ന സാഹിത്യകാരന്മാരുടെ ഛായാചിത്രങ്ങളും അവരെ സംബന്ധിച്ച ലഘുവിവരണങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പോർട്രെയിറ്റ് ഗ്യാലറി എന്ന ഗ്രന്ഥം എഡിറ്റ് ചെയ്തത് കരുണാകരൻ നമ്പ്യാരാണ്. ആ ഗ്രന്ഥം ഇറങ്ങി ഏറെ താമസിയാതെ നമ്പ്യാരുടെ ചിത്രവും അക്കാദമിയുടെ ചുമരിൽ തൂക്കേണ്ടി വന്നു എന്നത് വിധിവൈപരീത്യമാകാം. ചിത്രം അനാച്ഛാദനം ചെയ്തു കൊണ്ട് സി. അച്യുതമേനോൻ പറഞ്ഞു. ''കരുണാകരൻ നമ്പ്യാരുടെ ചൈതന്യം ഇപ്പോഴും അക്കാദമിയിൽ നിറഞ്ഞു നില്ക്കുന്നു''.

## അദ്ധ്യായം ഏഴ്

# എഴുത്തുകാരൻ, വിമർശകൻ

ഒരെഴുത്തുകാരനെന്ന നിലയിലുള്ള കരുണാകരൻ നമ്പ്യാരുടെ അസ്തിത്വം സ്ഥാപിക്കാനാവശ്യമായ ഏറെ ഉത്പന്നങ്ങളൊന്നും വിപണിയിലില്ല. മൂന്നു പതിറ്റാണ്ടുകാലം അദ്ദേഹം എഴുതി കൂട്ടിയ ലേഖനങ്ങൾക്കു കയ്യും കണക്കുമില്ലെങ്കിലും പത്രമാസികാദികളിൽ കണ്ടെത്താൻ വയ്യാത്ത വണ്ണം കുഴിച്ചുമൂടപ്പെട്ടവയാണ് അവയിൽ ഭൂരിഭാഗവും. ഇന്ന വിഷയമെന്നില്ല. ഏതു വിഷയത്തെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടുണ്ട്. രാഷ്ട്രീയവും തത്വചിന്തയും സാഹിത്യവും കലയും ശാസ്ത്രവുമെല്ലാം കൈകാര്യം ചെയ്യാനാവശ്യമായ വിഭവ ശേഷി അദ്ദേഹത്തിനുണ്ടായിരുന്നു.

വിദേശത്തും ഇന്ത്യയിലുമുള്ള ഇംഗ്ലീഷ് പത്രങ്ങളിലും മലയാള പത്ര ങ്ങളിലും പ്രത്യക്ഷപ്പെട്ട പല ലേഖനങ്ങളുടേയും കുറിപ്പുകളുടേയും കട്ടിങ്ങുകൾ അദ്ദേഹം ലൈബ്രറിയിൽ സൂക്ഷിച്ചിരുന്നെങ്കിലും സ്വന്തമായി എഴുതിയ എന്തിന്റെയെങ്കിലും ഒരുനുള്ളു പോലും കണ്ടെടുക്കാനായില്ല. തന്റെ ലേഖനങ്ങൾ സമാഹരിച്ചു പ്രസിദ്ധീകരിക്കണമെന്നും അദ്ദേഹത്തിനു തോന്നിയിരുന്നില്ല. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും പത്രപ്രവർത്തനത്തിനും ആ തോന്നായ്മയുണ്ടാക്കിയ നഷ്ടം വമ്പി

ച്ചതാണ്. മലയാളത്തിലെ പ്രശസ്തമായ ജീവചരിത്രങ്ങളിലൊന്നാണ് പി.കെ. പരമേശ്വരൻ നായരുടെ "സാഹിത്യ പഞ്ചാനനൻ". കേരളത്തിന്റെ സാഹിത്യ സാംസ്കാരിക നിയമ വ്യാകരണ മണ്ഡലങ്ങളിൽ സമാന്തര കാന്തി ചൊരിഞ്ഞ പി. കെ. നാരായണപിള്ളയുടെ ഈ ജീവചരിത്രത്തിൽ ഇങ്ങനെയൊരു വാചകമുണ്ട്

"പി.കെ. സാഹിത്യ വൃത്തിയിൽ ഒരു അഭിഭാഷകനും അഭിഭാഷകവൃത്തിയിൽ ഒരു സാഹിത്യകാരനും ആയിരുന്നു എന്നു പറയാം". കരുണാകരൻ നമ്പ്യാരെക്കുറിച്ച് ഈ വാചകം ഒന്നു മാറ്റിപ്പറയണമെന്നേയുള്ളു. "നമ്പ്യാർ സാഹിത്യവൃത്തിയിൽ ഒരു പത്ര പ്രവർത്തകനും പത്രപ്രവർത്തക വൃത്തിയിൽ ഒരു സാഹിത്യകാരനും ആയിരുന്നു".

നമ്പ്യാരുടെ ഏക ലേഖന സമാഹാരമെന്നു പറയാനുള്ളത് അദ്ദേഹത്തിന്റെ മരണാനന്തരം കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച "ചിന്തകൾ സ്പന്ദനങ്ങൾ" എന്ന ഗ്രന്ഥമാണ്. ആ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ലേഖനങ്ങളിൽ മിക്കവയും കാറളം ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഇച്ചിരിയമ്മ മെമ്മോറിയൽ ലൈബ്രറിയിൽ നിന്നുമാണ് കണ്ടു കിട്ടിയത്. അക്കാര്യം ഗ്രന്ഥത്തിന്റെ പ്രസാധകക്കുറിപ്പിൽ അന്ന് അക്കാദമി സെക്രട്ടറിയായിരുന്ന പ്രൊ. എരുമേലി പരമേശ്വരൻ പിള്ള അനുസ്മരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം അവതരിപ്പിക്കുന്നത് നമ്പ്യാരുടെ ആത്മസുഹൃത്തും സാഹിത്യഅക്കാദമിയിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനുമായിരുന്ന ഡോ. സുകുമാർ അഴീക്കോടാണ്.

മൂന്നു ഖണ്ഡങ്ങളായി തിരിച്ചിട്ടുള്ള 'ചിന്തകൾ സ്പന്ദനങ്ങ'ളിൽ നാല്പത്തിയാറു ലേഖനങ്ങൾ അടങ്ങിയിരിക്കുന്നു. അൻപത്തിയാറു വയസ്സു വരെ ജീവിച്ച നമ്പ്യാരുടെ ലേഖന കലയെക്കുറിച്ചറിയാനും വിലയിരുത്താനും ഈ നാല്പത്തിയാറു ലേഖനങ്ങളെ മാത്രം ആശ്രയിക്കുകയേ നിർവ്വാഹമുള്ളു. അവതാരികയിൽ അഴീക്കോടെഴുതുന്നു:

പത്രപ്രവർത്തകന്റെ ശൈലീ പ്രസന്നത, സാഹിത്യാസ്വാദകന്റെ ഗ്രന്ഥ പരിചയം, രാഷ്ട്രീയ വിദ്യാർത്ഥിയുടെ വർത്തമാന സംഭവ ബോധം, ഉപന്യാസ കർത്താവിന്റെ നർമ്മ രസികത, വിജ്ഞാന പ്രേമിയുടെ താല്പര്യ വൈവിധ്യം എന്നീ ഗുണങ്ങൾ കൊണ്ട് മനോഹരമായ ഒരു ലേഖനസമാഹാരമാണ് വി. കരുണാകരൻ നമ്പ്യാരുടെ 'ചിന്തകൾ

സ്പന്ദനങ്ങൾ'. അല്പം ചില ലേഖനങ്ങളൊഴിച്ചാൽ മറ്റെല്ലാം രണ്ടും മൂന്നും പേജുകളിൽ ഒതുങ്ങുന്നു. വാചാലവും സമഗ്രവുമായ പ്രസംഗശൈലി ലേഖനരചനയിലില്ല. ആറ്റിക്കുറുക്കിയ പാകത്തിലാണ്.

പത്രപ്രവർത്തനം, വ്യക്തികൾ, പ്രദക്ഷിണം - എന്നീ മൂന്നു ഭാഗങ്ങളായിട്ടാണ് ലേഖനങ്ങളെ തരം തിരിച്ചിട്ടുള്ളതെങ്കിലും ആ വക തിരിവിന്റെ അതിരുകൾ പല അവസരങ്ങളിലും ലംഘിക്കപ്പെട്ടിട്ടുണ്ട്. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ മുഖ പ്രസംഗമെഴുത്തിലാണല്ലോ നമ്പ്യാർ ഏറെ ശ്രദ്ധേയനായത്. ഈ സമാഹാരത്തിലെ ആദ്യ ലേഖനവും മുഖ പ്രസംഗത്തെക്കുറിച്ചുതന്നെ.

''എഡിറ്റോറിയൽ പേജ് ഒരു ഡോഡോ പക്ഷിയെപ്പോലെ ചലനമറ്റതാണെന്നു പറയുന്നവരുണ്ട്. പത്രാധിപർ കഴുത്തിനു മുകളിൽ ജീവനില്ലാത്തവനും കഴുത്തിനു താഴെ പേടിത്തൊണ്ടനുമാണെങ്കിൽ മാത്രമേ ഇങ്ങനെ സംഭവിക്കൂ. തന്റെ ചുറ്റും നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അഗാധ ബോധമുള്ള ധീരനായ പത്രാധിപരുടെ മുഖക്കുറിപ്പ് ധീരവും സജീവവുമാകും, തീർച്ച''-മാർക്ക് എത്ത്റിഡ്ജിന്റെ ഈ വാചകങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് പത്രങ്ങളും മുഖപ്രസംഗങ്ങളും എന്ന ലേഖനം ആരംഭിക്കുന്നത്. ഡോഡോ പക്ഷിയെന്താണെന്നും അതിന്റെ സ്വഭാവമെന്താണെന്നും കൂടി അറിഞ്ഞാലേ എത്ത്റിഡ്ജിന്റെ വാചകത്തിന്റെ അർത്ഥം പിടികിട്ടൂ. Dodo വിനു ഓക്സ്ഫോർഡ് നല്കുന്ന അർത്ഥമിതാണ്- a large extinct bird. Extinct എന്ന വാക്കിന്റെ അർത്ഥം കൂടി വിശദമായാൽ എത്ത്റിഡ്ജിന്റെ വിവരണം പൂർത്തിയാകും. No longer burning or active or existing in living form. പല പത്രങ്ങളുടെയും എഡിറ്റോറിയൽ പേജുകൾ നിശ്ചലവും നിർജീവവും നിർമയൂഖവുമാണ്. ആ പേജിനു പ്രാണപ്രതിഷ്ഠ നല്കുന്നത് മുഖപ്രസംഗമാണ്. ''സന്ദേശ കാവ്യങ്ങളിലെന്ന പോലെ പത്രദൗത്യത്തിലുമുണ്ട് ഒരു മർമ്മ ഭാഗം-അടയാള വാക്യം. അതാണ് പത്രത്തിന്റെ മുഖപ്രസംഗം. എള്ളിൽ എണ്ണപോലെ പത്രത്തിലുടനീളം പത്ര ദൗത്യത്തിന്റെ പ്രസരമുണ്ടാകുമെങ്കിലും ഒരു പ്രത്യേക സ്ഥലത്ത് അതു ഘനീഭൂതമായിനില്ക്കുന്നു. അതാണ് ''മുഖലേഖ''. രൂപകമൊന്നു മാറ്റിയാൽ പത്രത്തിന്റെ ആത്മാവാണ് മുഖലേഖനം എന്നു പറയാം ''നമ്പ്യാരുടെ ഈ വാക്കുകളിൽ മുഖപ്രസംഗ രചനയുടെ മർമ്മം ഒതുങ്ങിയിരിക്കുന്നു. മുഖപ്രസംഗവിചാരം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്

''സർവ്വലക്ഷണയുക്തമായ മുഖപ്രസംഗങ്ങൾ എഴുതാൻ സാധിക്കണമെങ്കിൽ അഗാധമായ പാണ്ഡിത്യവും പരന്ന വായനയും അസാമാന്യമായ നിരീക്ഷണ പാടവവും ഈടുറ്റ ചരിത്ര ബോധവും കൂടിയേതീരൂ. ഇതെല്ലാം കൂടി സമ്മേളിക്കുന്നതാകട്ടെ അത്ര സുലഭമല്ലതാനും''. സുലഭമല്ലെങ്കിലും തന്നിലിതെല്ലാം സമൃദ്ധമായി സമ്മേളിച്ചിരുന്നു എന്നു തെളിയിച്ചൊരു 'തെളിമ'യായിരുന്നല്ലോ നമ്പ്യാർ.

ഈ ഖണ്ഡത്തിലെ ഒരു ലേഖനം അവതാരികക്കാരനെ അല്പമൊന്ന് അസ്വസ്ഥനാക്കിയിട്ടുണ്ട്. നായന്മാർ പത്രപ്രവർത്തനത്തിൽ ''എന്നതാണ് ആ ലേഖനത്തിന്റെ തലവാചകം. മേനോനും നമ്പ്യാരും നായനാരും അടിയോടിയും ഒക്കെ നായന്മാരാണ്. ഇന്ത്യയിലും കേരളത്തിലും പത്രപ്രവർത്തന രംഗത്ത് ഈ ''നായ''ന്മാർ അത്ഭുതകരമായ ആധിപത്യം സ്ഥാപിച്ചിട്ടുണ്ടല്ലോ.ഏതോ ഒരു സോവനീറിനു വേണ്ടി എഴുതിയതാണ് ആ ലേഖനം. ഡോ. അഴീക്കോടിന്റെ വിപ്രതിപത്തി സ്ഫുരിക്കുന്ന ഈ വാക്കുകൾ കേൾക്കൂ.''നായന്മാർ പത്രപ്രവർത്തനത്തിൽ എന്നൊരു ലേഖനം ഈ ഗ്രന്ഥത്തിൽ വന്നുകൂടിയത് എന്നെ കുറച്ചൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. വളരെ മുമ്പ് എഴുതിയ (1964ൽ) ലേഖനമാണ് അതെന്നു കാണുന്നു. എന്നാൽ തന്നെ കരുണാകരൻ നമ്പ്യാരെപ്പോലെ തികഞ്ഞ ദേശീയ വാദിയും വർഗ്ഗീയ വിരുദ്ധനും മാനുഷികതയുടെ വക്താവും ആയൊരു വ്യക്തി പത്രപ്രവർത്തനത്തെ ജാതി ദൃഷ്ടിയിലൂടെ നോക്കുന്നൊരു പ്രബന്ധം എത്ര നിരുപദ്രവമായ ശൈലിയിലായാലും ശരി എഴുതിയെന്നതും അത് ഈ സമാഹാരത്തിൽ കടന്നു കൂടിയെന്നതും എന്തിനെന്നോ എങ്ങനെയെന്നോ എനിക്കു മനസ്സിലാകുന്നില്ല. ഗ്രന്ഥത്തിലെ ഉള്ളടക്കത്തിലെ ഒരപസ്വരമായിട്ടേ അതിനെ ആരും കണക്കാക്കുകയുള്ളൂ''.

അഴീക്കോട് വിശേഷിപ്പിച്ച പോലെ നമ്പ്യാർ ദേശീയവാദിയും വർഗ്ഗീയ വിരുദ്ധനും മാനുഷികതയുടെ വക്താവും ഒക്കെയായിരുന്നു. പിന്നെങ്ങനെ നായന്മാരായ പത്രപ്രവർത്തകന്മാരെ കണ്ടുപിടിച്ച് കൊണ്ടാടാൻ അദ്ദേഹത്തിനു കഴിഞ്ഞു? അദ്ദേഹവും ഒരു നായരായതു കൊണ്ടാണോ? ആയിക്കൂടായ്കയില്ല. എത്ര വർഗ്ഗീയ വിരുദ്ധനായാലും ഒരാൾ ജനിച്ച ജാതിയുടെയും മതത്തിന്റേയുമൊക്കെ സ്വാധീനം അയാളുടെ അബോധ മനസ്സിലെങ്കിലും കിടപ്പുണ്ടായിരിക്കും. അഴീക്കോട് നമ്പ്യാർക്കു ചാർത്തിയ വിശേഷണങ്ങളൊക്കെ അഴീക്കോടിനും ചേരും. അഴീക്കോട് ഒരു വർഗ്ഗീയ വാദിയാണെന്ന് അദ്ദേഹത്തിന്റെ പരമ ശത്രുക്കൾ പോലും പറയുകയില്ലല്ലോ.

കുഷ്‌വന്ത് സിങ് പത്രാധിപരായിരിക്കുമ്പോഴാണ്, 'ഇല്ലസ്ട്രേറ്റഡ് വീക്കിലി' ഇന്ത്യയിലെ വിവിധ സമുദായങ്ങളെക്കുറിച്ച് ഒരു ഫീച്ചർ പരമ്പര പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിലെ ഈഴവരെക്കുറിച്ചെഴുതിയത് അഴീക്കോടാണെന്നാണ് എന്റെ ഓർമ്മ. ആ ഓർമ്മ ശരിയാണെങ്കിൽ അഴീക്കോടുന്നയിച്ച സംശയത്തിനും ആശങ്കയ്ക്കുമുള്ള മറുപടി ആ ലേഖനം തന്നെയാണ്. മാത്രമല്ല, താൻ ജനിച്ച ജാതിയെക്കുറിച്ച് ഒരിക്കലും ചിന്തിക്കുക പോലും ചെയ്തിട്ടില്ലാത്ത സാക്ഷാൽ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള ഒരു നായർ സമ്മേളനത്തിൽ പ്രസംഗിച്ചിട്ടുണ്ട്. 1904ൽ 'നായന്മാരുടെ സ്ഥിതി' എന്ന പേരിൽ ആ പ്രസംഗം പുസ്തകമാക്കിയിട്ടുമുണ്ട്.

പത്രപ്രവർത്തനത്തെ കുറിച്ചുള്ള നമ്പ്യാരുടെ ലേഖനങ്ങളിൽ എഴുന്നുനില്ക്കുന്നത് പേർ പെറ്റ ചില പത്രാധിപന്മാരും അവരുടെ അപദാനങ്ങളുമാണ്. തനിക്കു വളരെ മുമ്പേ പറന്നു പോയ അവരെ അനുസ്മരിക്കുമ്പോൾ അദ്ദേഹം ''ആദരാതിശയ വിമുഗ്ധനും'' നമ്രശിരസ്കനുമാകുന്നു. മലയാള പത്രപ്രവർത്തന വീഥിയിൽ കുമ്ര ശോഭ ചൊരിഞ്ഞ കണ്ടത്തിൽ വർഗീസ് മാപ്പിള, കേസരി നായനാർ, മൂർക്കോത്തു കുമാരൻ, ചെങ്കുളത്തു കുഞ്ഞിരാമമേനോൻ തുടങ്ങിയവർ അവരിൽ ചിലർ മാത്രം. അവർക്കു ശേഷമുള്ള തലമുറയിൽ ഒരു വ്യത്യസ്ത വിതാനത്തിൽ സഞ്ചരിച്ച സഞ്ജയൻ നമ്പ്യാർ അടുത്തറിഞ്ഞാദരിച്ച ആചാര്യനാണ്. നമ്പ്യാരുടെ സരസ്വതിയെ ഏറ്റവും അധികം സ്വാധീനിച്ചതും സഞ്ജയൻ തന്നെ.

പത്രമുടമസ്ഥനും പത്രാധിപരും തമ്മിലുള്ള അതിരുകളില്ലാതാക്കിയ ആദ്യത്തെ സമ്പൂർണ്ണ പത്രപ്രവർത്തകനായിട്ടാണ് കണ്ടത്തിൽ വർഗീസ് മാപ്പിളയെ നമ്പ്യാർ വിശേഷിപ്പിക്കുന്നത്. വാർത്താനിവേദനവും മുഖപ്രസംഗമെഴുത്തും മാത്രമായിരുന്നില്ല കണ്ടത്തിലിന്റെ സവിശേഷത. ഒരു പത്രപ്രവർത്തകൻ വിജ്ഞാനത്തിന്റെ സമസ്ത ശാഖകളെയും വാരിപ്പുണരണമെന്നും കോരിക്കൊടുക്കണമെന്നും നിഷ്കർഷിക്കുകയും തന്റെ പ്രവർത്തനങ്ങൾ കൊണ്ട് അതു തെളിയിക്കുകയും ചെയ്ത വർഗീസ് മാപ്പിള മലയാളികൾക്കു മുഴുവനും അഭികാമ്യമായൊരു ഭാഷയും ശൈലിയും ഉണ്ടാക്കാൻ അക്ഷീണയത്നം നടത്തി. ലിപി പരിഷ്കാരം വരെ അദ്ദേഹത്തിന്റെ അജണ്ടയിലുണ്ടായിരുന്നു. നമ്പ്യാർ എഴുതുന്നു ''പത്രപ്രവർത്തകനെന്ന നിലയിൽ വർഗീസ് മാപ്പിള ശ്രദ്ധ പതിച്ചിരുന്ന മറ്റൊരു രംഗം ലിപി പരിഷ്കാരമായിരുന്നു. അദ്ദേഹത്തിന്റെ ലിപി വിന്യാസ പരിഷ്കരണങ്ങൾ ഒരു പ്രത്യേക പ്രബന്ധത്തിനു തന്നെ വിഷയമാകേണ്ടതാണ്. അദ്ദേഹത്തിന്റെ ശ്രമങ്ങൾ അച്ചടിക്കാരന്റെ കണ്ണ് പ്രത്യേകം പതി

ഞതരത്തിലായിരുന്നു.'' 'അമ്പത്തൊന്നക്ഷരാളി....' എന്നിങ്ങനെ മലയാള ഭാഷയിൽ അക്ഷരസംഖ്യ ക്ലിപ്തപ്പെടുത്തി നാം പറയാറുണ്ടെങ്കിലും യഥാർത്ഥ സ്ഥിതി അതല്ലെന്ന് എല്ലാവർക്കും അറിയാം.സംയുക്ത വാക്യങ്ങളെ കുറിക്കുന്നതിനു മലയാളത്തിൽ ധാരാളം ലിപികളുണ്ട്. ഇവയൊന്ന് ചുരുക്കി ഐകമത്യം വരുത്താൻ അദ്ദേഹം വളരെ പണി ചെയ്കയുണ്ടായി. അന്യഭാഷക്കാർക്കു പഠിക്കാൻ ഏറ്റവുമധികം വിഷമമുള്ള ഒരു ഭാഷയായി ഇന്നും മലയാളം നിലകൊള്ളുന്നത് ഈ ലിപി സങ്കീർണ്ണതകൊണ്ടാണ്. വർഗീസ് മാപ്പിള പല പരീക്ഷണങ്ങളും ഈ വിഷയത്തിൽ നടത്തുകയുണ്ടായി. കുറച്ചൊരു വിജയം നേടുകയും ചെയ്തു. അതൊരു പൂർണ്ണ വിജയമാക്കാൻ നമുക്കു സാധിച്ചിട്ടുണ്ടോ?'' ആ ചോദ്യത്തിലും സാധിച്ചിട്ടില്ല എന്ന മറുപടിയിലും വർഗീസ് മാപ്പിളയുടെ ചിത്രം നാം കാണുന്നു.

ധർമ്മത്തിന്റെ ഉടവാളായും അധർമ്മത്തിന്റെ ഇടിവാളായും വർത്തിച്ചിരുന്ന മഹാവ്യക്തി എന്ന് മഹാകവി ഉള്ളൂർ വിശേഷിപ്പിച്ച മൂർക്കോത്ത് കുമാരനെ ആധുനിക മലയാള ഗദ്യത്തിന്റെ പിതാവായിട്ടാണ് നമ്പ്യാർ ഗണിക്കുന്നത്. സമകാലിക ജീവിതത്തിലെ പ്രശ്നങ്ങൾ നാരായ നിശിതമായ തന്റെ തൂലികയ്ക്ക് അദ്ദേഹം വിഷയമാക്കി. പത്രപ്രവർത്തനത്തിന് ഒരു പുതിയ ശൈലി തന്നെ അദ്ദേഹം വാർത്തെടുത്തു. മൂർക്കോത്ത്, കവിയും നോവലിസ്റ്റും ജീവചരിത്രകാരനും ഒക്കെയായിരുന്നെങ്കിലും മലയാളസാഹിത്യത്തിൽ ഇന്നുള്ള പ്രധാന സ്ഥാനം ഉന്നതനായ നിരൂപകൻ എന്നതാണ്. അതാകട്ടെ അദ്ദേഹം പത്രപ്രവർത്തനത്തിലൂടെ നേടിയെടുത്തതാണുതാനും.

എന്തുകൊണ്ടോ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നമ്പ്യാരെ അത്രയേറെ ആകർഷിച്ചിട്ടില്ല. ''പ്രസിദ്ധനായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ശൈലി പോലും വായനക്കാരെ എളുപ്പം ക്ഷീണിപ്പിച്ചുകളയും'' എന്ന നമ്പ്യാരുടെ ഈ വാചകത്തിൽ നിന്നും ഇത് വ്യക്തമാകും. ജീവൻ പണയം വെച്ചുകൊണ്ടുള്ള രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനത്തെ ആദരിക്കുന്ന നമ്പ്യാർക്ക് അദ്ദേഹത്തിന്റെ ശൈലി മാതൃകയായിരുന്നില്ല. രാജവാഴ്ചയ്ക്കും ദിവാൻ ഭരണത്തിനും എതിരായി പേനയെ പടവാളാക്കിയ രാമകൃഷ്ണപിള്ളയുടെ ധീരതയെ മാനിക്കുന്ന നമ്പ്യാർ ആ ധീരതയ്ക്കുള്ള പകുതി അവകാശി പത്രമുടമസ്ഥനായ വൈക്കം മൗലവി ആണെന്നുകൂടി വിശ്വസിച്ചു. ഞങ്ങൾ തമ്മിലൊരിക്കൽ രാമകൃഷ്ണപിള്ള വിഷയത്തിൽ സംസാരമുണ്ടായി. എന്റെ വായടപ്പിക്കാൻ വേണ്ടി നമ്പ്യാർ പറഞ്ഞത് പ്ലാറ്റോവിനെക്കുറിച്ച് ശിഷ്യനായ അരിസ്റ്റോട്ടിൽ പറഞ്ഞ

[illegible]
വാചകമാണ്."Dear is Plato dearer still the truth".

പക്ഷേ പത്രസ്വാതന്ത്ര്യത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടി ജീവൻ തന്നെ ബലികൊടുത്ത രാമകൃഷ്ണപിള്ളയ്ക്ക് തുല്യനായി ഇന്ത്യാ മഹാരാജ്യത്തുതന്നെ അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു നമ്പ്യാർ വിശ്വസിച്ചു. പിള്ളയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് 1978ൽ നമ്പ്യാരെഴുതിയ മുഖപ്രസംഗം ആ ആദരഭാവം വിളംബരം ചെയ്യുന്നു.

താൻ നേരിട്ടറിഞ്ഞും അറിയാതെയും ആരാധിച്ച എഴുത്തുകാരുടെയും പത്രാധിപന്മാരുടെയും കൂട്ടത്തിൽ നമ്പ്യാർക്ക് ഏറ്റവും ആരാധ്യൻ സഞ്ജയനായിരുന്നു. തന്റെ എഴുത്തിലും പ്രസംഗത്തിലും സഞ്ജയ സാഹിതിയുടെ പൊരിയും പരിമളവും ഉണ്ടായിരുന്നു. സഞ്ജയനെക്കുറിച്ചുള്ള ഒരു ലേഖനം ആരംഭിക്കുന്നത് ഇങ്ങനെയാണ്. ''പണ്ട് ചിത്രരഥൻ തന്റെ മകനായി തോന്ന്യവാസിയായി ഗന്ധർവ്വനഗരത്തിൽ പിറന്നു സഞ്ജയന്മുനേ എന്നിങ്ങനെ യാണ് സഞ്ജയോപാഖ്യാനം ആരംഭിക്കുന്നത്. മഹാവിപ്ലവകാരിയായി ബ്രഹ്മാവിനെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ഗന്ധർവ്വ ഡെയ്‌ലി ടൈംസിന്റെ സ്വന്തം റിപ്പോർട്ടറായി സഞ്ജയൻ വിഹരിച്ചു. അക്കാലത്തൊരു ദിവസം ശുണ്ഠിക്കു നോബൽ പ്രൈസ് ലഭിച്ചവനായ ദുർവ്വാസാവു മഹർഷി സംഹിതാരാമം റോട്ടിൽ കൂടി പോവുകയായിരുന്നു. ഒരു പഴത്തൊലി ചവുട്ടി ശരം പോകുന്നപോലോടിച്ചെന്ന് ദുർഗ്ഗന്ധഗട്ടറിൽ നിപതിച്ചു മഹായോഗി. അപ്പോഴത്തെ സ്ഥിതി വികൃതി സഞ്ജയൻ റോട്ടിൽ-ഗട്ടറിൽ കുപ്പിതൻമുനിഎന്നതായിരുന്നു. സഞ്ജയൻ അന്തം വിട്ടു ചിരിച്ചുപോയി. ദുർവ്വാസാവിന്റെ കഠിനമായൊരു ശാപം. ഭൂമിയിൽ മനുഷ്യനായി ജനിക്കണമെന്നതായിരുന്നു ശാപം. മനുഷ്യനായി ജനിച്ച് ഒരു ചിരിയെങ്കിലും ചിരിച്ച് മരിക്കണമെന്നാഗ്രഹമുണ്ടായിരുന്ന സഞ്ജയന് ഈ ശാപം ഒരനുഗ്രഹമായി. അദ്ദേഹം സസന്തോഷം ഭൂമിയിലേക്കു വന്ന് ഒരു പത്രപ്രവർത്തകനായി''.

സ്വയം ചിരിക്കുക മാത്രമല്ല മാലോകരെ മുഴുവൻ കുടുകുടാ ചിരിപ്പിച്ച് ഒരു കാലഘട്ടം കൈയ്യടക്കിവാണ സഞ്ജയൻ നമ്പ്യാരുടെ ലേഖനത്തിൽ നിറഞ്ഞു നില്ക്കുന്നു. ഈ ലേഖനം വായിക്കാനിടയാകുന്നവർക്ക് സഞ്ജയനേയും വായിച്ചേ തീരൂ എന്ന അവസ്ഥയുണ്ടാകും. മഹാഭാരത യുദ്ധവേളയിൽ അതാതു ദിവസത്തെ സംഭവ പരമ്പരകൾ ധൃതരാഷ്ട്രർക്ക് റിപ്പോർട്ട് ചെയ്തിരുന്ന ആളാണല്ലോ സാക്ഷാൽ സഞ്ജയൻ. ആധുനിക സഞ്ജയനാകട്ടെ അദ്ദേഹത്തിന്റെ കാലത്തെ

മഹാഭാരതയുദ്ധം വസ്തുനിഷ്ഠയോടെ റിപ്പോർട്ടു ചെയ്തു. ഇവിടെ സഞ്ജയനിലെ റിപ്പോർട്ടർ മാത്രമല്ല, ലോകത്തിലെ ആദ്യത്തെ റിപ്പോർട്ടിങ്ങും റിപ്പോർട്ടറും നമ്മുടെ സ്മൃതിപഥത്തിലെത്തുന്നു.

വ്യക്തികളെക്കുറിച്ചെഴുതുമ്പോഴാണ് അവർ രാഷ്ട്രീയക്കാരായാലും സാഹിത്യകാരന്മാരായാലും ഒരു സവിശേഷ ചാരുത നമ്പ്യാരുടെ രചനയ്ക്കുണ്ട്. എല്ലാവരും അറിയുന്നവരായാലും സ്മര്യപുരുഷന്മാരുടെ അറിയപ്പെടാത്ത മുഖങ്ങളാണ് അദ്ദേഹം നമുക്കു കാണിച്ചുതരും. ജീവിതത്തിൽ ഒരു പുസ്തകം പോലും എഴുതിയിട്ടില്ലാത്ത ജീനിയസ്സായിരുന്നല്ലോ 'വി. കെ. കൃഷ്ണമേനോൻ. ലോകം മുഴുവൻ അറിയാവുന്നൊരു കൃഷ്ണമേനോനുണ്ട്. മുപ്പതുകളിൽ ഇംഗ്ലണ്ടിൽ താമസിച്ച്, ഇന്ത്യയിൽ കൊടുംപിരി കൊണ്ടിരുന്ന സ്വാതന്ത്ര്യസമരത്തിന് ഊർജ്ജം പകർന്ന കൃഷ്ണമേനോൻ. സ്വാതന്ത്ര്യത്തിനു ശേഷം ഇംഗ്ലണ്ടിലെ ഇന്ത്യൻ സ്ഥാനപതിയായി വർത്തിച്ച കൃഷ്ണമേനോൻ. ഐക്യരാഷ്ട്ര സഭയുടെ ചരിത്രത്തിൽ ഇന്നേവരെ എല്ലാവരുംകൂടി പ്രസംഗിച്ചതിലുമേറെ സ്വയം പ്രസംഗിച്ച് ചരിത്രം സൃഷ്ടിച്ച കൃഷ്ണമേനോൻ. ഭാരതത്തിന്റെ നിർണ്ണായകമായൊരു സന്ധിയിൽ രാജ്യരക്ഷാമന്ത്രിപദം അലങ്കരിച്ച കൃഷ്ണമേനോൻ--പക്ഷേ ആ കൃഷ്ണമേനോനെയല്ല നമ്പ്യാർ പരിചയപ്പെടുത്തുന്നത്. പുസ്തക പ്രസിദ്ധീകരണരംഗത്ത് ഒരു മഹാ വിപ്ലവം നടത്തിയ കൃഷ്ണമേനോൻ. വി.കെ. കൃഷ്ണമേനോന്റെ വിജ്ഞാന വിതരണ പ്രക്രിയ എന്ന ലേഖനം ആരംഭിക്കുന്നത് ഇങ്ങനെ: പുസ്തകപ്രസിദ്ധീകരണമേഖലയിൽ വമ്പിച്ചൊരു വിപ്ലവം ഉണ്ടാക്കിയ ആളാണ് വി.കെ. കൃഷ്ണമേനോൻ എന്ന് എത്ര പേർ ഓർക്കുന്നുണ്ടാകും.? ഇപ്പോഴത്തെ തലമുറയ്ക്ക് പ്രമുഖനായൊരു രാഷ്ട്രീയനേതാവും പ്രഗല്ഭനായൊരു ഭരണാധികാരിയുമെന്ന നിലയിലേ മേനോനെ പരിചയമുണ്ടാകൂ. അദ്ദേഹത്തിന്റെ വിജയാശ്ലിഷ്ടവും അദ്ഭുതകരവുമായ മറ്റേ വശത്തെക്കുറിച്ച് അധികം പേരും അജ്ഞരാണ്. ആ അജ്ഞാത ലോകമാണ് ഈ ലേഖനത്തിലൂടെ നമ്പ്യാർ അനാവരണം ചെയ്യുന്നത്.ട്വൻറിയത്ത് സെൻചറി ലൈബ്രറി എന്ന വിഖ്യാതമായ പ്രസിദ്ധീകരണ പ്രസ്ഥാനം മേനോന്റെ ഭാവനാസന്താനമാണ്. ഈ ലൈബ്രറിയാണ് ജനാധിപത്യത്തെക്കുറിച്ച് ഇന്നും ഔദ്യോഗിക ഗ്രന്ഥമായി കണക്കാക്കപ്പെടുന്ന. ജെ.എ. ഹോബ്സന്റെ ഡമോക്രസിയും കമ്മ്യൂണിസത്തെക്കുറിച്ചുള്ള അടിസ്ഥാന ഗ്രന്ഥങ്ങളിലൊന്നായ റാഫ് ഫോക്സിന്റെ കമ്മ്യൂണിസവും പുറത്തുകൊണ്ടുവന്നത്. നമ്പ്യാർ എഴുതുന്നു:'' ഈ ഗ്രന്ഥം കൊണ്ട് മേനോന്റെ ആഗ്രഹം പൂർണ്ണമായും നിറവേറി

യില്ല. ചുരുങ്ങിയ വിലയ്ക്ക് നല്ല പുസ്തകങ്ങൾ പേപ്പർ ബാക്ക് രൂപത്തിൽ ധാരാളമായി പുറത്തിറക്കി ഇംഗ്ലീഷ് അറിയാവുന്ന രാജ്യങ്ങളിലെല്ലാം ഒരു തരം വെള്ളപ്പൊക്കം ഉണ്ടാക്കണമെന്നായിരുന്നു ആഗ്രഹം. 1935ൽ അല്ലൻ ലേൻ എന്നൊരു യുവാവിനോടൊപ്പം അദ്ദേഹം ചില പരിപാടികൾ ആസൂത്രണം ചെയ്തു. നൂറു പവൻ മാത്രം മൂലധനമായി അവർ അങ്ങനെ പ്രസിദ്ധീകരണ ലോകത്തിലെ മഹാവിപ്ലവത്തിനു കളമൊരുക്കി. സെൻറ് പാൻക്രാസ് ചർച്ചിലെ ഗുഹ പോലുള്ള ഒരു മുറിയായിരുന്നു ആസ്ഥാനം. ഇവിടെയാണ് വിശ്വവിഖ്യാതമായ രണ്ടു പക്ഷികൾ ജനിച്ചത്. പെൻഗ്വിൻ, പെലിക്കൻ എന്നിവ ............ മാനവരാശിയുള്ളിടത്തോളം കാലം വിസ്മരിക്കാൻ കഴിയാത്ത എച്ച്. ജി. വെത്സിൻെറ ലോകചരിത്രവും സർ ജെയിംസ് ജീൻസിൻെറ മിസ്റ്റീരിയസ് യൂനിവേഴ്സും മറ്റും ഈ വഴിക്ക് ആദ്യം സൂര്യപ്രകാശം കണ്ടതാണ്" മേൽച്ചൊന്ന രണ്ട് പക്ഷികളുടെയും ചിത്രമുള്ള പുസ്തകങ്ങൾ കാണുമ്പോൾ എത്രപേർ കൃഷ്ണമേനോനെ ഓർമ്മിക്കും? ഓർമ്മിക്കണമെന്നാണ് നമ്പ്യാർ പറയുന്നത്. കേശവമേനോൻ, കുറ്റിപ്പുഴ, പുത്തേഴൻ, പ്രൊ.സി. എൽ. ആൻറണി തുടങ്ങിയവരെക്കുറിച്ചുള്ള ലേഖനങ്ങളിലും പരക്കെ അറിയപ്പെടാത്ത അവരുടെ മുഖങ്ങൾ കാണിച്ചു തരുന്നു.

''ഭാരതത്തിന് ഒരു പൊതുലിപി''- എന്ന ലേഖനം ആ വിഷയത്തെക്കുറിച്ചുണ്ടായിട്ടുള്ള ഏറ്റവും മികച്ച അന്വേഷണ നിരീക്ഷണ പ്രബന്ധങ്ങളിലൊന്നാകുന്നു. ഒരു കാലത്ത് ഭാരതത്തിലാകെ പ്രചാരമുണ്ടായിരുന്ന ദേവനാഗരി ലിപിക്കു മാത്രമേ ഈ പൊതു ലിപി സ്ഥാനത്തിനർഹതയുള്ളൂ എന്നു നമ്പ്യാർ സ്ഥാപിക്കുന്നത് ഊഹങ്ങളിലൂന്നിയല്ല, വസ്തുതകളുടെ അകമ്പടിയോടെയാണ്. ''മഹാഭാരതത്തിൽ ലേഖനവൃത്തിയെപ്പറ്റി പരാമർശമുണ്ടല്ലോ. ഗണപതിയാണ് ഇതിഹാസം ''എഴുതിയ'' തെന്നും പറയുന്നു. അന്നു ലിപിയുണ്ടായിരുന്നുവെന്ന് തീർച്ച. അതു ദേവനാഗരിയല്ലെങ്കിൽ മറ്റെന്താണ്? മഹാഭാരതത്തിനും മറ്റു സംസ്കൃത ഗ്രന്ഥങ്ങൾക്കുമെല്ലാം രാജ്യവ്യാപകമായ പ്രചാരമുണ്ടായത് അവയെഴുതപ്പെട്ട ലിപി ഇന്ത്യയിലുടനീളം ഒരു കാലത്ത് മനസ്സിലാക്കപ്പെട്ടിരുന്നു എന്നതിൻെറ സൂചനയാണ്. 'ശ്രീരാമായണം പുരാവിരിഞ്ചവിരചിതം-നൂറുകോടി ഗ്രന്ഥമുണ്ടല്ലോതി ഭൂമിതന്നിൽ' എന്നു തുഞ്ചത്താചാര്യൻ പറയുന്നതും അർത്ഥഗർഭമാണ്..........'ലോകത്തിൽ വെച്ച് ഏറ്റവും സമ്മതവും സമ്പൂർണ്ണവുമായ ലിപിയും അക്ഷരമാലയും' എന്നാണ് മോണിയർ വില്യംസ് ദേവനാഗരിയെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. സംസ്കൃതത്തി

ൻേറയും ഹിന്ദിയുടെയും പ്രചാരം മൂലം ഇന്ത്യയിൽ ഏറ്റവും അധികം ആളുകാംക്ക് കൈകാര്യം ചെയ്യാവുന്ന ലിപിയും അതുതന്നെ. ദ്രാവിഡ മാധ്യമങ്ങാംക്കും ഹ്രസ്വങ്ങളായ സന്ധ്യക്ഷരങ്ങാംക്കും ഏർപ്പാടുണ്ടായാൽ ഇന്ത്യയിലെ ഏതു ഭാഷയും ദേവനാഗരിയിൽ എഴുതാൻ സാധിക്കും............''

നമ്പ്യാരുടെ ഈ വാദഗതി ലിപി വിവാദത്തിനു അന്ത്യം കുറിക്കുന്നില്ലേ? അന്ത്യം കുറിച്ചിട്ടില്ല എന്നതു മറ്റൊരു കാര്യം.

ഒരു ദശവർഷത്തിനു ശേഷം ഇന്ത്യയുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ -ഭരണ മണ്ഡലത്തിൽ നടക്കാനിരുന്ന ജനാധിപത്യത്തിൻെറ മുഖം മൂടിയണിഞ്ഞ ഏകാധിപത്യ വാഴ്ചയുടെ ചിത്രീകരണമാണല്ലോ എൻ. പി. മുഹമ്മദിൻെറ ''ഹിരണ്യകശിപു'' എന്ന നോവൽ. അർഹിക്കുന്നത്ര പ്രചാരം കിട്ടാതെ പോയ ആ നോവൽ പിറന്ന് പത്തു വർഷത്തിനു ശേഷമാണ് കരുണാകരൻ നമ്പ്യാർ അതിനൊരു നിരൂപണമെഴുതുന്നത്. മലയാളദിനപത്രങ്ങളിൽ ഏറ്റവും അധികം പുസ്തകനിരൂപണങ്ങാം പ്രത്യക്ഷപ്പെട്ടിട്ടുള്ളത് എക്സ്പ്രസ്സിലാണ്. നമ്പ്യാരും ഏറെ നിരൂപണങ്ങാം നടത്തിയിട്ടുണ്ട്. പക്ഷെ നോവലുകളെക്കുറിച്ചും കഥകളെക്കുറിച്ചും വളരെക്കുറച്ചേ അദ്ദേഹം എഴുതിയിട്ടുള്ളു. പുതൂർ ഉണ്ണിക്കൃഷ്ണൻെറ 'ആനപ്പക'ക്കെഴുതിയ നിരൂപണവും വി.എ.എ. അസീസിൻെറ പാലത്തിനും ഡോ. ടി.ആർ. ശങ്കുണ്ണിയുടെ ശാസ്ത്ര ഗോപുരത്തിൻെറ രാജ ശില്പികാംക്കും എഴുതിയ അവതാരികയും ഓർമ്മയിൽ വരുന്നു. അവയൊന്നും ഈ ലേഖന സമാഹാരത്തിലില്ല താനും.

എൻ.പി.യുടെ ഹിരണ്യകശിപുവിനെക്കുറിച്ച് നമ്പ്യാരെ എഴുതാൻ പ്രേരിപ്പിച്ചൊരു ചേതോവികാരം ഉണ്ട്. ഇന്ദിരാഗാന്ധി അധികാരത്തിലേറിയ കാലം തൊട്ടേ, ഹിരണ്യകശിപുവിൽ വിഭാവനം ചെയ്ത ജനാധിപത്യ വിപര്യയം അദ്ദേഹവും വിഭാവനം ചെയ്തിരുന്നു.

ഈ സമാഹാരത്തിലെ ഏറ്റവും അവസാനത്തെ ലേഖനമായ-പത്രവും ഭാഷയും ആദ്യ ഖണ്ഡത്തിൽ പ്രത്യക്ഷപ്പെടേണ്ടതായിരുന്നു. പുസ്തകത്തിൻെറ സമാഹരണവൃത്തിക്കിടയിലാണ് ആ ലേഖനം കണ്ടുകിട്ടിയതെന്നും അതു കൊണ്ടാണങ്ങനെ സംഭവിച്ചതെന്നും പ്രസാധകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. പത്ര പ്രവർത്തകരും പത്രവായനക്കാരും ഒരു പോലെ വായിച്ചിരിക്കേണ്ടൊരു ലേഖനമാണതെന്നതുകൊണ്ട് അത് പൂർണ്ണമായും ഈ ഗ്രന്ഥത്തിൻെറ അവസാനം അനുബന്ധമായി ചേർക്കുന്നു.

## അദ്ധ്യായം എട്ട്

# പരിഷത്തും നമ്പ്യാരും

സാഹിത്യകാരന്മാരുടെ പട്ടികയിൽ അറിയപ്പെട്ടൊരു വിഗ്രഹമായിരുന്നില്ലെങ്കിലും സമസ്തകേരളസാഹിത്യ പരിഷത്തുമായി കരുണാകരൻ നമ്പ്യാർക്കുണ്ടായിരുന്ന ബന്ധം അതിഗാഢമായിരുന്നു.

പരിഷത്തു രൂപീകൃതമാകുമ്പോൾ ഭൂമിശാസ്ത്രപരമായ കേരളമുണ്ടായിരുന്നില്ല. മലബാറും കൊച്ചിയും തിരുവിതാംകൂറും വിവിധ ഭരണകൂടങ്ങളുടെ കീഴിൽ പുലരുകയായിരുന്നു. എങ്കിലും ഒരു സാഹിത്യ-കേരളം ഉണ്ടായിരുന്നു. എഴുത്തുകാർക്കും വായനക്കാർക്കുമിടയിൽ, മലയാളം എല്ലാം ഇണക്കുന്ന കണ്ണിയായിരുന്നല്ലോ. 1927ൽ, തികഞ്ഞ ഭാഷാഭിമാനിയും സഹൃദയനും പണ്ഡിതനുമായ ഇടപ്പള്ളി കൃഷ്ണ രാജ മുൻകൈയെടുത്താണ് ഈ അഖില കേരള സാഹിത്യ പ്രസ്ഥാനം ജന്മമെടുക്കുന്നത്. കേരളത്തിൽ (കാസർഗോഡു മുതൽ കന്യാകുമാരി വരെ) അന്നു ജീവിച്ചിരുന്ന മഹാകവികളും പണ്ഡിതന്മാരും ഭാഷാഭിമാനികളും ഈ പ്രസ്ഥാനത്തിൻെറ മുൻ നിരയിലുണ്ടായിരുന്നു.

1935ൽ തലശ്ശേരിയിൽ വെച്ചു നടന്ന പരിഷത്തിൻെറ ഒമ്പതാം സമ്മേളനത്തിൽ സാഹിത്യത്തെക്കുറിച്ച് ഒരു ഗന്ധവുമില്ലാത്ത താൻ ആരുടെയോ കൂടെ പോയതായി നമ്പ്യാർ അനുസ്മരിച്ചിട്ടുണ്ട്. അദ്ദേഹത്തി

ൻെറ പ്രായം അന്ന് പതിനൊന്നു വയസ്സാണ്. യൗവനം വന്നുദിച്ചതിനുശേഷം രാഷ്ട്രീയക്കാരനും പത്രപ്രവർത്തകനു മൊക്കെയായി കഴിഞ്ഞപ്പോഴും എല്ലാ പരിഷദ് സമ്മേളനങ്ങളിലും അതെവിടെയായാലും സംബന്ധിക്കുക എന്നത് നമ്പ്യാരുടെ വ്രതമായിരുന്നു. 1965നു ശേഷം മിക്കവാറും എല്ലാ സമ്മേളനങ്ങളോടും അനുബ ന്ധിച്ച് നടക്കാറുള്ള മീഡിയാ സെമിനാറുകളിൽ  നമ്പ്യാർ ഒരു സ്ഥിരം സാന്നിധ്യമായിരുന്നു എന്ന് എനിക്കറിയാം. 1966ൽ പരിഷത്തിൻെറ മുപ്പതാം സമ്മേളനം നടന്നത് എറണാകുളത്തു വെച്ചാണ്. ആ സമ്മേളനത്തിൽ അവസാന ദിവസം നമ്പ്യാരും ഒരു പ്രസംഗകനായിരുന്നു. എക്സ്പ്രസ്സിൻെറ മാനേജിങ് എഡിറ്ററായ കൃഷ്ണനും പോയിരുന്നു. കൂടെയൊരു ശിങ്കിടിയായി ഞാനും.

അന്നവിടെവെച്ച് അടുത്ത സമ്മേളനം തൃശ്ശൂരിൽ വെച്ച് നടത്താമെന്ന് കൃഷ്ണൻ വാക്കു കൊടുക്കുന്നു. അതിൻ പടി 1967ലെ മുപ്പത്തിഒന്നാം സമ്മേളനത്തിന് തൃശ്ശിവപേരൂർ വേദിയായി. ക്ഷണിച്ചതു കൃഷ്ണനാണെങ്കിലും ആ ക്ഷണത്തിൻെറ പിന്നിലെ പ്രേരണാശക്തി കരുണാകരൻ നമ്പ്യാരായിരുന്നു. വളരെ വിനീതമായി പറഞ്ഞാൽ ഞാനും.ക്ഷണിക്കുമ്പോൾ കേരളത്തിലെ ഭരണം കോൺഗ്രസ്സ് കൂട്ടുകെട്ടിൻേറതായിരുന്നു. പക്ഷെ സമ്മേളനം നടക്കുന്ന കാലത്ത് മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടായി. മാനേജിങ് എഡിറ്റർ കൃഷ്ണൻ ഒരു തീരുമാനമെടുത്തു. നടന്നു പണം പിരിച്ച് സമ്മേളനം നടത്തേണ്ട. തൃശ്ശൂർ സമ്മേളനം നമുക്കൊരു മാതൃകയാക്കണം. നടത്തിപ്പിനാവശ്യമായ പണമുണ്ടാക്കുന്നതിനെക്കുറിച്ച്  കരുണാകരനും ശ്രീധരനും വിഷമിക്കേണ്ട. മറ്റു കാര്യങ്ങൾ നോക്കിയാൽ മതി. മാനേജിങ് എഡിറ്റർ കൃഷ്ണൻെറ ഈ വാചകങ്ങൾ ഞങ്ങൾക്ക് അന്ന് ധൈര്യം പകർന്നു. എക്സ്പ്രസ്സിൻെറ ടെലിഫോണും വണ്ടിയും എപ്പോഴും ഉപയോഗിക്കാം.

സമ്മേളനം എവിടെനടത്തണം? എത്രദിവസം വേണം? ആരെയൊക്കെ സംബന്ധിപ്പിക്കണം? ഇതൊന്നും ആരോടും ആലോചിക്കേണ്ടിയിരുന്നില്ല. എല്ലാം കരുണാകരൻ നമ്പ്യാർ നിശ്ചയിച്ചു. കൂട്ടത്തിൽ ചില നിർദ്ദേശങ്ങൾ എന്നോടും ചോദിച്ചു. ഞാനും എനിക്കു തോന്നിയ ചില നിർദ്ദേശങ്ങൾ വെച്ചു. നമ്പ്യാർ പറഞ്ഞു തന്ന വാചകങ്ങൾ മാതൃകയാക്കി എല്ലാവർക്കും കത്തുകളയച്ചത് എൻെറ കൈപ്പടയിലാണ്. വിവിധ സമ്മേളനങ്ങളിൽ സംബന്ധിക്കേണ്ടവരുടെ പേരുകൾ നമ്പ്യാർ എഴുതിയിരുന്നു. രണ്ടേ രണ്ടാളു

കളുടെ പേരുകൾ ഞാൻ മുമ്പോട്ടു വെച്ചു. ഒന്നു നിരൂപണ സമ്മേളനത്തിൽ എം. കൃഷ്ണൻ നായർ. കവി സമ്മേളനത്തിൽ ചെമ്മനം ചാക്കോ. രണ്ടു പേരെയും എനിക്ക് നേരിട്ടറിയില്ലായിരുന്നു. ഇരുവരുടെയും പരിഷദ് സമ്മേളനത്തിലെ കണ്ടിഷാഴ്ച. ചെമ്മനം അദ്ദേഹത്തിൻെറ നെല്ല് എന്ന കവിത വായിക്കുന്നത് തൃശ്ശൂർ പരിഷത്തിലാണ്. ചെമ്മനവും കൃഷ്ണൻ നായരുമായി എക്സ്പ്രസ്സും ഞാനും ബന്ധപ്പെടുന്നത് പരിഷത് വഴിയാണ്.

പണം എങ്ങനെ സ്വരൂപിക്കുന്നു എന്നതിനെക്കുറിച്ച് ഞങ്ങൾ വേവലാതിപ്പെട്ടില്ല. കൃഷ്ണയ്യർ ഏറ്റിട്ടുണ്ടല്ലോ. അദ്ദേഹം മുഖ്യമന്ത്രി ഇ.എം.എസ്സുമായി ടെലിഫോണിൽ ബന്ധപ്പെടുന്നു. പ്രശ്നം അവതരിപ്പിക്കുന്നു. പതിനായിരം രൂപ സർക്കാരിൻെറ വക. ഒരു പക്ഷെ ആദ്യമായിട്ടായിരിക്കണം പരിഷദ് സമ്മേളനത്തിന് സർക്കാരിൻെറ സംഭാവന. നമ്പൂതിരിപ്പാടാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. സമ്മേളനം കഴിഞ്ഞ്, അധികം പണം പരിഷത്തിൻെറ പ്രസിഡണ്ടായിരുന്ന അഴീക്കോടിനെ ഏല്പിക്കാനും കൃഷ്ണയ്യർക്കു കഴിഞ്ഞു.

പരിഷത്തുമായി നമ്പ്യാരെ ബന്ധപ്പെടുത്തിയത് ഈ കഥയൊന്നും അനുസ്മരിക്കാനും പറയാനുമല്ല. വേറെ ചില കാര്യങ്ങൾ പറയാനാണ്. ഞങ്ങൾ തമ്മിലുണ്ടായ ചില ഉടക്കുകൾ സൂചിപ്പിക്കാനാണ്. കൃഷ്ണയ്യർ മഹാകവി ജിയും, പുത്തേഴനുമായി അടുത്ത ബന്ധത്തിലായിരുന്നു. നമ്പ്യാർക്കാണെങ്കിൽ പുത്തേഴൻ കൂടുതൽ അഭിമതൻ. പരിഷദ് സമ്മേളനത്തിലെ കാവ്യമേള ഉദ്ഘാടനം ചെയ്യാൻ ക്ഷണിക്കപ്പെട്ടിരുന്നത് ജിയാണ്. അദ്ദേഹമതു സസന്തോഷം സ്വീകരിക്കുകയും ചെയ്തിരുന്നു. ഇടക്കിടക്ക് ജി, കൃഷ്ണയ്യരെ ടെലിഫോണിൽ വിളിച്ചിരുന്നു. സമ്മേളനത്തിൻെറ ഒരുക്കങ്ങളങ്ങനെ നടക്കുന്നു. സമ്മേളനത്തിനു രണ്ടാഴ്ചയേയുള്ളു. നേരത്തെ സൂചിപ്പിച്ചല്ലോ പുത്തേഴനാണ് എക്സ്പ്രസ്സിൻെറ മുഖ്യ പുസ്തകാഭിപ്രായക്കാരനെന്ന്. ആയിടെയാണ് ജി യുടെ മധുരം സൗമ്യം ദീപ്തംഎന്ന കാവ്യ സമാഹാരമിറങ്ങിയത്. അത് റിവ്യൂ ചെയ്യാൻ ഏല്പിച്ചത് പുത്തേഴനെയാണ്. അദ്ദേഹത്തിനു വളരെ നിർബന്ധം പരിഷദ് സമ്മേളനത്തിന് മുമ്പ് ആ റിവ്യൂ പ്രത്യക്ഷപ്പെട്ടിരിക്കണം.

സാധാരണ ഗതിയിൽ എക്സ്പ്രസ്സിൻെറ സാഹിത്യ പംക്തികളും പുസ്തകാഭിപ്രായവും എല്ലാം കൈകാര്യം ചെയ്യാൻ നമ്പ്യാർ ഏല്പിച്ചിരുന്നത് എന്നെയാണ്. പക്ഷെ പരിഷത്ത് ആരംഭിക്കുന്നതിൻെറ രണ്ടാഴ്ച

മുമ്പിറങ്ങിയ വാരാന്ത്യ പതിപ്പിൽ ജിയുടെ മധുരം സൗമ്യം, ദീപ്തം എന്ന കാവ്യസമാഹാരത്തെക്കുറിച്ചുള്ള റവ്യൂ പ്രത്യക്ഷപ്പെട്ടു. ഈ സംഗതികളുടെ ചുമതലക്കാരനായ ആരും അതു കണ്ടിരുന്നില്ല. ഞാനതു കണ്ട ഭാവം നടിച്ചുമില്ല.

പക്ഷെ രണ്ടു ദിവസം കഴിഞ്ഞ് കൃഷ്ണന് ജിയുടെയൊരു കത്ത്. "എന്തിനാ കൃഷ്ണൻ അതൊക്കെ. എന്നെ അപമാനിക്കാൻ വേണ്ടിയല്ലേ എന്റെ പുസ്തകത്തെ ഉപ്പ്, മുളക്, പുളി എന്ന തലവാചകത്തിൽ കൊടുത്തത് ? കൃഷ്ണൻ എന്നോട് ചോദിച്ചു, എന്തിനാണ് ഇപ്പോഴിതു ചെയ്തത്?". "പാവം കവി" ഞാൻ പറഞ്ഞു - സാർ ഞാനല്ല നമ്പ്യാർ ജി യാണ് അതു കൊടുത്തത്.

തുടർന്നു കുറച്ചു ദിവസങ്ങൾ സംഘർഷ ഭരിതമായി. കൃഷ്ണയ്യർ പറഞ്ഞു കരുണാകരൻ ഇതു വേണ്ടിയിരുന്നില്ല. അല്ലെങ്കിൽ തന്നെ ജിയൊരു വികാര ജീവിയാണ്. ഇതു കൂടിയായപ്പോൾ എല്ലാമായി. നമ്പ്യാർ തിരിച്ചടിച്ചു - എന്താ കുഴപ്പം. നാം ആർക്കെങ്കിലു കരാർ കൊടുത്തിട്ടുണ്ടോ? പുസ്തകത്തിന്റെ റവ്യൂ അനുകൂലമായി ചെയ്യാമെന്ന്?

കൃഷ്ണന് അതിഷ്ടമായില്ല, എനിക്കും. ഞാൻ പറഞ്ഞു - ജിയെക്കാൾ എനിക്കിഷ്ടവും അടുപ്പവും പുത്തേഴനുമായിട്ടാണ്, പക്ഷേ ഈ സമയത്തിതു വേണ്ടായിരുന്നു. നമ്പ്യാർ ക്ഷുഭിതനായി. പരിഷത്തിന്റെ കാവ്യ സമ്മേളനം ഉദ്ഘാടനം ചെയ്യേണ്ടിയിരുന്നത് ജി യാണ്. അദ്ദേഹം വന്നില്ല മറ്റേതോ കവിയാണ് (വൈലോപ്പിള്ളിയാണോ?) അതു ചെയ്തത്. ജി സമ്മേളനത്തിന് വരാതിരുന്നത് അല്പത്തമാണ് എന്ന് എനിക്കും തോന്നി.

1965 മുതൽ എല്ലാ പരിഷദ് സമ്മേളനങ്ങളും ഞാൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ ജോലി തിരക്കിനിടയിലും ഈ തൃശൂർ സമ്മേളനവും ഞാൻ കൈകാര്യം ചെയ്തു. നാലു ദിവസം തുടർച്ചയായി അത് റവ്യൂ ചെയ്തു. ഒരു ദിവസത്തെ തലക്കെട്ട് ഇതായിരുന്നു. :"കൊമ്പനാനയില്ലാത്ത കാവ്യോത്സവം". സാധാരണ ദിവസങ്ങളിലെ റിപ്പോർട്ട് ചെയ്തത് ജോസഫ് മാടപ്പള്ളിയാണ്.

## അദ്ധ്യായം ഒമ്പത്

# രണ്ട് സ്മാരകങ്ങൾ

1981 ഫെബ്രുവരി 12-ന്, തന്റെ വിവാഹത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികദിനത്തിൽ കരുണാകരൻ നമ്പ്യാർ ഈ ലോകത്തോടു യാത്ര പറഞ്ഞു എന്നെഴുതി കഴിഞ്ഞാൽ ഈ ലഘു ജീവചരിത്രം തീരേണ്ടതാണ്. പക്ഷേ തീരുന്നില്ല, തീർത്തു കൂടാ.


പത്രാധിപർ എന്ന് പേരിന്റെ കൂടെ പത്രത്തിൽ അച്ചടിക്കാൻ യോഗമില്ലാതെ പോയ അനേകം "പത്രാധിപ"ന്മാരിൽ ഒരാളാണ് കരുണാകരൻ നമ്പ്യാർ. അങ്ങനെയുള്ള പത്രാധിപന്മാരുടെ ഗോത്രത്തിൽ ആർക്കും ലഭിക്കാത്ത മരണാനന്തര ബഹുമതി നമ്പ്യാർക്കു ലഭിക്കുകയുണ്ടായി. (ജീവിച്ചിരിക്കുമ്പോഴും ബഹുമതികൾ ലഭിച്ചു എന്നതു വേറെകാര്യം) കൂടെ പണിയെടുത്ത, പത്രമാപ്പീസ്സിലെ ജീവനക്കാർ പണം പിരിച്ച്, പരസ്യം പിടിച്ച് സോവനീർ ഇറക്കി തന്റെ സ്മരണയെ അനശ്വരമാക്കാൻ ഒരു അവാർഡുണ്ടാക്കിയ കഥ കരുണാകരൻ നമ്പ്യാരുടെ ജീവിതത്തിലെ-മരണാനന്തര കഥയാണ്. ആ കഥയുടെ ആരംഭം ഇങ്ങനെ.

കേരളത്തിൽ ഒരു പത്രമാപ്പീസിലുമില്ലാത്തത്ര ശക്തമായൊരു യൂണിയൻ എക്സ്പ്രസ്സിലെ പത്ര ജീവനക്കാർക്കുണ്ടായിരുന്നു-വർക്കിങ്ങ് ജർണ്ണലിസ്റ്റുകൾക്കും നോൺ വർക്കിംഗ് ജർണലിസ്റ്റുകൾക്കും. മാനേജ്മെന്റിന്റെ ആളാകേണ്ടിയിരുന്നിട്ടും സ്ഥാപനത്തിന്റെ 'സ്ഥാപി

ത താല്പര്യങ്ങൾ സംരക്ഷിക്കാൻ വിധിക്കപ്പെട്ടിരുന്നിട്ടും കരുണാകരൻ നമ്പ്യാർ ജീവനക്കാരുടെ (സഹപ്രവർത്തകരുടെ) ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി യൂണിയന്റെ കൂടെനിന്ന് മാനേജ്മെന്റുമായി പോരടിച്ചിട്ടുണ്ട്. മുഖപ്രസംഗമെഴുതുന്നതും പത്രത്തിന്റെ നയപരിപാടികൾ ആവിഷ്കരിക്കുന്നതും അവകാശ സമരങ്ങളുടെ കൂടെ നിൽക്കാൻ നമ്പ്യാർക്കു തടസ്സമായിട്ടില്ല. രണ്ടാമത്തെ വേജ് ബോർഡ് രൂപീകൃതമായപ്പോൾ ഇൻററിം റിലീഫ് നേടിയെടുക്കാൻ തൊഴിലാളികൾ നടത്തിയ സമരത്തിന്റെ മുൻ നിരയിൽ നമ്പ്യാരുണ്ടായിരുന്നു. എല്ലാ പത്രമാപ്പീസുകളിലേയും എല്ലാ വിഭാഗത്തിലും പെട്ട ജീവനക്കാർ മുദ്രാവാക്യം മുഴക്കി നഗര വീഥിയിലൂടെ പ്രകടനം നടത്തിയപ്പോൾ അതിനുമുമ്പിൽ കെ.യു.ഡബ്ല്യു.ജെ യുടെ കൊടിയുമേന്തി നമ്പ്യാരുണ്ടായിരുന്നു. വലിയ തർക്കത്തിനൊന്നും വഴിവെക്കാതെ എക്സ്പ്രസ്സിലാണ് കേരളത്തിലാദ്യമായി ഇൻററിം റിലീഫ് (ഇടക്കാലാശ്വാസം) നടപ്പാക്കിയതെന്നതിന്റെ പിന്നിലെ പ്രബലമായ പ്രേരണാ ശക്തിയും നമ്പ്യാരായിരുന്നു. അതു കൊണ്ടൊക്കെയാണ് നമ്പ്യാർ അന്തരിച്ചപ്പോൾ എല്ലാവർക്കും സ്വന്തമായ എന്തോ ആണ് നഷ്ടമായത് എന്ന തോന്നലുണ്ടായത്.

നമ്പ്യാർ അന്തരിക്കുമ്പോൾ ഈ ലേഖകൻ എക്സ്പ്രസ്സ് ജേർണലിസ്റ്റ് യൂണിയന്റെ സെക്രട്ടറിയും തൃശൂർപ്രസ്സ് ക്ലബ്ബിന്റെ പ്രസിഡണ്ടുമായിരുന്നു. നമ്പ്യാരുടെ സ്മരണയ്ക്ക് ഒരു സോവനീർ പ്രസിദ്ധീകരിക്കണമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഓർഗനൈസറായിരുന്ന പുരുഷോത്തമൻ വന്നേറിയും എക്സ്പ്രസ്സിന്റെ കൊച്ചി ലേഖകനും പിന്നീട് പ്രത്യേക ലേഖകനുമായിതീർന്ന എൻ.വി. പൈലിയുമാണ് (രണ്ടു പേരും ഇന്ന് യശശ്ശരീരർ). സോവനീറിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നു. ആ സംരംഭം വിചാരിച്ചതിലേറെ വിജയകരമായിരുന്നു. എല്ലാ ചെലവുകളും കഴിച്ച് മുപ്പത്തി അയ്യായിരം രൂപയിലേറെ സംഭരിക്കാനായി. അപ്പോഴാണ് നമ്പ്യാരുടെ പേരിൽ ഒരു അവാർഡായാൽ എന്ത് എന്ന ആലോചന വന്നത്. ഏറെ ആലോചനകൾക്കും വാദവിവാദങ്ങൾക്കും ശേഷം ഇരുപത്തിഅയ്യായിരം രൂപ കേരളാപ്രസ്സ് അക്കാദമിയെ ഏല്പിക്കാൻ തീരുമാനിച്ചു. അന്ന് ടി.കെ.ജി. നായരായിരുന്നു അക്കാദമിയുടെ ചെയർമാൻ. അക്കാദമി സസന്തോഷം ആ തുക സ്വീകരിച്ചു. തൃശ്ശൂരിൽ നടന്ന ചടങ്ങിൽ വെച്ച് 1982 ഫെബ്രുവരി 12 ന് (നമ്പ്യാരുടെ ഒന്നാം ചരമ വാർഷിക ദിനത്തിൽ) ചെയർമാൻ ആ സംഖ്യ ഏറ്റുവാങ്ങി.

എല്ലാ വർഷവും നമ്പ്യാരുടെ ചരമദിനമായ ഫെബ്രുവരി 12 ന് മലയാളത്തി ലെ ഒരു പത്രപ്രവർത്തകന് 2500 രൂപയുടെ അവാർഡും പ്രശസ്തി പത്രവും നല്കാനായിരുന്നു നിശ്ചയം. യോഗത്തിൽ എക്സ്പ്രസ്സ് പത്രാധിപരായി രുന്ന കെ.ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പി.കെ. രഘുപതി, ഈ ലേഖകൻ, എം.പി.വീരേന്ദ്രകുമാർ, അഡ്വ. പുഴങ്കര ബാലനാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.



കരുണാകരൻ നമ്പ്യാരുടെസ്മരണക്ക് വർഷം തോറും അവാർഡു നല്കാൻ എക്സ്പ്രസ് ജർണലിസ്റ്റ് യൂണിയൻ ട്രസ്റ്റ് അക്കാദമിക്ക് ഏല്പിച്ച തുക സ്വീകരിച്ചുകൊണ്ട് ചെയർമാൻ ടി.കെ.ജി. നായർ പ്രസംഗിക്കുന്നു. അഡ്വ. പുഴങ്കര ബാലനാരായണൻ, പി.ശ്രീധരൻ, പി.കെ.രഘുപതി, കെ.ബാലകൃഷ്ണൻ, എം.പി. വീരേന്ദ്രകുമാർ എന്നിവരെ കാണാം.

കേരളാപ്രസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ നല്കുന്ന ആദ്യത്തെ അവാർഡാണ് ''വി. കരുണാകരൻ നമ്പ്യാർ അവാർഡ്'' എന്ന ബഹുമതി ഈ അവാർഡിനുണ്ട്. ആദ്യത്തെ അവാർഡ് നേടിയത് മാതൃഭൂമി ലേഖകൻ സണ്ണിക്കുട്ടി എബ്രഹാം ആണ്. നമ്പ്യാർ സ്മാരക അവാർഡിനെ തുടർന്നാണ് ചൊവ്വര സ്മാരക അവാർഡും മറ്റുള്ളഅവാർഡുകളും അക്കാദമിയുടെ ആഭിമുഖ്യത്തിൽ കൊടുത്തു തുടങ്ങിയത്.

താൻ സഹോദരന്മാരെപ്പോലെ സ്നേഹിച്ച സഹപ്രവർത്തകർ തനിക്കർപ്പിച്ച ആദരാഞ്ജലിയാണ് അക്കാദമി അവാർഡായി രൂപാന്തരം പ്രാ

പിച്ചതെങ്കിൽ താൻ ഇരുപത്തിയഞ്ചു വർഷം സേവിക്കുകയും ജീവിക്കുകയും ചെയ്ത തൃശ്ശൂർ നഗരം നമ്പ്യാരെ എക്കാലവും ഓർമ്മിക്കാനുള്ള ഒരു സ്മാരകത്തിനു "വഴി"യൊരുക്കി. നഗരത്തിലെ ഏറ്റവും പുതിയതും വിശാലവും വിമോഹനവുമായ രാജവീഥി നമ്പ്യാരുടെ പേരിലാണ്. വടക്കെ പ്രദക്ഷിണ വഴിയിൽ നിന്ന് ഇരുവഴിയായി പിരിഞ്ഞ് വടക്കോട്ടു പോയി ഹൈവേയിലെത്തുന്ന "വി. കരുണാകരൻ നമ്പ്യാർ റോഡ്"- ഈ റോഡിന് ഇന്ത്യയുടെ ഭൂപടത്തിൽ തന്നെ സ്ഥാനമുണ്ട്. കാരണം എക്കൗണ്ടന്റ് ജനറൽ ആപ്പീസും ടെലികമ്മ്യൂണിക്കേഷൻ ആപ്പീസും സ്ഥിതി ചെയ്യുന്നത് ഈ റോഡിലാണ്.

കേരളത്തിലെന്നല്ല ഇന്ത്യയിൽ തന്നെ മറ്റൊരു പത്രപ്രവർത്തകന്റെ പേരിലും ഇങ്ങനെയൊരു റോഡുള്ളതായി അറിവില്ല.




എക്സ്പ്രസ് ജർണലിസ്റ്റ് യൂണിയൻ പ്രസിദ്ധീകരിച്ച കരുണാകരൻ നമ്പ്യാർ സ്മരണികയുടെ കവർ പേജ്

## അനുബന്ധം-1

# ആകസ്മിക പ്രത്യവഭാസ്സ്

ഈ വരികൾ കുറിക്കുമ്പോൾ മനസ്സിലും മിഴികളിലും ആ രൂപം നിറഞ്ഞുനിൽക്കുന്നു. ഞങ്ങളുടെയെല്ലാം ആചാര്യനും അഭ്യുദയകാംക്ഷിയും ആത്മ സുഹൃത്തുമായിരുന്ന ആ മനുഷ്യൻ ഇന്നൊരു സ്മരണ മാത്രമാണ്- ഇനിയങ്ങോട്ടുള്ള യാത്രയിൽ ആശയും ആവേശവും ആത്മധൈര്യവും പകർന്നു തരാനുള്ള മരണമില്ലാത്ത സ്മരണ.

ഇത്രയും കാലത്തെ ജീവിതത്തിനിടയിൽ സഹപ്രവർത്തകരിലാരോടെങ്കിലും ഒരു കറുത്ത വാക്ക് അദ്ദേഹം പറഞ്ഞിട്ടില്ല.

മാനേജിങ് എഡിറ്റർ മുതൽ മെസഞ്ചർ ബോയ് വരെയുള്ള എല്ലാവരോടും സമഭാവനയോടദ്ദേഹം പെരുമാറി. എല്ലാവരും അദ്ദേഹത്തെ നമ്പ്യാർജിയെന്നു വിളിച്ചു.

സ്വാതന്ത്ര്യത്തിനു മുമ്പുള്ള നിസ്വാർത്ഥ രാഷ്ട്രീയത്തിൽ പയറ്റി തെളിഞ്ഞ് പരിപക്വതയുടെ പത്തരമാറ്റ് തങ്കമായിട്ടാണ് അദ്ദേഹം പത്ര പ്രവർത്തന ലോകത്തിലേക്കു കടന്നു വന്നത്. പൊതു ജീവിതത്തിന്റെ ചതിക്കുഴികളിലൊന്നും അദ്ദേഹം വീണിട്ടില്ല. അതുകൊണ്ടു തന്നെ പത്ര പ്രവർത്തനം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഉപജീവനത്തിനുള്ള ഉപാധിയെന്നതിലുപരി അടിയുറച്ച ആദർശങ്ങളുടെ സാക്ഷാൽക്കാരത്തിനുള്ള ആയുധമായിരുന്നു. ആമരണം ആ ആയുധം അദ്ദേഹം സമർത്ഥമായി ഉപയോഗിക്കുകയും ചെയ്തു. ഒരുവിധത്തിലുള്ള പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും അദ്ദേഹത്തിലെ സ്ഥിതപ്രജ്ഞനെ കടുകിട മാറ്റാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ലാഭമുണ്ടാക്കാവുന്ന എത്രയോ സമുന്നത പദവികൾ അദ്ദേഹത്തെ അന്വേഷിച്ചെത്തി കാത്തു കിടന്നിട്ടും അവയുടെ നേരെ തിരിഞ്ഞു നോക്കിയില്ല. തന്റെ പരിമിതമായ മണ്ഡലത്തിൽ അപരിമേയമായ ചിന്തകളുമായി ആ മനുഷ്യൻ കഴിഞ്ഞു കൂടി. സ്ഥാനമാനങ്ങൾക്കു വേണ്ടി അധികാര പീഠങ്ങൾക്കു അദ്ദേഹമൊരിക്കലും അധര സേവ നടത്തിയിട്ടില്ല.

ആകസ്മിക പ്രത്യവഭാസ്സെന്ന് സാക്ഷാൽ കുഞ്ഞുകുട്ടൻ തമ്പുരാനെക്കുറിച്ചു പറയാറില്ലേ? അതു തന്നെയായിരുന്നു നമ്പ്യാർജിയും. എതു

വിഷയത്തെക്കുറിച്ച് എപ്പോഴും വേണമെങ്കിലും ആധികാരികമായിത്തന്നെ പറയാനും എഴുതാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അനന്യസാധാരണമായിരുന്നു. പക്ഷെ അപാര സിദ്ധികളുള്ള അസാധാരണനാണ് താനെന്ന 'ജ്ഞാനബലതാം' അദ്ദേഹത്തെ തീണ്ടിയതേയില്ല. വാക്കുകളെ അസ്ത്രമായും അഗ്നിസ്ഫുലിംഗമായും ആനന്ദഭൈരവി രാഗമായും മാറ്റാറുള്ള നമ്പ്യാർജി ആ വാക്കുകളുടെയെല്ലാം അപ്പുറത്ത് കുഞ്ചൻനമ്പ്യാരെയും ചന്തുമേനോനെയും സഞ്ജയനേയും അനുസ്മരിപ്പിക്കുന്ന കുസൃതിക്കാരനായി വിരാജിച്ചു. ദുഃഖ നിർഭരവും ഗൗരവാവഹവുമായ അന്തരീക്ഷങ്ങളെ തന്റെ നർമ്മ ബോധത്തിന്റെ നറുനിലാവുകൊണ്ട് സുഖശീതളമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സ്വകാര്യദുഃഖങ്ങളെ മറന്നും മൂടിവെച്ചും അദ്ദേഹം ചിരിച്ചു. മറ്റുള്ളവരെ ചിരിപ്പിച്ചു. ആ ചിരിയിലൂടെ ചിന്തയുടെ സുന്ദര ലോകങ്ങളിലേക്ക് സുഹൃത്തുക്കളെയും വായനക്കാരെയും ആനയിച്ചു. ഏതു തിരക്കിനിടയിലും ആപ്പീസിനകത്ത് അദ്ദേഹം ആഹ്ലാദത്തിന്റെ അലമാലകളുയർത്തി. നമ്പ്യാർജിയുടെ സാന്നിധ്യമുണ്ടെങ്കിൽ ആർക്കുമതു ആത്മഹർഷമുണർത്തുന്ന അനുഭവമായിരുന്നു.

മുഖപ്രസംഗമെഴുത്ത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു കലയായിരുന്നു. ഷേക്സ്പിയറെ പറ്റി ഹാസലിറ്റ്പറഞ്ഞതു പോലെ പദകുമാരികൾ അഹമഹമികയാ അദ്ദേഹത്തിന്റെ തൂലികത്തുമ്പിൽ നൃത്തം വെച്ചു. നിന്നു റിറക്കുകയും വിതുമ്പുകയും ചെയ്യുന്ന ആ വാക്യങ്ങൾ വായനക്കാരിൽ വികാരവിചാരങ്ങളുടെ അലയടികളുയർത്തി. ഒരു കാളിദാസ പ്രയോഗം കടമെടുത്തു പറഞ്ഞാൽ ''വീചീവിക്ഷുബ്ധശീതള''മായശൈലി.

പത്ര പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുദ്ര ചാർത്തിയിരുന്നു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഒരിക്കലും വാർത്താ നിവേദനത്തെ സ്പർശിക്കരുതെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു. സഹപ്രവർത്തകരെ ആ ധർമ്മത്തിന്റെ മർമ്മം അദ്ദേഹം എപ്പോഴും ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. വാർത്താമൂല്യമുള്ളതെന്തും, അതാരുടെയുമാകട്ടെ, എന്തുമാകട്ടെ വാർത്തയാകണം. ആയേതീരൂ.

''നാം വാർത്താവാണിഭക്കാരാണ്. കഴിയുന്നതും സ്വയം വാർത്തയാകാതിരിക്കാൻ ശ്രമിക്കണം'. അദ്ദേഹം ഇടക്കിടെ ഓർമ്മപ്പെടുത്താറുണ്ട്. ഈ ഓർമ്മപ്പെടുത്തലിൽ പത്രപ്രവർത്തനത്തിന്റെ പൗരധർമ്മവും വേദവും

ഉപനിഷത്തും അടങ്ങിയിരിക്കുന്നു. "Literature is un read , Journalism is un readable" എന്നു പറഞ്ഞ ഓസ്കർവൈൽഡിനെ ഒരു പരിധി വരെ അദ്ദേഹം അംഗീകരിച്ചു. പ്രയോഗവൈകല്യങ്ങൾകൊണ്ട് അസഹനീയമായ ജർണലീസിനെ (പത്രഭാഷ)ക്കുറിച്ചോർത്ത് അദ്ദേഹം പലപ്പോഴും ദുഃഖിക്കാറുണ്ട്. രക്തവും മജ്ജയും മാംസവുമില്ലാത്ത പത്രഭാഷക്ക് മാറ്റം വരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. നാദശുദ്ധിയും അർത്ഥ ഗരിമയുമുള്ള പദങ്ങൾ തെരഞ്ഞെടുത്തു പ്രയോഗിക്കുന്നതിൽ അദ്ദേഹം തികഞ്ഞ നിഷ്ക്കർഷ കാണിച്ചു. പ്രയോഗശുദ്ധിയുടെ കാര്യത്തിൽ ഇ. എം. എസ് നമ്പൂതിരിപ്പാട് എല്ലാവർക്കും മാതൃകയാവണമെന്ന് അദ്ദേഹം ഞങ്ങളോട് പറയാറുണ്ട്. അദ്ദേഹം എന്നെയൊന്നും പഠിപ്പിച്ചിട്ടില്ല. പക്ഷെ ഈയുള്ളവൻ എന്തെങ്കിലും പഠിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം അദ്ദേഹത്തിൽ നിന്നാണ്. എന്നും പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥിയായിരുന്നു നമ്പ്യാർജി. ഭരണഘടനയെക്കുറിച്ച് അഭിഭാഷകന്മാരും കാവ്യമീമാംസയെക്കുറിച്ച് ഭാഷാപണ്ഡിതന്മാരും സാമ്പത്തിക പ്രശ്നങ്ങളെക്കുറച്ച് അർത്ഥ ശാസ്ത്രവിശാരദന്മാരും ഈ 'വിദ്യാർത്ഥി'യിൽ നിന്നും പുതിയ പുതിയ വെളിച്ചങ്ങൾ നേടി പുറത്തു പോകുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രതിഭാമണ്ഡലത്തിൽ മാർക്സും മഹാത്മാഗാന്ധിയും മമ്മടനും മാക്യവെല്ലിയും കാളിദാസനും ഷേക്സ്പിയറും ഒരു പോലെ പ്രകാശം ചൊരിഞ്ഞു. ആ പ്രകാശ ധോരണി വാമൊഴിയായും വരമൊഴിയായും മറ്റുള്ളവർക്ക് അദ്ദേഹം പകർന്നു നല്കി.

കാൽനൂറ്റാണ്ടുകാലം പത്രലോകത്തിൽ ചെങ്കോലും കിരീടവുമില്ലാതെ വാഴ്ച നടത്തിയ ആ പ്രജാപതി മറ്റുള്ളവരെ സാമന്തരായിട്ടല്ല സമശീർഷരായിട്ടാണ് കണ്ടത്. അവിടെയാണദ്ദേഹത്തിന്റെ യോഗ്യത ആരംഭിക്കുന്നതും അവസാനിക്കുന്നതും. പൂജ്യപൂജാ വ്യതിക്രമം അദ്ദേഹം ഒരിക്കലും കാണിച്ചിട്ടില്ല. ഏതു ബോറന്മാരെയും അദ്ദേഹം സഹിച്ചു.

നമ്പ്യാർജിയുടെ ഏക 'ദുഷ്യം'സിഗററ്റ് വലിയായിരുന്നു. സിഗററ്റിന്റെ കാര്യത്തിൽ താനൊരു പങ്ങട വലിയനാണെന്ന് സമ്മതിച്ചിരുന്ന നമ്പ്യാർജി അതൊരു ദൂഷ്യമാണെന്നു സമ്മതിച്ചിരുന്നില്ല. "ഈ വലി കുറെയധികം വലിച്ചാൽ അവസാനത്തെ 'വലി'യുണ്ടല്ലോ അത് വളരെക്കുറച്ചേ വേണ്ടി വരൂ" അദ്ദേഹം പറയാറുണ്ട്. എത്ര ശരി.

(കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച നമ്പ്യാരുടെ "ചിന്തകൾ, സ്പന്ദനങ്ങൾ" എന്ന ഉപന്യാസസമാഹാരത്തിന് ഗ്രന്ഥകാരനെഴുതിയ ആമുഖകുറിപ്പ്.)

# അനുബന്ധം - 2

## പത്രവും ഭാഷയും

മലയാളഭാഷയെ ദുഷിപ്പിക്കുന്നതിൽ പ്രധാനമായ പങ്കുവഹിക്കുന്നത് പത്രപ്രവർത്തകരാണ് എന്നൊരാരോപണംകുറെ കാലമായി നിലവിലുണ്ട്.

''പത്രലോകത്തിലെബ്ഭാഷ
പത്രഭാഷേതികീർത്തിതാ
നിത്യപാരായണംതാർക്കേ
കൃത്യമായർത്ഥമായിടു''

എന്നൊരാൾ കാൽ നൂറ്റാണ്ട് മുമ്പുതന്നെ പത്രക്കാരുടെ മേൽ ഒരു കുറ്റപത്രം ചുമത്തുകയുണ്ടായി. ജേർണ്ണലീസ് എന്ന് ഇംഗ്ലീഷിൽ പറയുന്നതാണ് അദ്ദേഹം പത്രഭാഷയെന്ന് മലയാളത്തിലാക്കിയതെന്നു തോന്നുന്നു. ലോകത്തിൽ എല്ലായിടത്തും പത്രക്കാർ ഈ കുറ്റാരോപണത്തിന്റെ മുമ്പിൽ മാറുകാട്ടേണ്ടിവന്നിട്ടുണ്ട്. ഇംഗ്ലീഷിൽ ശുദ്ധഭാഷയുടെ ലക്ഷണങ്ങൾ വിവരിക്കുന്ന ഫൗളർ സഹോദരന്മാരുടെ സുപ്രസിദ്ധ ഗ്രന്ഥത്തിൽ അപഭ്രംഷ്ട പ്രയോഗങ്ങൾക്ക് ഉദാഹരിച്ചിട്ടുള്ളവയിൽ ഏറിയകൂറും 'ടൈംസ്' തുടങ്ങിയ പത്രങ്ങളിൽ നിന്നാണ്. മലയാളത്തിൽ 'പ്രയോഗദീപിക' കർത്താവായസാഹിത്യപഞ്ചാനനും 'മലയാളശൈലി' നിർമ്മാതാവായ കുട്ടികൃഷ്ണമാരാരും കുറെയൊക്കെ ഈ മാതൃക പിൻതുടർന്നിരുന്നു. 'സാഹിത്യസാഹ്യ'കാരൻ ഇതിനൊരുങ്ങാത്തത് അക്കാലത്തു പത്രങ്ങൾ കുറവായതുകൊണ്ടായിരിക്കണം. ഈ പണ്ഡിതന്മാരുടെ ചുവടുപിടിച്ചു പലരും ഈ വ്യായാമത്തിൽ ഏർപ്പെട്ടിട്ടുണ്ട്. മലയാള ഭാഷയെ അധഃപതിപ്പിക്കുകയും കലുഷിതമാക്കുകയും ചെയ്യുന്ന ക്രൂരബുദ്ധികളിൽ മുമ്പന്മാർ പത്രക്കാരാണെന്നു പറയുന്നവരിൽ നല്ലൊരു വിഭാഗത്തിന് എത്രയെത്ര ഞെരുക്കങ്ങളും സമ്മർദ്ദങ്ങളും നേരിട്ടാണ് പത്രപ്രവർത്തകർ അവരുടെ ജോലി നിർവ്വഹിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നു തീർച്ചയാണ്. 'മലയാള ശൈലി'ക്ക് എം.ആർ. നായർ (സഞ്ജയൻ) എഴുതിയ അവതാരികയിൽ ഇക്കാര്യം തുറന്നു പറഞ്ഞിട്ടുണ്ട്. 'നാഴികമണിയുടെ നേരേ കണ്ണുംനട്ടിരുന്ന്', സമയവുമായി ഓട്ടപ്പന്തയം നടത്തി

യിട്ടാണ് പത്രപ്രവർത്തകർ തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നത്. പത്രങ്ങളിൽ വരുന്ന വാർത്തകളിൽ നല്ലൊരുഭാഗം തർജ്ജമയായിരിക്കുമല്ലോ. മിക്കപ്പോഴും വാർത്തയുടെ എല്ലാ ഖണ്ഡങ്ങളും കൈയിൽ കിട്ടുന്നതിനു മുമ്പു പരിഭാഷ ആരംഭിക്കേണ്ടിവരും. വാചകം മുഴുവൻ വായിക്കുന്നതിന് മുമ്പുതന്നെ പരിഭാഷ തുടങ്ങേണ്ട സന്ദർഭങ്ങളും ഉണ്ടാകും. ഭാഷയുടെ ഭംഗിയും ശൈലിയുടെ സൗന്ദര്യവും വാക്യങ്ങളുടെ ആകെത്തൂക്കവും വ്യാകരണത്തിന്റെ വിധിനിഷേധങ്ങ ളും ഗാഢമായാലോചിക്കാനോ എഴുതിയതു വീണ്ടും തേച്ചുമിനുക്കാനോ സൗകര്യം കിട്ടാത്ത അവസരമാണിതെന്നു പറയേണ്ടതില്ലല്ലോ. തർജ്ജമക്കാരുടെ സ്ഥിതി ഇതാണെങ്കിൽ പ്രാദേശിക ലേഖകൻ മാരുടെ റിപ്പോർട്ടുകൾ തിരുത്തി ശരിപ്പെടുത്തിചേർക്കാൻ പറ്റുന്ന പാകത്തിൽ പ്രസ്സിലേക്ക് അയയ്ക്കുന്നവരുടെ സ്ഥിതി ഇതിലും കഷ്ടമാണ്. നമ്മുടെ മിക്ക പത്രങ്ങൾക്കും ഒരുപക്ഷേ പ്രധാനനഗരങ്ങളിലൊഴികെ, ഭാഷ നന്നായി കൈകാര്യം ചെയ്യാൻ കഴിവുള്ള ലേഖകരുണ്ടാവുകയില്ല. അതിനാൽ അവർ അയയ്ക്കുന്ന റിപ്പോർട്ടുകൾ നല്ലഭാഷയിലാക്കുക എന്നത് അത്ര എളുപ്പമല്ല. മേശമേൽ കുന്നുകൂടി കിടക്കുന്ന വാർത്തകൾ ശരിയാക്കുക എന്നജോലിചെയ്യാൻ പലപ്പോഴും ഒന്നോരണ്ടോ ആളുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ. അവർക്കും ഈ തിരക്കിനിടയിൽ ഭാഷാഭംഗിയിൽ ദത്തദൃഷ്ടികളാകാൻ അധികം സമയം കിട്ടില്ലല്ലോ. മുഖപ്രസംഗമെഴുത്തുകാർക്കുമുണ്ട് അവരുടേതായ ചിലപ്രശ്നങ്ങൾ. പക്ഷേ താരതമ്യേന കുറച്ചധികം സമയം കിട്ടുന്നത് ഇവർക്കാണെന്ന് സമ്മതിക്കാം. അക്കാരണത്താൽതന്നെ മലയാളത്തിലെ മുഖപ്രസംഗങ്ങൾ പൊതുവെ ഭേദമാണുതാനും.

ഇത്രയും പറഞ്ഞതിൽ നിന്നു പത്രക്കാർ എന്തെഴുതിയാലും ജനങ്ങൾ അതൊക്കെ സഹിക്കണമെന്നു വാദിക്കുന്നതായി ധരിക്കരുത്. അലസതയും അശ്രദ്ധയും കൊണ്ട്, ഒഴിവാക്കാവുന്ന ധാരാളം തെറ്റുകൾ പത്രക്കാർ വരുത്തിവയ്ക്കാറുണ്ട്. ലളിതപദങ്ങൾക്കു പകരം കഠിന പദങ്ങൾ ഉപയോഗിക്കണമെന്നു നിർബന്ധമുള്ള ചിലരെ കാണാൻ കഴിയും. 'ജാർഗൺ' എന്ന് ഇംഗ്ലീഷിൽ പറയുന്ന ഒരുതരം ഭാഷാ വൈകൃതം തങ്ങൾ എന്ത് എഴുതുമ്പോഴും കുത്തിച്ചെലുത്തുന്നവരും ധാരാളമുണ്ട്. ഒരു വാക്കുമതിയാകുന്നിടത്ത് ധാരാളം വാക്ക് ഉപയോഗിക്കുക പലരുടേയും സഹജസ്വഭാവമായി തീർന്നിരിക്കുകയാണ്. എന്തെഴുതുമ്പോഴും വൃഥാ സ്ഥൂലത അനിവാര്യമായി വന്നുചേരുന്ന ശീലം പലർക്കുമുണ്ട്. ചിലമലയാള പദങ്ങൾക്ക് പകരം

സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നതിലാണ് ചിലർക്ക് ഭ്രമം. മറ്റുചിലർ ഇംഗ്ലീഷ് ശൈലികൾ വാക്കിനു വാക്കായി തർജ്ജമ ചെയ്യുന്നതിൽ രസം അനുഭവിക്കുന്നു. ഇംഗ്ലീഷിൽ ചിന്തിച്ചു മലയാളത്തിലെഴുതി വായനക്കാരനെ അമ്പരപ്പിക്കുന്നവരും അപൂർവ്വമല്ല. ചിലർക്ക് എപ്പോഴും കർമ്മണി പ്രയോഗം നിർബ്ബന്ധമുള്ളതുപോലെ തോന്നുന്നു.

ഇവയ്ക്കെല്ലാം ഉദാഹരണങ്ങൾ സുലഭമാണ്. പലപ്പോഴായി പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളവയുമാണ്. പാമ്പുകടിച്ചു മരിച്ചു എന്നെഴുതിയ പത്രറിപ്പോർട്ടരോട് പട്ടാമ്പിയോ തൃപ്പൂണിത്തുറയോ ഉള്ളതാണോ എന്നൊരു സരസൻ ചോദിച്ചുവത്രേ. പട്ടാമ്പിയും തൃപ്പൂണിത്തുറയും സംസ്കൃതപഠനത്തിന് പ്രസിദ്ധിപെറ്റ സ്ഥലങ്ങളാണല്ലോ. ലളിതവും സുഗ്രഹവുമായി ശുദ്ധമലയാളത്തിൽ പറയാവുന്നേടത്ത് ആവശ്യമില്ലാതെ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നതു നല്ല പത്രപ്രവർത്തനത്തിന്റെ ലക്ഷണമല്ല. കണ്ടു എന്നു പറയുന്നതിനു പകരം അക്ഷിക്കുലക്ഷീഭവിച്ചു എന്നും സംസാരം നിർത്തു എന്നു പറയുന്നതിനു പകരം 'ഭവാന്റെ വർണ്ണനാതാന്തമായ ഭാരതിയെ വിശ്രാന്തയാക്കൂ' എന്നും പറഞ്ഞുകേട്ടാൽ ഒരു സാധാരണ മലയാളിക്കു തോന്നുന്ന പരിഹാസ്യത ഇത്തരം റിപ്പോർട്ടുകൾ വായിക്കുമ്പോഴും തോന്നുമെന്നോർക്കണം. കർമ്മണി പ്രയോഗ ഭ്രാന്തും സംസ്കൃത പാരമ്പര്യത്തിൽ നിന്നും നമുക്ക് കൈവന്നതാണെന്നു തോന്നുന്നു. നമ്മുടെ പത്രറിപ്പോർട്ടർമാർക്ക് ഇന്ന് ഈ ഭ്രാന്ത് കലശലായി തീർന്നിട്ടുണ്ട്. അവരുടെ കണ്ണിൽ ഒരൊറ്റ യോഗമെങ്കിലും നടത്തിയതായോ നടത്തുന്നതായോ കാണുകയില്ല. എല്ലാം നടത്തപ്പെടുകമാത്രമേയുള്ളൂ. അതുപോലെ ഉദ്ഘാടനം ചെയ്യലോ നിർവ്വഹിക്കലോ ഇല്ല. ചെയ്യപ്പെടലും നിർവ്വഹിക്കപ്പെടലുമേ അവർ കാണൂ. നമ്മുടെ ഭാഷയിൽ 90 ശതമാനം സന്ദർഭങ്ങളിലും കർത്തൃപ്രയോഗം കൊണ്ട് കാര്യം നടക്കുമെന്നിരിക്കേ 'കർമ്മണിയെ' അവർ കൺമണിയെപ്പോലെ കണക്കാക്കുന്നത് എന്തിനെന്ന് മനസ്സിലാകുന്നില്ല.

ഇംഗ്ലീഷിൽ ചിന്തിച്ചു മലയാളത്തിൽ എഴുതുന്നതുമൂലവും ഇംഗ്ലീഷിലെ ശൈലികളും പ്രയോഗവിശേഷണവും അങ്ങനെ തന്നെ പരിഭാഷപ്പെടുത്തുന്നതു മൂലവും എത്രയോ വൈകൃതങ്ങൾ പത്രക്കാർ വരുത്തിവയ്ക്കുന്നുണ്ട്. 'ഒരു' വിന്റെ അതിദുസ്സഹമായ ആവർത്തനം ഇതിന് ഉദാഹരണമാണ്. 'പ്രസംഗിച്ചു' എന്ന് ഒറ്റവാക്കുകൊണ്ട് കാര്യം ഭംഗിയായി പറയാവുന്നിടത്ത് ' ഒരു പ്രസംഗം ചെയ്തു' എന്നേ പലരും എഴുതാറുള്ളൂ. ഒന്നിലധികം പ്രസംഗമാണ് സാധാരണ പതിവ് എന്നുതോന്നും ഇതു

കേട്ടാൽ. അതുപോലെ ഒരാളുടെ നിര്യാണവാർത്ത റിപ്പോർട്ടു ചെയ്യുമ്പോൾ, ഇന്ന ആൾ. 'തന്റെ അറുപതാം വയസ്സിൽ മരിച്ചു' എന്നു പറഞ്ഞാലെ അവർക്ക് മതിവരൂ. 'തന്റെ ഇത്രാമത്തെ വയസ്സിലാണെന്നു കേട്ടാൽ അല്ലാതെ പിന്നെ അയാളുടെ അച്ഛന്റെ ഇത്രാമത്തെ വയസ്സിലാണോ' എന്ന ചോദ്യം അഭിജ്ഞനായ വായനക്കാരനിൽ നിന്നും പുറത്തുവന്നുപോകും. 'തന്റെ' ഇവിടെ തികച്ചും അനാവശ്യമെന്നു വ്യക്തം. വലിയ നേതാക്കളുടെ സന്ദർശന വേളകളിൽ ഭാര്യ കൂടെയുണ്ടെങ്കിൽ ഇന്നയാൾ തന്റെ ഭാര്യയോടൊപ്പം' എന്നാണ് നമ്മുടെ പത്രക്കാർ എഴുതുക. അപ്പോൾ വായനക്കാരൻ ചോദിക്കുക, സ്വതേ മറ്റുള്ളവരുടെ ഭാര്യമാരെയും കൂട്ടിയാണോ ഇദ്ദേഹം പര്യടനം നടത്താറുള്ളത് എന്നായിരിക്കും. ഇവിടെയും 'തന്റെ' എന്നത് അസംഗതമാകുന്നു എന്നു പറയേണ്ടതില്ലല്ലോ.

ശൈലികളും പ്രയോഗരീതികളും തനിത്തർജ്ജമവഴി പ്രസരിപ്പിക്കുന്നതിന് എത്രയോ ഉദാഹരണങ്ങൾ ഉണ്ട്. 'കണക്കാക്കുക എന്നു പറഞ്ഞാൽ ' ഇന്ന് തൃപ്തി വരില്ല. 'ടേക്ക് ഇൻറു അക്കൗണ്ട് ' എന്നതിനു പകരം കണക്കിൽ എടുക്കുക എന്നുതന്നെവേണം. അതുമാത്രമല്ല തീരുമാനം ചെയ്താൽ മതിയാവുന്നേടത്ത് 'തീരുമാനം എടുക്കൽ' വലിയ പ്രചാരത്തിൽ വന്നിട്ടുണ്ട്. ഇന്ന് ആരും 'വിശ്രമിക്കാറില്ല' വിശ്രമം എടുക്കലേയുള്ളൂ.

ഉദാഹരണങ്ങൾ അധികം കൊടുക്കുന്നില്ല. അതാവശ്യവുമില്ല. അല്പമൊന്നു മനസ്സിരുത്തിയാൽ നമുക്കുതന്നെ കണ്ടുപിടിക്കാവുന്നതും തിരുത്താവുന്നവയും ആണ് ഈ ദോഷങ്ങൾ.

മുമ്പിൽ നില്ക്കുന്ന മറ്റു ചിലഭാഷകളെ അപേക്ഷിച്ച് ആശയവിശദീകരണവിഷയത്തിൽ നമ്മുടെ ഭാഷയ്ക്കുള്ള കഴിവ് അല്പം കുറവാണെങ്കിലും ആധുനിക വിജ്ഞാനത്തിന്റെ എല്ലാധാരകളും ഏറെക്കുറെ തൃപ്തികരമായി പ്രപഞ്ചനം ചെയ്യാനുള്ള ശേഷി മലയാളം കൈവരിച്ചിട്ടുണ്ട്. ഈ നേട്ടത്തിനു ഭാഷാപത്രപ്രവർത്തകരോട് കടപ്പെട്ടിരിക്കുന്നു. അയവുള്ളവയും ലളിതവും ചൈതന്യധന്യവുമായ ഒരു ഭാഷാരീതി അവർ സംഭാവന ചെയ്തിട്ടുണ്ട്. മേൽ കാണിച്ച വീഴ്ചകൾ പരിഗണിച്ചുകഴിഞ്ഞാൽ മലയാളത്തിലെ പത്രഭാഷയ്ക്ക് അത്രയൊന്നും ആരുടെ മുന്നിലും നമ്രമുഖവുമായി നില്ക്കേണ്ടിവരികയില്ല.

# അനുബന്ധം - മൂന്ന്
# പത്രലോകത്തിൻെറ
# പവിത്രാഞ്ജലി

നമ്പ്യാരുടെ ഊർജ്ജസ്വലമായ ഭാഷാശൈലിയുടെ തനിമ ഒന്നു പ്രത്യേകമാണ്. യുക്തി യുക്തമായ വാദപ്രതിവാദനസാമർത്ഥ്യവും കഴിഞ്ഞ കാലസംഭവങ്ങളെക്കുറിച്ചുള്ള അത്ഭുതാവഹമായ ഓർമ്മ ശക്തിയും സമകാലിക സംഭവങ്ങളെ കുറിച്ചുള്ള അപാരമായ അറിവും കൂടി ഒന്നു ചേർന്ന് നമ്പ്യാരെ മലയാളത്തിലെ ഏറ്റവും മികച്ച മുഖപ്രസംഗമെഴുത്തുകാരനാക്കി ഉയർത്തി. മലയാള പത്രപ്രവർത്തന ചരിത്രത്തിലെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയേയും കേസരി ബാലകൃഷ്ണപിള്ളയേയും ഓർമിപ്പിക്കുന്ന ഉജ്വല മുഖ പ്രസംഗങ്ങളായിരുന്നു നമ്പ്യാരുടെതെന്ന് പറഞ്ഞാൽ അതിശയോക്തിയായിരിക്കില്ല.

(ദേശാഭിമാനി)

ബഹുമുഖമായ കഴിവുകളുടെ ഉടമയായിരുന്നു കരുണാകരൻ നമ്പ്യാർ. പെരുമാറിയിട്ടുള്ള എല്ലാ രംഗങ്ങളിലും നമ്പ്യാരുടെ സവിശേഷതയാർന്ന വ്യക്തിത്വം തിളങ്ങിനിന്നിരുന്നു. എന്നാൽ ഒരു പത്രാധിപരെന്ന നിലയിൽ നമ്പ്യാർ പ്രകടിപ്പിച്ച കഴിവ് പ്രത്യേകം പരാമർശമർഹിക്കുന്നു. തൂലികയെ അദ്ദേഹം ശക്തമായ ഒരു ആയുധമാക്കിമാറ്റി. എക്സ്പ്രസ്സിൻെറ മുഖപ്രസംഗങ്ങൾ ആ തൂലികയുടെ കരുത്ത് വിളംബരം ചെയ്തു.

(ജനയുഗം)

കേരളത്തിൽ ഏറ്റവും അധികം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്ന പത്രപ്രവർത്തക പ്രമുഖരിൽ ഒരാളായിരുന്നു കരുണാകരൻ നമ്പ്യാർ. അനന്യസാധാരണമായ ഓർമ്മ ശക്തിയുടെയും വിജ്ഞാനത്തിൻേറയും ഉടമയായിരുന്നു അദ്ദേഹം.

(കേരള ടൈംസ്)

പറയേണ്ടത് പറയേണ്ട രീതിയിലും ഭാഷയിലും പറയാനുള്ള കരുണാകരൻ നമ്പ്യാരുടെ കഴിവ് അനന്യസാധാരണമായിരുന്നു. ഈ വിഷയത്തിൽ കുഞ്ചനായിരുന്നു ഉണ്ണായിയായിരുന്നില്ല നമ്പ്യാരുടെ മാർഗ്ഗദർശി

(ജന്മഭൂമി)

ഏത് വിഷയത്തെക്കുറിച്ചും ഏത് രീതിയിലുള്ള സംശയങ്ങൾക്കും നിവാരണം കാണാൻ കരുണാകരൻ നമ്പ്യാരെ ആശ്രയിച്ചാൽ മതിയായിരുന്നു. ചടുലമായ വാഗ്ധോരണിയുടെ ഉടമയായ ഉജ്ജ്വല വാഗ്മി, ക്രാന്തദർശിയായ പത്രാധിപർ, സമുന്നതനായ പണ്ഡിതൻ, സമ്പന്നനായ സാഹിത്യകാരൻ തുടങ്ങിയ നിലകളിലും അദ്ദേഹം പ്രശോഭിച്ചിരുന്നു.

(ടെലഗ്രാഫ്)

പത്രപ്രവർത്തന രംഗത്ത് കരുണാകരൻനമ്പ്യാർ അനിഷേധ്യനായിരുന്നു എന്ന വസ്തുത വിസ്തരിച്ചാരോടും പറയേണ്ട കാര്യമില്ല. എക്സ്പ്രസ്സിലൂടെ അദ്ദേഹം എഴുതിയിരുന്ന മുഖപ്രസംഗങ്ങളുടെ തെളിച്ചവും മൂർച്ചയും ആരേയും ആകർഷിക്കുന്നതും ചിന്തിപ്പിക്കുന്നതും ആയിരുന്നു.

(ജനറൽ)

# അനുബന്ധം - നാല്
# നമ്പ്യാർ പിന്നെയും മുമ്പിൽ നിൽക്കുന്നു

എക്സ്പ്രസ്സ് അസ്സോസിയേറ്റ് എഡിറ്റർ വി. കരുണാകരൻ നമ്പ്യാരുടെ ചരമവാർത്ത എന്നെ ദുഃഖിതനാക്കുന്നു. കഴിഞ്ഞ നാല്പതോളം വർഷങ്ങളായി കേരളത്തിലെ പൊതു പ്രവർത്തനരംഗത്ത് അദ്ദേഹം നല്കിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. അതുല്യനായ പത്ര പ്രവർത്തകൻ, കൃതഹസ്തനായ സാഹിത്യകാരൻ, പുരോഗമന സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെയെല്ലാം ഉറ്റ സഖാവായ പൊതുജനസേവകൻ എന്നീ നിലകളിലെല്ലാം അവിസ്മരണീയമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു നമ്പ്യാർ

-ഇ.കെ. നായനാർ
(മുഖ്യമന്ത്രി)

ഒരു സ്വാതന്ത്ര്യ സമരസേനാനിയും സോഷ്യലിസ്റ്റ് ചിന്തകനും പ്രശസ്ത പത്ര പ്രവർത്തകനുമാണ് കരുണാകരൻ നമ്പ്യാരുടെ ദേഹവിയോഗം മൂലം നഷ്ടപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലമായി എക്സ്പ്രസ്സിനെ അദ്ദേഹത്തിന്റെ സ്വന്തം പത്രമായാണ് നമ്പ്യാർ കണ്ടിരുന്നത്. എക്സ്പ്രസ്സ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി

രുന്നു. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായൊരു നഷ്ടമാണ് നമ്പ്യാരുടെ മരണം.

-കെ. കരുണാകരൻ
(പ്രതിപക്ഷ നേതാവ്)

നമ്പ്യാരുടെ മരണവാർത്ത ഇന്നലെ തിരുവട്ടത്തു വെച്ചാണ് അറിയുന്നത്. അവിടെ ഒരു കല്യാണത്തിനു പോയിരുന്നു. ഇന്നു രാവിലെ ഇവിടെ എത്തിയ ഞാൻ തളർന്നു പോയി. ഇപ്പോഴും ആ തളർച്ച മാറുന്നില്ല. നല്ല സ്നേഹമുള്ള ആസ. എന്തോ കാര്യമായി നഷ്ടപ്പെട്ട പോലെ തോന്നുന്നു. എല്ലാവർക്കും ഇതുണ്ടല്ലോ അതാണാശ്വാസം. നിങ്ങളെ പ്രത്യേകിച്ച് ആശ്വസിപ്പിക്കേണ്ടതുണ്ടെന്നു തോന്നുന്നു. നമ്പ്യാർ പിന്നെയും മുമ്പിൽ നിൽക്കുന്നു.

-തകഴി ശിവശങ്കരപ്പിള്ള
(സാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്ന പവനന് അയച്ച കത്ത്)

കരുണാകരൻ നമ്പ്യാരുടെ നിര്യാണത്തോടെ കേരളത്തിലെ പത്രപ്രവർത്തന രംഗത്തെ തലയെടുപ്പുള്ള ഒരു പ്രതിഭാശാലിയാണ് തിരോധാനം ചെയ്തിരിക്കുന്നത്. വളരെ കൊല്ലങ്ങളായി എക്സ്പ്രസ്സ് പത്രത്തിന്റെ പത്രാധിപരായി അർപ്പണ ബോധത്തോടെ പ്രവർത്തിച്ച് സാംസ്കാരിക കേരളത്തിന്റെ വക്താവായി അംഗീകരിക്കപ്പെട്ടു പോന്ന അദ്ദേഹം ഉജ്ജ്വലനായൊരു പ്രാസംഗികനും ശക്തിയേറിയ തൂലികയുടെ ഉടമയുമായിരുന്നു.

-കെ.എം. മാത്യു
(ചീഫ് എഡിറ്റർ, മലയാള മനോരമ)

## അനുബന്ധം 5

## കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ

കരുണാകരൻ നമ്പ്യാർ നിര്യാതനായെന്ന വാർത്ത ഒരു സ്നേഹിതൻ ഫോണിലൂടെ വിളിച്ചു പറഞ്ഞപ്പോൾ ആദ്യം അവിശ്വസിക്കാനാണ് തോന്നിയത്. അത്രമേൽ കർമ്മചൈതന്യത്തിന്റേയും പ്രവർത്തന നിരതതയുടെയും പ്രതീകമായിരുന്ന നമ്പ്യാർ നമ്മുടെ ഇടയിൽ നിന്ന് അപ്രത്യക്ഷനായി എന്നോ? പൂന്താനത്തിന്റെ ശോകച്ഛായ കലർന്ന തത്വചിന്താപരമായ ആ പഴയ ഈരടി മനസ്സിൽ ഉരുവിട്ടുകൊണ്ട് സമാധാനം തേടുകയെന്നതല്ലാതെ

മറ്റൊന്നും ചെയ്യാൻ എനിക്കു തോന്നിയില്ല. ഇരുപതിലേറെ വർഷം നീണ്ടുനിന്ന തിരുവനന്തപുരത്തെ ജീവിതം മതിയാക്കി 1977ൽ ആണ് ഞാൻ വീണ്ടും തൃശ്ശിവപേരൂർ തന്നെ സ്ഥിരതാമസമാക്കിയത്. അതിനു ശേഷം മാത്രമാണ് കരുണാകരൻ നമ്പ്യാരുമായി അടുത്ത് ഇടപഴകാൻ തുടങ്ങിയതും. തൃശ്ശിവപേരൂരിൽ എക്സ്പ്രസ്സ്പത്രത്തിന്റെ പത്രാധിപരായി കരുണാകരൻ നമ്പ്യാർ വരുന്ന കാലത്ത് ഞാൻ അധികം തൃശ്ശൂർ ഉണ്ടാകാറില്ലെന്നതു മാത്രമായിരുന്നില്ല അടുപ്പമില്ലായ്മയ്ക്കു കാരണം. ഞങ്ങൾ രണ്ടു പേരുടേയും രാഷ്ട്രീയം കൂടി അതിനു കാരണമായിരുന്നു. അവസാനകാലത്തും ആ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞിരുന്നില്ല. എങ്കിലും 1977 മുതൽ ഞങ്ങളൊരുമിച്ചു ചില രംഗങ്ങളിൽ പ്രവർത്തിക്കാനും പല രംഗങ്ങളിലും കണ്ടുമുട്ടാനും ഇട വന്നതോടുകൂടി രാഷ്ട്രീയത്തിന് അതീതമായ ഒരു സൗഹൃദ ബന്ധവും അടുപ്പവും വളർന്നു വന്നു. അങ്ങനെയാണ് കരുണാകരൻ നമ്പ്യാരിലുള്ള മനുഷ്യനെ കണ്ടെത്താനും ആദരിക്കാനും സ്നേഹിക്കാനും ഇടവന്നത്. നമ്പ്യാർ ഒരേസമയം പലതുമായിരുന്നു- കരുത്തുറ്റ പത്രപ്രവർത്തകൻ, രാഷ്ട്രീയചിന്തകൻ, സാഹിത്യകാരൻ, പ്രഗത്ഭനായ വാഗ്മി, പൊതു പ്രവർത്തകൻ എല്ലാമായിരുന്നു. ഇതിൽ ഏതേതാണ് മുന്നിൽ നിന്നിരുന്നത് എന്നു പറയാൻ പ്രയാസം. അത്രമേൽ ഈ ഓരോന്നിലും അദ്ദേഹം ശോഭിച്ചിരുന്നു..................

സി.അച്യുത മേനോൻ

# തകർന്ന ഹൃദയവുമായി നമുക്കു കരയാം

ഇത്തരമൊരു കത്ത് ഈ അവസരത്തിൽ എഴുതേണ്ടി വരുമെന്ന് വിചാരിച്ചില്ല. ആകസ്മികതയാണല്ലോ ജീവതത്തിന്റെ മുഖമുദ്ര. സ്ഥാനമൊഴിയാൻ വേണ്ടി കാൽ പിന്നോക്കം വലിക്കുന്ന ഈ അവസരത്തിൽ ഉഗ്രമായ ഒരാഘാതം കൂടി തലയിൽ വന്നു വീണിരിക്കുന്നു; ശ്രീ കരുണാകരൻ നമ്പ്യാരുടെ ചരമ വാർത്ത. അക്ഷരാർത്ഥത്തിൽ തന്നെ ഞെട്ടിക്കുന്നതും അപ്രതീക്ഷിതവുമായിരുന്നു. നമ്പ്യാരുമായി അടുത്ത കാലത്തേ അടുത്തു പെരുമാറുവാൻ സാധിച്ചിട്ടുള്ളു. പക്ഷെ അതു ഗാഢ സൗഹൃദമായി വളർന്നിരുന്നു. ആ പരാകം വന്ന മനസ്സിന്റെ നൈർമ്മല്യവും കഴിവും വ്യക്തിത്വവും താനിടപെട്ട രംഗങ്ങളെയെല്ലാം ശോഭനമാക്കിയിരുന്നല്ലോ. ഏതു വിഷയം നിർദ്ദേശിച്ചാലും എപ്പോഴാണെങ്കിലും ഒരു ചെറിയ മുന്നറിയിപ്പ് പോലും ഇല്ലാതിരുന്നാലും നമ്പ്യാർ ആ വിഷയത്തെപ്പറ്റി സരസ

[illegible]

വും സർവ്വംകഷവുമായ ഒരു നല്ല പ്രസംഗം ചെയ്യുമായിരുന്നു. എന്തൊരോർമ്മശക്തി. ഗതകാല വർത്തമാനകാല സംഭവങ്ങളുടെ അക്ഷയഖനി ഉള്ളിലുണ്ടല്ലോ. അക്കാദമിയെപ്പോലെ അന്തസ്സുറ്റ ഒരു സ്ഥാപനത്തിന് നമ്പ്യാരെപ്പോലെ വാക്കിലും പ്രവർത്തിയിലും ജ്ഞാനത്തിലും വിവേകത്തിലും ദൃഢനിഷ്ഠയുള്ള ഒരു നേതാവിനെ നഷ്ടപ്പെടേണ്ടി വരിക ഹൃദയ ഭേദകമാണ്. നമ്മെപ്പോലുള്ള സുഹൃത്തുക്കൾക്കു പ്രത്യേകിച്ചും, നമ്പ്യാരുടെ വീട്ടുമേൽവിലാസം എനിക്കറിയില്ല. ദയവുചെയ്ത് എൻെറ ദുഃഖവും അനുശോചനവും അവരെക്കൂടി അറിയിക്കു. അക്കാദമിക്കു വേണ്ടിയുള്ള അനുശോചനം വേണ്ടരീതിയിൽ പ്രകടിപ്പിക്കണം. അടുത്ത് കമ്മിറ്റി മീറ്റിങ്ങ് ഉണ്ടാവുമോ? ആ മുഴങ്ങുന്ന ശബ്ദവും ധാരാവാഹിയായ പ്രസംഗവും തലയാട്ടിക്കൊണ്ടുള്ള നിൽപ്പും മനസ്സിൽ നിന്നു മായുന്നില്ല.

''നഷ്ടമായതു ചിന്തിച്ചാടൽ തേടരുതെന്ന്
ശിഷ്ടന്മാർ വിധിക്കിലുമാർക്കതു സാധിച്ചീടും ''

സാധാരണക്കാരായ മനുഷ്യർക്കു കരയാതെ കഴിയില്ല. ദുഃഖിക്കാതെ കഴിയില്ല. ഇത്തവണത്തെ അക്കാദമി സെഷൻെറ അനുഭവം ആദ്യം മുതൽ അതാണല്ലോ. യുക്തി വാദിക്കുമ്പോലും വേദാന്തിയാവേ കഴിയു ആശ്വാസം തേടുവാൻ. പ്രിയസുഹൃത്തിൻെറ, സഹപ്രവർത്തകൻെറ നിത്യ വിയോഗത്തിൽ തകർന്ന ഹൃദയവുമായി നമുക്കു കരയാം. ആ പ്രിയപ്പെട്ട ആത്മാവിന് സ്നേഹാദരം നല്കാം. പ്രപഞ്ചപരാശക്തി തൻെറ ഒരു ഭാഗമായി ആ പാവനാത്മവിനേയും സ്വീകരിക്കുമാറാകട്ടെ.

ലളിതാംബികാ അന്തർജനം

(അക്കാദമി സെക്രട്ടറി പവനനയച്ച കത്ത്)

## അനുബന്ധം 6

തിരുവനന്തപുരം സെൻട്രൽ ജെയിലിലെ നക്സൽ ബ്ലോക്കിൽ തടവുകാരനായി കഴിഞ്ഞിരുന്ന വെള്ളത്തൂവൽ സ്റ്റീഫൻ 1981 ഫെബ്രുവരി 13-ന് നമ്പ്യാരുടെ ഭാര്യക്കയച്ചകത്ത്. സ്റ്റീഫൻ പിന്തുടർന്ന ''വെട്ടിനിരത്തൽ രാഷ്ട്രീയ'' ത്തിനു നമ്പ്യാർ എതിരായിരുന്നു. അവർ തമ്മിൽ പരിചയമില്ല. പരസ്പരം കണ്ടിട്ടില്ല. പക്ഷെ അക്രമികളായ നക്സലുകൾക്കു നേരെയുണ്ടായ സർക്കാരിൻെറ അതിക്രമങ്ങളെ എതിർത്തു കൊണ്ട് നമ്പ്യാർ മുഖപ്രസംഗമെഴുതിയിട്ടുണ്ട്. ഇങ്ങനെയൊരു കത്തെഴുതാൻ സ്റ്റീഫനെ

പ്രേരിപ്പിച്ച ചേതോവികാരവും അതാകണം. ഒരു കാർഡിലയച്ച കത്തിവിടെ പകർത്തട്ടെ.

''പ്രിയപ്പെട്ട അമ്മേ,

അമ്മക്കും കുടുംബാംഗങ്ങൾക്കുമുള്ള ദുഃഖത്തിൽ ഞാനും ചേരുകയാണ്. ദുഃഖങ്ങളെ അതിജീവിക്കാനുള്ള മനഃസാന്നിധ്യവും ശക്തിയും നിങ്ങൾക്കുണ്ടാവട്ടെ എന്നാശിക്കുന്നു.നിങ്ങളെ മുഖാമുഖം അറിയാത്തൊരാളാണ് ഞാൻ. എന്നാൽ ശ്രീ കരുണാകരൻ നമ്പ്യാരോട് എനിക്കുള്ള സ്നേഹാദരങ്ങൾ സീമാതീതമാണ്. നർമ്മ ബോധവും യുക്തിയുക്തതയും ആത്മാർത്ഥതയും കാര്യമാത്ര പ്രസക്തതയും ഉള്ള മുഖപ്രസംഗങ്ങളിലൂടെ അറിയുകയും അങ്ങനെ ശ്രീ. നമ്പ്യാരോടുള്ള എന്റെ മതിപ്പ് ആദരവായി വളരുകയുമാണുണ്ടായത്.എക്സ്പ്രസ് പത്രത്തിലൂടെ ധാർമ്മികമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന, കരുത്തുറ്റ പത്രധർമ്മത്തിന്റെ വക്താവായി നില്ക്കുകയും തദ്വാരാ ഒരു ഉത്തമ മാതൃക അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു. ആ സവിശേഷമായ തൂലികാചലനം നിലച്ചു. പക്ഷെ ശക്തനായ ഒരു പത്രപ്രവർത്തകനേയും എഴുത്തുകാരനേയും നാം ഒരിക്കലും വിസ്മരിക്കില്ല. മഹാന്മാരായ ഓരോ വ്യക്തികളുടെയും വേർപാട് ഒരു ശൂന്യതയും വല്ലാത്ത നഷ്ടബോധവും സൃഷ്ടിക്കുന്നു. എങ്കിലും മനുഷ്യേച്ഛക്കൊത്ത് പ്രതിരോധിക്കാനാവാത്ത ചില സ്വാഭാവിക സംഭവങ്ങൾ ഉണ്ടാകുന്നു. അകാലത്തിൽ അതു സംഭവിക്കുന്നെങ്കിൽ പോലും സഹിക്കുകയല്ലാതെ നമുക്കു നിവൃത്തിയില്ല. അതിനുള്ള സഹനശക്തി അമ്മക്കും കുടുംബാംഗങ്ങൾക്കും ഉണ്ടാവട്ടെ. എന്ന്

നിങ്ങളുടെ അഭ്യുദയകാംക്ഷി

സ്റ്റീഫൻ''

## അനുബന്ധം 7

# മറക്കാനാവാത്ത പ്രചോദനം

ഒന്നിലേറെ വട്ടം പാർലമെന്റ് അംഗമായും എം.എൽ.എ. യായും നിയമസഭാ സ്പീക്കറായും സേവനമനുഷ്ഠിച്ചിട്ടുള്ള വി.എം. സുധീരന് (എം.പി). കരുണാകരൻനമ്പ്യാർ മറക്കാനാവാത്ത പ്രചോദനത്തിന്റെ സ്രോതസ്സാണ്. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ ആരംഭിച്ച ബന്ധം ആ ഭൗതിക ശരീരം ചിതയിലെരിയുന്നതുവരെ

പുലർത്താൻ കഴിഞ്ഞത് തന്റെ ജീവിതത്തിലെ മഹാഭാഗ്യങ്ങളിലൊന്നായി സുധീരൻ കണക്കാക്കുന്നു. ''രാഷ്ട്രീയത്തിലെനിക്കു ആചാര്യന്മാരുണ്ട്. പക്ഷെ രാഷ്ട്രീയത്തിലെ അടിസ്ഥാന ഗ്രന്ഥങ്ങൾ വായിക്കാൻ എന്നെ പ്രേരിപ്പിച്ചതും പുസ്തകങ്ങൾ തന്നതും കരുണാകരൻ നമ്പ്യാരാണ്. നമ്പ്യാർജി എനിക്ക് ആദ്യം വായിക്കാൻ തന്ന പുസ്തകം എ.ജി. നൂറാണിയുടെ "Ministerial Misconduct" ആണ് '', സുധീരൻ അനുസ്മരിക്കുന്നു.

## അനുബന്ധം 8

സാദരമർപ്പിപ്പു നിൻ ചേവടികളിൽ
കേരളനാടിതാ ബാഷ്പ പുഷ്പാഞ്ജലി
ആരുമറിയാതറിയാതൊരുദിനം
സോദരാ ഞങ്ങളെ തോല്പിച്ചു പോയി നീ
പത്ര ലോകത്തിലെ ചാരുനക്ഷത്രമേ
മിത്രജനത്തിന്റെ നിത്യ പ്രകാശമേ
താങ്ങും തണലുമായ് ഞങ്ങൾക്കനാരതം
വാങ്മയ വർഷം ചൊരിഞ്ഞവനാണു നീ
മാറ്റൊലിക്കൊൾവൂ ദിഗന്തരംഗങ്ങളിൽ
മാറ്റലർ പോലും ശ്രവിക്കുമാവൈഖരി

**ഗോപാലകൃഷ്ണൻ കോലഴി**



മുകുന്ദപുരം താലൂക്കിലെ കാട്ടൂരിൽ പള്ളിപ്പുറത്തു പുത്തൻ വീട്ടിൽ ദ്രൗപതി അമ്മയുടേയും മൂക്കോനി നാണു നായരുടേയും മകനായി 1939 ഫെബ്രുവരി 16ന് ജനിച്ചു. എസ്.എസ്.എൽ.സി. പാസായശേഷം വിദ്വാൻ പരീക്ഷയ്ക്കു പഠിക്കുമ്പോൾ ചേർപ്പ് സി.എൻ.എൻ. ഹൈസ്കൂളിൽ ഒരു വർഷം മലയാളം അദ്ധ്യാപകനായി. 1965ൽ സബ് എഡിറ്റർ ട്രെയിനിയായി എക്സ്പ്രസ്സിൽ ചേർന്നു. 996 ൽ എഡിറ്റർ-ഇൻ-ചാർജായി റിട്ടയർ ചെയ്തു. എക്സ്പ്രസ് വാരികയുടെ പത്രാധിപരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാഹിത്യ പ്രവർത്തക സഹകരണ സംഘം 'അടുത്തും അകന്നും' എന്ന പേരിൽ ഒരു ഉപന്യാസ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാര്യ മൂക്കോനി പത്മാവതി. മക്കൾ ശ്രീനിവാസൻ, അമ്പിളി.